# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2021 സെപ്റ്റംബർ 23 | ദീപം 54 | നാളം 25 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org







# ഇന്ത്യയ്ക്കു നേരേ പുതിയ ശാക്തികചേരിയുടെ നിഴലാട്ടങ്ങൾ?




തോമസ് കുഴിഞ്ഞാലിൽ


ഖത്തർ തലസ്ഥാനമായ ദോഹയിൽ കഴിഞ്ഞ വർഷം ഫെബ്രുവരി 20 ന് യു.എസ്. ഭരണകൂടവും താലിബാൻ നേതൃത്വവും തമ്മിൽ ഒപ്പുവച്ച കരാറിലെ പ്രധാന നിബന്ധനകളിലൊന്ന്, അഫ്ഗാൻമണ്ണ് തീവ്രവാദികൾക്കു താവളമാക്കാൻ അനുവദിക്കുകയില്ല എന്നതായിരുന്നു. വിരോധാഭാസമെന്നു പറയട്ടെ, സെപ്റ്റംബർ ഏഴാം തീയതി താലിബാൻ പുറത്തുവിട്ട 33 അംഗ മന്ത്രിസഭയിലെ 17 പേരും ഐക്യരാഷ്ട്രസംഘടനയുടെ കരിമ്പട്ടികയിലുള്ള ഭീകരർ! ഐ.എസ്. രൂപംകൊടുത്ത സർക്കാർ

ഭീകരവാദികൾക്കു മുൻതൂക്കമുള്ള മന്ത്രിസഭാ രൂപീകരണത്തിന് പാക്ചാരസംഘടനയായ ഐ.എസ്. മുഖ്യപങ്കുവഹിച്ചു. കാബൂൾ പിടിച്ചെടുത്ത് ഒരു മാസം തികഞ്ഞിട്ടും സർക്കാർരൂപീകരണം വൈകിയതാണ് പാക്കിസ്ഥാൻ ഇടപെടാൻ കാരണം. താലിബാന്റെ സഹസ്ഥാപകൻകൂടിയായ മുല്ല അബ്ദുൾഗനി ബറാദറും സിറാജുദ്ദീൻ ഹഖാനിയും തമ്മിലായിരുന്നു അധികാരത്തർക്കം. ബറാദർ-ഹഖാനി വിഭാഗങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലുകളിൽ ബറാദർക്കു വെടിയേറ്റതായി അഭ്യൂഹങ്ങൾ പരന്നിരുന്നു. സർക്കാർരൂപീകരണത്തിനുമുമ്പ് ഐ.എസ്.ഐ. മേധാവി ലഫ്. ജനറൽ ഫയ്സ് ഹമീദ് ഇടപെട്ടാണ് പ്രശ്നങ്ങൾ പരിഹരിച്ചത്. കൊടുംഭീകരനായ സിറാജുദിനോടാണ് ഫയ്സിനു കൂടുതൽ അടുപ്പം. പാക്പ്രധാനമന്ത്രി ഇമ്രാൻ ഖാനുമായി ഏറെ അടുപ്പമുള്ള ഫയ്സ്, 2019 മുതൽ ഐ.എസ്.ഐ.യുടെ തലവനാണ്.

താലിബാനെ വീണ്ടും അധികാരത്തിലെത്തിക്കുകയെന്ന 20 വർഷം നീണ്ട പാക്കിസ്ഥാന്റെ രഹസ്യപദ്ധതിയാണ് ഇപ്പോൾ വിജയിച്ചിരിക്കുന്നത്. ഭീകരവിരുദ്ധപോരാട്ടത്തിനെന്ന പേരു പറഞ്ഞ് അമേരിക്കയിൽനിന്നു തന്ത്രപൂർവം യുദ്ധോപകരണങ്ങളും സാമ്പത്തികസഹായവും കൈപ്പറ്റുകയും തീവ്രവാദികൾക്ക് ഒളിത്താവളമൊരുക്കി വീണ്ടും ഒന്നിച്ചുകൂടാൻ അവസരം നൽകുകയും ചെയ്തത് പാക്കിസ്ഥാനാണ്.

ഇതിനിടെ കാബൂളിന് 80 കിലോമീറ്റർ വടക്കുള്ള പഞ്ച്ഷീർ താഴ്വരയിൽ താലിബാൻഭരണകൂടത്തെ എതിർക്കുന്ന വടക്കൻ സഖ്യത്തെ തോല്പിക്കാൻ പാക്കിസ്ഥാൻ വ്യോമാക്രമണം നടത്തിയതിനെതിരേ പ്രതിഷേധമുയർന്നു. 1980 കളിലെ റഷ്യൻ അധിനിവേശത്തിനെതിരേയും 1996 ലെ ആദ്യതാലിബാൻ സർക്കാരിനെതിരേയും വിജയകരമായി ചെറുത്തുനിന്ന അഹ്മ്മദ് ഷാ മസൂദിന്റെ മകനായ അഹ്മ്മദ് മസൂദാണ് വടക്കൻസൈന്യത്തിനു നേതൃത്വം നൽകുന്നത്. ഇതാദ്യമാണ് താലിബാനനുകൂലമായി പാക്കിസ്ഥാൻ പരസ്യമായി യുദ്ധത്തിനിറങ്ങിയതെന്ന പ്രത്യേകതയുമുണ്ട്. താലിബാൻ നേതാക്കളെ പ്രീണിപ്പിച്ചുനിർത്തി തങ്ങൾ അവരോടൊപ്പമുണ്ടെന്നു നടിച്ച് കൊടുംഭീകരരായ ഹഖാനികളെയും തങ്ങളുടെ രാജ്യത്തു തമ്പടിച്ചിട്ടുള്ള മറ്റു തീവ്രവാദസംഘടനകളെയും ഇന്ത്യയ്ക്കെതിരേ തിരിക്കാനുള്ള ഗൂഢതന്ത്രമാണ് പാക്സൈന്യവും ഐ.എസ്.ഐ.യും പയറ്റുന്നത്. അൽ-ഖയ്ദ, ജയ്ഷ്-ഇ-മുഹമ്മദ്, ലഷ്കർ-ഇ-തയ്ബ, ഈസ്റ്റ് ടർക്കിസ്ഥാൻ ഇസ്ലാമിക് മൂവ്മെന്റ്, ഇസ്ലാമിക് സ്റ്റേറ്റ് ഖൊറാസൻ തുടങ്ങി അര ഡസനോളം തീവ്രവാദഗ്രൂപ്പുകളുടെ സുരക്ഷിതസങ്കേതമാണ് പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും. ഇക്കഴിഞ്ഞ ഓഗസ്റ്റ് 26-ാം തീയതി കാബൂൾ വിമാനത്താവളകവാടങ്ങളിൽ ചാവേറാക്രമണം നടത്തി 13 യു.എസ്. സൈനികരടക്കം 183 പേരുടെ ജീവനെടുത്തത് ഇസ്ലാമിക് സ്റ്റേറ്റ് (ഖൊരാസൻ) ഭീകരരായിരുന്നു. കഴിഞ്ഞ 20 വർഷമായി ഇന്ത്യയുമായി സൗഹൃദത്തിൽ കഴിയുന്ന അഫ്ഗാൻജനതയെ ശത്രുതയിലാക്കുന്ന നയതന്ത്രമാണ് പാക്കിസ്ഥാൻ പരീക്ഷിക്കുന്നത്. ആഭ്യന്തരകലഹങ്ങളിലും പാശ്ചാത്യാധിനിവേശത്തിലും തകർന്നടിഞ്ഞ അഫ്ഗാനിസ്ഥാനിൽ ഇന്ത്യ ചെലവിട്ട 20000 കോടി പാഴ്വേലയായി എന്നു കരുതേണ്ടിവരും.

## പുതിയ അച്ചുതണ്ടു രൂപപ്പെടുന്നു

ഇരയെപ്പിടിക്കാൻ പതുങ്ങിയിരിക്കുന്ന സിംഹിയെപ്പോലെ അയലത്തു നടക്കുന്ന സംഭവവികാസങ്ങൾ വീക്ഷിച്ചുകൊണ്ട് ചൈന കരുക്കൾ നീക്കിത്തുടങ്ങി. താലിബാൻ ഭരണകൂടത്തെ അംഗീകരിക്കാനും അവരുമായി സൗഹൃദം പുലർത്താനും തയ്യാറാണെന്നു ചൈന പ്രഖ്യാപിച്ചുകഴിഞ്ഞു. അഫ്ഗാൻ - പാക് അതിർത്തിയോടു ചേർന്നുകിടക്കുന്ന സിൻജിയാംഗ് പ്രവിശ്യയിലെ ഭൂരിപക്ഷമുസ്ലീം ഉയ്ഗൂർവംശജരിൽ മതതീവ്രവാദം ആളിപ്പടരാതിരിക്കേണ്ടത് ചൈനയുടെ ആവശ്യമാണ്. ഇന്ത്യയ്ക്കുനേരേ രൂപപ്പെടുന്ന ഒരു പുതിയ ശാക്തികചേരിയുടെ നിഴലാട്ടം പാക്കിസ്ഥാന്റെയും ചൈനയുടെയും നീക്കങ്ങളിൽ കാണാനാകും. താലിബാൻ പിന്തുടരുന്ന കടുത്ത മതമൗലികത ഇന്ത്യാവിരോധം വർദ്ധിപ്പിക്കും. സൈനികമായും സാമ്പത്തികമായും സഹകരിച്ചുപോകുന്ന ചൈന-പാക് അച്ചുതണ്ടിന്റെ ഭാഗമായി അഫ്ഗാനിസ്ഥാനും മാറുന്നത് ഇന്ത്യയെ സംബന്ധിച്ചു ഭീതിജനകമാണ്. മൂന്നു കൂട്ടരും സൈനികമായി ഒത്തുചേർന്നാൽ കാശ്മീരിന്റെ അവശേഷിക്കുന്ന ഭാഗവും ലഡാക്കും ശത്രുകരങ്ങളിലെത്തും. മതമൗലികവാദത്തിനും തീവ്രവാദത്തിനുംപുറമേ ഇന്ത്യ ഭയക്കേണ്ടത് താമസിയാതെ രൂപപ്പെടുന്ന കാബൂൾ-ഇസ്ലാമാബാദ്-ബെയ്ജിങ് ശാക്തിക അച്ചുതണ്ടിനെയാണ്. ചൈനീസ് പ്രസിഡന്റ് ഷീ ചിൻപിങ്ങിന്റെ സ്വപ്നപദ്ധതിയായ ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവ് അല്ലെങ്കിൽ 'വൺ ബെൽറ്റ് വൺ റോഡ്' എന്ന സാമ്പത്തിക ഇടനാഴി ഇന്ത്യയുടെ ഭാഗമെന്നു കരുതിപ്പോരുന്ന പാക്അധിനിവേശകാശ്മീരിലൂടെ കടന്ന് അറബിക്കടൽത്തീരത്ത് ചൈന നിർമിച്ചു നൽകിയ ഗ്വാദർ തുറമുഖത്താണെത്തുന്നത്. ഈ സാമ്പത്തിക ഇടനാഴി പൂർത്തിയാകുന്നതോടെ ഇന്ത്യയുടെ ആശങ്ക ഇരട്ടിക്കും.

▶7

# സാമൂഹികതിന്മകൾക്കെതിരേ സമുദായങ്ങൾ ഒന്നിക്കണം



മാർ ജേക്കബ് മുരിക്കൻ

മയക്കുമരുന്നുപയോഗം കേരളത്തിൽ വ്യാപകമായിട്ട് കുറേ വർഷങ്ങളായി. മയക്കുമരുന്നു കടത്താനും വിതരണം ചെയ്യാനും മറ്റും മതത്തെ മറയാക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നു. സാമൂഹികവിരുദ്ധർ മതത്തെയും മതവുമായി ബന്ധപ്പെട്ട വിശുദ്ധനാമങ്ങളെയും ഉപയോഗിച്ച് തീവ്രവാദനിലപാടുകളിലേക്കും പ്രവർത്തനങ്ങളിലേക്കും കടക്കുന്നത്, മനുഷ്യനന്മ ആഗ്രഹിക്കുന്നവർക്ക് ഉത്കണ്ഠയോടെയേ കാണാനാവൂ. ഈയൊരു സാഹചര്യത്തിലാണ് പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ചില സാമൂഹികതിന്മകളെക്കുറിച്ച് തന്റെ വിശ്വാസിസമൂഹത്തെ ഓർമപ്പെടുത്തിയത്. ഒരു ദൈവാലയത്തിനുള്ളിൽ, സ്വന്തം സമുദായാംഗങ്ങൾ മാത്രമുള്ള ഒരു ചെറിയ സമൂഹത്തിലാണ് പിതാവ് ഇക്കാര്യം സൂചിപ്പിച്ചത്. നിർഭാഗ്യവശാൽ, അതു ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും പൊതുസമൂഹത്തിൽ തെറ്റിദ്ധാരണയ്ക്കിടയാവുകയും ചെയ്തു.

തീവ്രവാദം എല്ലാ മതവിഭാഗത്തിൽപ്പെട്ടവരിലുമുണ്ടാകാം. മതമേതുമാകട്ടെ, മതത്തെ മറയാക്കി നടക്കുന്ന സമൂഹവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ചാണ് കല്ലറങ്ങാട്ട് പിതാവ് പ്രതികരിച്ചത്. അതൊരു ജാഗ്രതാനിർദ്ദേശം മാത്രമായിരുന്നു. എന്നാൽ, സംഭവിച്ചതെന്താണ്? അദ്ദേഹം പറഞ്ഞ ചില വാചകങ്ങളെയും വാക്കുകളെയും മാത്രം സന്ദർഭത്തിൽനിന്നടർത്തിയെടുത്ത് തെറ്റിദ്ധാരണാജനകമായ വ്യാഖ്യാനങ്ങൾ നിർമിച്ചു. അതു സമൂഹത്തിൽ ആവശ്യമില്ലാത്ത വിവാദങ്ങൾക്കു വഴിവയ്ക്കുകയും ചെയ്തു. പിതാവിന്റെ പ്രസംഗത്തിന്റെ സമഗ്രസ്വഭാവവും ഉദ്ദേശ്യശുദ്ധിയും മാനിച്ചിരുന്നെങ്കിൽ, അതു വിവാദങ്ങളിലേക്കും ബഹളങ്ങളിലേക്കും വലിച്ചിഴയ്ക്കപ്പെടുകയില്ലായിരുന്നു.

മയക്കുമരുന്നുലഭ്യത വ്യാപകമായി കുട്ടികളുടെയും ചെറുപ്പക്കാരുടെയും ഇടയിലുണ്ടെന്നതു വാസ്തവമാണ്. നമ്മുടെ സ്കൂളുകളും കലാലയങ്ങളും ചുറ്റിപ്പറ്റി മയക്കുമരുന്നുലോബി സജീവമായി പ്രവർത്തിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ കുട്ടികളെ ആകർഷിക്കാനും പിന്നീട് ഇരകളാക്കാനും പോന്ന തന്ത്രങ്ങൾ അവർ സ്വീകരിക്കുന്നു. രണ്ടുമൂന്നു ഘട്ടങ്ങൾ പിന്നിട്ടതിനുശേഷമായിരിക്കും ഇതിന്റെ പാർശ്വഫലങ്ങൾ പ്രകടമാകുന്നത്. കുട്ടികൾ ഇതുപയോഗിക്കുന്നുണ്ടെന്ന് വീട്ടിലുള്ളവർപോലും ആദ്യഘട്ടങ്ങളിൽ അറിയുന്നില്ല. ഇതേക്കുറിച്ചു കുട്ടികൾക്കും മുതിർന്നവർക്കും ബോധ്യം കൊടുക്കാൻവേണ്ടിക്കൂടിയാണ് അഭിവന്ദ്യപിതാവ് ഇത്തരത്തിലുള്ള ഒരു ജാഗ്രതാനിർദ്ദേശം നല്കിയത്. മാതാപിതാക്കളാണ് ഇക്കാര്യത്തിൽ വലിയ ജാഗ്രത പുലർത്തേണ്ടത്. നമ്മുടെ കുട്ടികളും ചെറുപ്പക്കാരും ലഹരിക്കടിമകളായാൽ അവരെ തിരിച്ചുകൊണ്ടുവരിക പ്രയാസമാണ്.

സമൂഹത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന അപകടകരമായ പ്രവണതകളെക്കുറിച്ചുള്ള മുന്നറിയിപ്പാണ് കല്ലറങ്ങാട്ട് പിതാവ് പങ്കുവച്ചത്. ഇത് ഏതെങ്കിലും മതത്തിനോ സമുദായത്തിനോ എതിരല്ല. എല്ലാ മനുഷ്യർക്കും ബാധകമായ പൊതുസാഹചര്യമാണ്. സമുദായങ്ങളിലെ മഹാഭൂരിപക്ഷം വരുന്ന നല്ല വിശ്വാസികളെയും മതാചാര്യന്മാരെയും നിഷ്പ്രഭരാക്കി മതങ്ങളുടെ പേരും ചിഹ്നങ്ങളും സംജ്ഞകളും ഉപയോഗിച്ച് തീവ്രമൗലികവാദങ്ങളും സാമൂഹികവിരുദ്ധപ്രവർത്തനങ്ങളും നടത്തുന്ന വളരെ ചെറിയൊരു വിഭാഗത്തിന്റെ നടപടികളെ എല്ലാ സമുദായങ്ങളും ഗൗരവമായി കാണണമെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്. ഈ സ്ഥിതിവിശേഷത്തെ തിരുത്തിയില്ലെങ്കിൽ ഭാവിയിൽ ഉണ്ടാകാവുന്ന അപകടത്തെക്കുറിച്ചുള്ള പ്രവാചകശബ്ദമായിരുന്നു അത്. സഭയുടെ മക്കളെ സംബന്ധിക്കുന്ന, സമുദായാംഗങ്ങളെ ബാധിക്കുന്ന ഒരു പൊതുപ്രശ്നത്തെക്കുറിച്ച് ബോധവത്കരിക്കാനും തിരുത്താനും ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്നവർക്കു ചുമതലയുണ്ട്.

തീവ്രവാദവും മയക്കുമരുന്നുപയോഗവും കേരളക്കരയിലുണ്ടെങ്കിൽ, അത് അന്വേഷിച്ചു കണ്ടുപിടിക്കേണ്ടത് കേന്ദ്രത്തിലും സംസ്ഥാനത്തുമുള്ള കുറ്റാന്വേഷണ ഏജൻസികളും പോലീസ് വിഭാഗവുമൊക്കെയാണ്. കുട്ടികളുടെ ഇടയിലുള്ള മയക്കുമരുന്നുപയോഗത്തിന്റെ പിന്നിൽ യഥാർത്ഥ കുറ്റവാളികൾ മറഞ്ഞിരിപ്പുണ്ട്. ഉറവിടങ്ങളിൽ ചെന്നെത്താതെ, ഏജൻസികൾ മാത്രമാണ് അന്വേഷണഘട്ടങ്ങളിൽ പലപ്പോഴും പിടിക്കപ്പെടുന്നത്. മയക്കുമരുന്നിന് അടിമയായിപ്പോകുന്ന ഘട്ടത്തിൽ ഇത് എവിടെനിന്നു കിട്ടി, ആരു കൊണ്ടുവന്നു, ഏജൻസികളാരാണ് എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചുപോലും കുട്ടി അറിവില്ലാത്തവനായിത്തീരുന്നു എന്നതാണു യാഥാർത്ഥ്യം. എങ്ങനെ അതിനടിമയായി എന്നു പറയാനുള്ള മാനസികശേഷി പോലും അവനു നഷ്ടമാകുന്നു. പല കേസുകളിലും തെളിവുകൾ ഉണ്ടെങ്കിൽത്തന്നെ അത് അന്വേഷിക്കാനോ, കേസ് ഫയൽ ചെയ്യാനോ, വേണ്ട നടപടികൾ സ്വീകരിക്കാനോ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാകാത്തതും ഗൗരവമായി നാം എടുക്കണം.

തെറ്റിദ്ധാരണാജനകമായ പ്രചരണങ്ങൾ അവസാനിപ്പിക്കാനും തുറന്ന മനസ്സോടെ കാര്യങ്ങൾ വിലയിരുത്താനും നാമെല്ലാവരും തയ്യാറാകണം. പരസ്പരം തിരുത്താനും സാഹോദര്യത്തിൽ വളരാനും നമുക്കെല്ലാവർക്കും കഴിയണം. നാമാരും പൂർണരല്ലല്ലോ. ബോധ്യമുള്ള കാര്യങ്ങൾ വിശദീകരിച്ച് അതിന്റെ പരിണതഫലങ്ങളെക്കുറിച്ചു സമൂഹമനഃസാക്ഷി ഉണർത്തണം. ഇത് ഭാവിഭദ്രതയ്ക്കും നാടിന്റെ നന്മയ്ക്കും ആവശ്യമാണ്. ഈ നാട്ടിൽ സമാധാനം നിലനില്ക്കാനും ജനജീവിതം സുരക്ഷിതമാക്കാനുമാണിത്. രാഷ്ട്രീയ-സമുദായനേതാക്കൾ ഒരു വേദിയിലിരുന്ന് ഈ വിഷയം ചർച്ച ചെയ്യണം. സർക്കാർ ഇതിനു മുൻകൈയെടുക്കണം. തിന്മയെ ദൂരീകരിക്കാനുള്ള യജ്ഞത്തിൽ മുൻവിധികളൊന്നുമില്ലാതെ എല്ലാ മനുഷ്യരും ഒരേ മനസ്സോടെ അണിനിരക്കണം. ഭിന്നിച്ചുനിൽക്കുമ്പോൾ സമൂഹം വിഭജിതമാവുകയാണ്. തിന്മ വളർത്തണമെന്നാഗ്രഹിക്കുന്നവർ സമൂഹത്തിൽ എപ്പോഴും അകലങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. തിന്മയുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കി അകലങ്ങളില്ലാതാക്കുകയാണു വേണ്ടത്. തിന്മയ്ക്കെതിരേ എല്ലാ മനുഷ്യരും മതങ്ങളും സമുദായങ്ങളും ഒന്നിച്ചുനില്ക്കണം.

# പാലാ മാർ സ്ലീവാ മെഡിസിറ്റി മൂന്നാം വയസ്സിലേക്ക്

പാലാ: മാർ സ്ലീവാ മെഡിസിറ്റി പ്രവർത്തനസജ്ജമായ രണ്ടുവർഷം പൂർത്തിയാക്കി കേരളത്തിന്റെ ആരോഗ്യരംഗത്ത് അഭിമാനമായി മാറിയിരിക്കുന്നു. രണ്ടാം വാർഷികത്തോടനുബന്ധിച്ച് ആശുപത്രിയുടെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി രണ്ടാം ടവറിന്റെ ആശീർവാദകർമം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. സർവ്വസജ്ജമായ 150 മുറികൾ, പൊള്ളൽ ചികിത്സാ ഐസിയു, അവയവമാറ്റിവയ്ക്കൽ ഐസിയു, ഐസൊലേഷൻ ഐസിയു, മെഡിക്കൽ ഐസിയു, അന്തർദേശീയനിലവാരമുള്ള 18 സ്യൂട്ട് റൂമുകൾ എന്നിവയൊക്കെ രണ്ടാം ടവറിൽ തയ്യാറായിക്കഴിഞ്ഞു.



*പാലാ മാർ സ്ലീവാ മെഡിസിറ്റി ടവർ രണ്ടിന്റെ ആശീർവാദകർമം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ തുടങ്ങിയവർ സമീപം.*

ആശുപത്രിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് മൂന്നു സൗജന്യ പദ്ധതികളാണ് പാലാ മാർ സ്ലീവാ മെഡിസിറ്റി പ്രഖ്യാപിച്ചിരിക്കുന്നത്.

ഒന്നാമത്തേത്, പുനർജനി എന്നു പേരിട്ട ഏറ്റവും പ്രധാനപ്പെട്ട സൗജന്യചികിത്സാപദ്ധതിയാണ്. പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള അനാഥ - കാരുണ്യകേന്ദ്രങ്ങളിൽ കഴിയുന്ന നാനാജാതിമതസ്ഥരായ പാവങ്ങൾക്ക് വിദഗ്ധ ഡോക്ടർമാർ നേരിട്ടെത്തി സൗജന്യചികിത്സയും മരുന്നും നൽകുന്ന പദ്ധതിയാണിത്. മാസത്തിലെ നിശ്ചിത ഇടവേളകളിൽ വിദഗ്ധ ഡോക്ടറുമാരും സംഘവും ഈ അനാഥകേന്ദ്രങ്ങളെല്ലാം സന്ദർശിക്കും.

രണ്ടാമതായി, ഏറെ ജനപ്രീതി നേടിയ കാരുണ്യപദ്ധതിയായ കൊവിഡ് ഫൈറ്റേഴ്സിന്റെ (വീടുകളിൽചെന്ന് സൗജന്യമായി ചികിത്സിക്കുന്ന പദ്ധതി) പ്രവർത്തനം ഈ മാസം വീണ്ടും ആരംഭിക്കും. ഇതിനായി കൂടുതൽ സൗകര്യങ്ങളോടുകൂടിയ ടീമിനെ സജ്ജമാക്കിക്കഴിഞ്ഞു. പാവപ്പെട്ട മുഴുവൻ പേർക്കും തികച്ചും സൗജന്യമായി കൊവിഡ് വാക്സിനേഷൻ നൽകുന്ന 'ഞങ്ങളുണ്ട് കൂടെ' മെഗാ വാക്സിനേഷൻക്യാമ്പും മൂന്നാമത്തെ പദ്ധതിയായി ഒരുക്കിയിരിക്കുന്നു.

ആരോഗ്യപരിപാലനം എന്നത് ഒരു ഔദാര്യമല്ല അത് നമ്മുടെ അവകാശമാണെന്നും അതിലൂടെ ആരോഗ്യപരമായ ഒരു തലമുറയെ നമുക്ക് വാർത്തെടുക്കുവാൻ സാധിക്കുമെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. ചടങ്ങിൽ ബിഷപ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ, ആശുപത്രിയിലെ മറ്റ് ഡയറക്ടർമാർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

### കത്തോലിക്കാസഭ ലക്ഷ്യമാക്കുന്നത്

# സാമുദായിക ഐക്യവും സഹവർത്തിത്വവും: കെസിബിസി

കൊച്ചി: കേരളം ഗൗരവതരമായ ചില സാമൂഹികപ്രതിസന്ധികളെ അഭിമുഖീകരിക്കുന്നു എന്നുള്ളത് വാസ്തവമാണ്. അതിൽ പ്രധാനപ്പെട്ട ചിലതാണ് തീവ്രവാദപ്രസ്ഥാനങ്ങളുടെ സാന്നിധ്യവും മയക്കുമരുന്നുപഭോഗത്തിന്റെ അമ്പരപ്പിക്കുന്ന വർദ്ധനയും. മുഖ്യധാരാമാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം ഇത്തരം വിഷയങ്ങൾക്കു നൽകുന്നില്ലെങ്കിൽത്തന്നെയും ഓരോ ദിവസവും പുറത്തുവരുന്ന അനവധി വാർത്തകളിലൂടെ ഇത്തരം യാഥാർത്ഥ്യങ്ങൾ വ്യക്തമാണ്. ഐഎസ്എസ് ഉൾപ്പെടെയുള്ള തീവ്രവാദസംഘടനകൾക്കു കേരളത്തിൽ കണ്ണികളുണ്ട് എന്ന മുന്നറിയിപ്പ് വിവിധ അന്വേഷണ ഏജൻസികൾ നൽകിയിട്ടും, ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ആയിരക്കണക്കിനു കോടി രൂപയുടെ മയക്കുമരുന്ന് കേരളത്തിൽ പിടിക്കപ്പെട്ടിട്ടും ഇത്തരം സംഘങ്ങളുടെ പിന്നാമ്പുറങ്ങളെക്കുറിച്ച് വേണ്ടരീതിയിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതായി അറിവില്ല. മയക്കുമരുന്നു കച്ചവടത്തിലൂടെ ലഭിക്കുന്ന പണം തീവ്രവാദപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം ഐക്യരാഷ്ട്രസഭയുടെതന്നെ റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ, ചുരുക്കം ചില സംഘടനകൾ കേരളത്തിൽ തീവ്രവാദപ്രവർത്തനങ്ങൾ നടത്തുന്നുവെന്ന ആശങ്ക പങ്കുവയ്ക്കുകയും അതേക്കുറിച്ച് യുവജനങ്ങൾക്കു മുന്നറിയിപ്പു നൽകുകയും ചെയ്ത പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ വാക്കുകൾ വിവാദമാക്കുകയല്ല, പൊതുസമൂഹത്തിൽ ഉത്തരവാദിത്വത്തോടെ ചർച്ച ചെയ്യുകയാണ് യുക്തം.

തീവ്രവാദനീക്കങ്ങളും മയക്കുമരുന്നു മാഫിയയുടെ ഇടപെടലുകളും സംബന്ധിച്ച സാധാരണജനങ്ങളുടെ ആശങ്കകൾ ഉൾക്കൊണ്ട് അവയെക്കുറിച്ച് ശരിയായ അന്വേഷണങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. കേരളസമൂഹം നേരിടുന്ന ഇത്തരം കടുത്ത വെല്ലുവിളികൾ തുറന്നുപറയുന്നത് ഏതെങ്കിലും സമുദായത്തിനെതിരായ ആരോപണമല്ല. അത്തരം തുറന്നുപറച്ചിലുകൾ വർഗീയലക്ഷ്യത്തോടെയാണെന്ന മുൻവിധി ആശാസ്യമല്ല. പകരം, ഇത്തരം അപചയങ്ങൾ പരിഹരിച്ച് സാമൂഹികമൈത്രി നിലനിർത്താനുള്ള ചുമതല സമുദായനേതൃത്വങ്ങൾ ഏറ്റെടുക്കണം. വർഗീയധ്രുവീകരണമല്ല, സാമുദായികൈക്യവും സഹവർത്തിത്വവുമാണ് കത്തോലിക്കാസഭ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹികസൗഹൃദം എന്ന വലിയ ലക്ഷ്യത്തിനായി എല്ലാ സമുദായനേതൃത്വങ്ങളും ഒരുമിക്കുകയും സാമൂഹികതിന്മകൾക്കെതിരേ ഒറ്റക്കെട്ടായി പോരാടുകയും വേണം.

# തൊഴിലില്ലായ്മയിൽ മനമിടറി കേരളയുവത





സിൽജി ജെ. ടോം

കേരളത്തിലെ യുവാക്കൾ നേരിടുന്ന വലിയ വെല്ലുവിളിയാണ് തൊഴിലില്ലായ്മ. തൊഴിലില്ലായ്മനിരക്കിന്റെ ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണ് കേരളത്തിലേതെന്നാണ് കണക്കുകൾ പറയുന്നത്. പഠിച്ചിറങ്ങുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അവർ ഇഷ്ടപ്പെടുന്ന തൊഴിൽ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് പലരും കടൽ കടക്കുന്നതാണ് കാലങ്ങളായുള്ള രീതി. ഇപ്പോൾ കൊവിഡിന്റെ വരവ് വിദേശത്തെ തൊഴിൽ സാധ്യതകൾക്കും മങ്ങലേല്പിച്ചിരിക്കുന്നു. പലർക്കും തൊഴിൽതേടി വിദേശത്തു പോകാൻ സാധിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു.

ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ റിപ്പോർട്ട് പ്രകാരം സാക്ഷരകേരളത്തിലെ 43 ശതമാനം യുവാക്കളും തൊഴിൽരഹിതരാണ്. തൊഴിലില്ലായ്മയുടെ കാര്യത്തിൽ ജമ്മു കാശ്മീർ, രാജ്യത്ത് ഒന്നാം സ്ഥാനത്തു നിൽക്കുമ്പോൾ രണ്ടാം സ്ഥാനത്താണ് കേരളമെന്ന റിപ്പോർട്ട് ഞെട്ടിക്കുന്നതാണ്. തൊഴിൽരഹിതർ ഏറ്റവും കുറവുള്ളത് ഗുജറാത്തിലാണ്. കേരളത്തിലെ 15 നും 29 നും ഇടയിൽ പ്രായമുള്ള യുവതികൾ രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്നുവെന്നും പ്രസ്തുത റിപ്പോർട്ട് വ്യക്തമാക്കുന്നു. ഈ വിഭാഗത്തിലെ 55.7 ശതമാനം യുവതികൾ തൊഴിൽരഹിതരാണ്, യുവാക്കളിൽ 37.1 ശതമാനവും. കർണാടകയിലും തമിഴ്നാട്ടിലും തൊഴിൽരഹിതർ താരതമ്യേന കുറവാണെന്നാണ് റിപ്പോർട്ട് പറയുന്നത്. 7.1, 8.96 എന്നിങ്ങനെയാണ് ഈ അയൽസംസ്ഥാനങ്ങളിലെ തൊഴിലില്ലായ്മനിരക്ക്. കൊവിഡ് മഹാമാരിക്കുമുമ്പ് കേരളത്തിൽ 36.9 ശതമാനമായിരുന്നു തൊഴിലില്ലായ്മയെന്നും കൊവിഡ് വന്നതോടെ 43 ശതമാനമായി ഉയർന്നുവെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

എൻജിനീയറിങ് ബിരുദധാരികളും മറ്റു ഡിഗ്രികളും പ്രഫഷണൽ കോഴ്സുകളും കഴിഞ്ഞവരുമെല്ലാം അവസരങ്ങളില്ലാതെ നാമമാത്രശമ്പളത്തിൽ, കിട്ടുന്ന ജോലികൾകൊണ്ട് തൃപ്തിപ്പെടുന്ന സാഹചര്യമാണ് മുമ്പേതന്നെ കേരളത്തിലുള്ളത്.

**അതിഥിത്തൊഴിലാളികളുടെ ഇഷ്ടഭൂമി**

ഇതിനിടയിലും ശ്രദ്ധേയമായ കാര്യം അതിഥിത്തൊഴിലാളികളുടെ സ്വർഗമാണ് കേരളം എന്നതാണ്. നാട്ടിലെ യുവാക്കൾ ഭൂരിഭാഗവും തൊഴിൽതേടി കടൽ കടക്കുമ്പോൾ നാട്ടിലെ പണികൾക്ക് ഇതരസംസ്ഥാനത്തൊഴിലാളികളെത്തുന്നു. വിവിധ സംസ്ഥാനങ്ങളിൽനിന്നായി 25 ലക്ഷത്തിലേറെ തൊഴിലാളികളാണ് കേരളത്തിലുള്ളത്. കൊവിഡ് കാലത്ത് ഇവരിൽ പലരും തിരികെപ്പോയ സാഹചര്യമുണ്ട്. നിർമാണപ്രവർത്തനങ്ങളിലും മറ്റുമായി സ്വകാര്യസ്ഥാപനങ്ങളിൽപ്പോലും അന്യസംസ്ഥാനക്കാർ ജോലിക്കു കയറുമ്പോൾ സാധാരണക്കാരായ മലയാളിയുവാക്കൾ തൊഴിലില്ലാതെ അലയുന്നു. അതിഥിത്തൊഴിലാളികൾ എന്തു തൊഴിലും ചെയ്യാൻ തയ്യാറാകുമ്പോൾ മലയാളിയുവാക്കൾ നാട്ടിലെ പല തൊഴിലും ചെയ്യാൻ തയ്യാറാകുന്നില്ലെന്ന സാഹചര്യവും നിലനിൽക്കുന്നു. മലയാളിയുവാക്കൾ ഇഷ്ടപ്പെടുന്നതും മാന്യമായി വേതനം ലഭിച്ചിരുന്നതുമായ തൊഴിലുകൾ ഇന്ന് കുറഞ്ഞിരിക്കുന്നതും രൂക്ഷമായ തൊഴിലില്ലായ്മയിലേക്ക് മലയാളിയെ തള്ളിവിടുന്നു

രാജ്യത്ത് ലോക്ഡൗൺ ഏർപ്പെടുത്തിയ 2020 ഏപ്രിലിലാണ് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് പതിന്നാലു മാസത്തിലെ ഏറ്റവും ഉയർന്ന ശരാശരിയായ 17 ശതമാനത്തിലെത്തുന്നത്. മാർച്ച് മാസത്തിലെ 9 ശതമാനത്തിൽനിന്നായിരുന്നു ഇത്തരത്തിൽ തൊഴിലില്ലായ്മനിരക്കിൽ ഒരു കുതിച്ചുചാട്ടം കേരളത്തിൽ രേഖപ്പെടുത്തിയത്. ഈ സമയത്ത് തൊഴിലില്ലായ്മയുടെ ദേശീയശരാശരി 23.5 ശതമാനമായിരുന്നു.

കേരളത്തിന്റെ തൊഴിൽമേഖലയിലും പഠനസംവിധാനത്തിലും മാറ്റങ്ങൾ ആവശ്യമാണെന്നാണ് ഈ സാഹചര്യങ്ങൾ വിരൽ ചൂണ്ടുന്നത്. ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനുസരിച്ച് ഉയർന്ന വേതനം നൽകുന്നതിനു തൊഴിൽ പാക്കേജുകളും തസ്തികകളും കൊണ്ടുവരേണ്ടതുണ്ട്. തൊഴിൽസാധ്യതയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കണം. ഇന്നത്തെ സാധ്യതകൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് തൊഴിൽ സംരംഭങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ചർച്ച ഭരണതലത്തിൽ ഉണ്ടാകണം.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിലുകൾ നൽകുന്ന വ്യാപാര, കെട്ടിടനിർമാണമേഖലയിലെ കൊവിഡ്കാല പ്രതിസന്ധികളും തൊഴിലില്ലായ്മ രൂക്ഷമാക്കിയിരിക്കുന്നു. ചെറുതും വലുതുമായ നൂറുകണക്കിനു വ്യാപാരസ്ഥാപനങ്ങൾ കൊവിഡ് കാലത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അടച്ചുപൂട്ടി. പല സ്ഥാപനങ്ങളും ജീവനക്കാരെ വെട്ടിച്ചുരുക്കി. വ്യാപാരസ്ഥാപനങ്ങൾ പൂട്ടിപ്പോകുന്നതുകൊണ്ടുണ്ടാകുന്ന തൊഴിൽനഷ്ടം വളരെ വലുതാണ്. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ടെക്സ്റ്റൈൽസും റെസ്റ്റോറന്റുകളുമെല്ലാം പൂട്ടിയതുമൂലമുണ്ടായ തൊഴിൽനഷ്ടമേറെയാണ്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യുവാക്കളെ മാത്രം ബാധിക്കുന്നതല്ല. സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഇത്തരം പ്രശ്നങ്ങൾ ബാധിച്ചിട്ടുണ്ട്. ലോക്ഡൗണിനെത്തുടർന്ന് അധ്യാപകരും ടെക്കികളുമടക്കം ഒട്ടേറെപ്പേർ തൊഴിലുറപ്പുതൊഴിലാളികളായി മാറുന്നുവെന്ന വാർത്ത പുറത്തുവന്നിരുന്നു.

തൊഴിൽനഷ്ടവും അതുണ്ടാക്കുന്ന മാനസിക, സാമ്പത്തികസമ്മർദവും കടുത്ത ആഘാതമാണ് സമൂഹത്തിൽ സൃഷ്ടിക്കുന്നത്. എല്ലാ മേഖലയിലും തൊഴിലില്ലായ്മ ആഘാതം സൃഷ്ടിക്കുന്നു. ഉദ്യോഗാർത്ഥികൾ പലരും കടുത്ത സമ്മർദത്തിലൂടെയാണ് പോയിക്കൊണ്ടിരിക്കുന്നത്. പുതിയ നിയമനങ്ങളും പരീക്ഷകളുമൊക്കെ എന്നു നടക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഐ.ടി. മേഖലയിലും കൂട്ടപ്പിരിച്ചുവിടൽ നടക്കുന്നത് യുവാക്കളിൽ ആശങ്ക പടർത്തുന്നു.

കൊവിഡ് രണ്ടാം തരംഗം വ്യാപകമായതോടെ പല സംസ്ഥാനങ്ങളും ലോക്ഡൗൺ പ്രഖ്യാപിച്ചതും കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുമാണ് രാജ്യത്ത് തൊഴിലില്ലായ്മനിരക്ക് വർധിക്കാൻ കാരണം.

വലിയ രീതിയിലുള്ള തൊഴിൽ അരക്ഷിതത്വം ഇന്ന് സംസ്ഥാനത്തെ യുവജനങ്ങൾ നേരിടുന്നുണ്ട്. ലോക്ഡൗണിനു മുമ്പേതന്നെയും തൊഴിലന്തരീക്ഷം യുവാക്കൾക്ക് അനുകൂലമായ തരത്തിലായിരുന്നില്ല. അപകടകരമാംവിധത്തിൽ രോഗവ്യാപനം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യം കൂടി വന്നത് കടുത്ത വെല്ലുവിളികളാണ് തൊഴിൽരംഗത്തു സൃഷ്ടിച്ചിരിക്കുന്നത്.

കൊവിഡിനോടൊപ്പം തൊഴിലില്ലായ്മയും പടരുന്നത് യുവാക്കളുൾപ്പെടെയുള്ളവരിൽ കടുത്ത മാനസികസമ്മർദം ഉണ്ടാക്കുന്നു എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. സാമ്പത്തികബുദ്ധിമുട്ടുകളും മാനസികസമ്മർദങ്ങളുംമൂലം അടുത്തിടെ ആത്മഹത്യകളുടെ എണ്ണത്തിൽ വലിയ വർധനയാണ് ഉണ്ടായിരിക്കുന്നത്. കൊവിഡ്കാലമൊരുക്കിയ നിലവിലെ സാഹചര്യങ്ങളെയും സമ്മർദങ്ങളെയും ശുഭാപ്തിവിശ്വാസത്തോടെ അതിജീവിക്കാൻ യുവതയ്ക്കുമുമ്പിൽ സാഹചര്യങ്ങളൊരുങ്ങട്ടെ.

■

# അപരിചിതരുമായി അടുപ്പം സ്ഥാപിക്കുമ്പോൾ



അഡ്വ. ചാർളി പോൾ

സമൂഹമാധ്യമങ്ങളിലൂടെ അപരിചിതരുമായി അടുപ്പം സ്ഥാപിക്കുമ്പോൾ പെൺകുട്ടികൾക്കു സംഭവിക്കുന്ന ജാഗ്രതക്കുറവിന് ഉദാഹരണങ്ങൾ ധാരാളം. പോലീസും മാധ്യമങ്ങളും മറ്റു ബന്ധപ്പെട്ടവരും എത്രയോ വട്ടം മുന്നറിയിപ്പുകൾ നൽകിയിട്ടും പ്രണയ പ്രതികാരക്കൊലകൾ നടക്കുകയാണ്. തങ്ങൾക്കു ചതി പറ്റില്ലെന്നും തങ്ങളുടെ അടുപ്പക്കാരൻ അങ്ങനെയുള്ളയാളല്ലെന്നും ഓരോരുത്തരും കരുതുന്നു.

മാനസികവും ബൗദ്ധികവുമായ അടുപ്പത്തിലൂടെയുള്ള പ്രണയബന്ധമല്ല, നവമാധ്യമങ്ങളിലൂടെയുള്ള വലവീശിപ്പിടിത്തമാണ് പല സംഭവങ്ങളിലും കാണാൻ കഴിയുന്നത്. നവമാധ്യമങ്ങളിലൂടെ യാദൃച്ഛികമായി പരിചയപ്പെടുക, നിർദോഷമായി ചാറ്റിങ്ങിലൂടെ അതു വളർന്ന് അടുപ്പമാവുക, ആ അടുപ്പം പ്രണയമാണെന്നു കരുതുക, കൂടുതൽ അടുത്തറിയുമ്പോൾ ഒത്തുപോകാൻ പറ്റില്ലെന്നു കണ്ട് പിന്മാറുക, അതു പിന്നീട് പകയായി മാറുകയും അപവാദപ്രചരണവും അതിക്രമവും തുടർന്ന് ആത്മഹത്യയിലോ കൊലപാതകത്തിലോ കലാശിക്കുക. ഇതാണ് ഇത്തരം സംഭവങ്ങളിൽ ആവർത്തിക്കപ്പെടുന്നത്.

വ്യക്തിത്വവൈകല്യങ്ങൾ, സംശയരോഗംപോലുള്ള മാനസികപ്രശ്നങ്ങൾ എന്നിവ ഇത്തരം പെരുമാറ്റങ്ങൾക്കു കാരണമാകാം. സാമൂഹികവിരുദ്ധവ്യക്തിത്വം (ആന്റി സോഷ്യൽ പേഴ്സണാലിറ്റി ഡിസോർഡർ) ഉള്ള ആളുകൾ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള സാധ്യത കൂടുതലാണ്.

ഇത്തരക്കാർക്ക് ഇര തന്നിൽനിന്നകലുന്നു എന്നു കണ്ടാൽ അസഹ്യമായ അസ്വസ്ഥത അനുഭവപ്പെടും. സ്വന്തം വ്യക്തിത്വത്തിൽ വലിയ മതിപ്പുള്ള ഇവർ ഈ അകല്ച്ചയെ തങ്ങളുടെ പരാജയമായിക്കണ്ട് വലിയ പ്രതികാരത്തിനു മുതിരുന്നു. ഇവർ ഇരയുടെ ചുറ്റിലും നിരീക്ഷണവലയം തീർത്ത് ഇരയ്ക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കും. വരുതിയിലാകില്ലെന്നുറപ്പായാൽ ഇരയെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയും സ്വയം ഇല്ലാതാകുകയും ചെയ്യുന്നു. അതൊരു വീരകൃത്യമായിട്ടാണ് അവർക്ക് അനുഭവപ്പെടുക. ദിവസങ്ങളോളം ഉറക്കമില്ലാതെ പ്രതികാരദാഹവുമായി നടന്ന് പാളാത്ത ആസൂത്രണം നടത്തിയാണ് ഇക്കൂട്ടർ കൊല നടത്തുക. ചെയ്തുപോയ കാര്യത്തിൽ കുറ്റബോധം ഇവരിൽ മിക്കപ്പോഴും ഉണ്ടാകാറില്ല. ജനിതകകാരണങ്ങളും വളർന്ന സാഹചര്യങ്ങളും വൈയക്തികപ്രകൃതവും ഇത്തരക്കാരെ സൃഷ്ടിച്ചേക്കാം.

സമൂഹത്തിലെ ഇത്തരം പ്രശ്നങ്ങൾക്ക് ഒറ്റയടിക്കു പരിഹാരം കാണാനാകില്ല. പരിഷ്കൃതസമൂഹത്തിൽ ഇടപെടേണ്ട രീതികളെക്കുറിച്ചും ബന്ധങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ ആൺകുട്ടികളിലും പെൺകുട്ടികളിലും അവബോധമുണ്ടാക്കണം. പുതിയ കാലം സാമൂഹികബന്ധങ്ങളെ കുറയ്ക്കുകയും അവനവനിലേക്ക് ഉൾവലിയുകയും ചെയ്യുന്നത് മാനസികമായ വരൾച്ചയുണ്ടാക്കും. അതു മാറ്റി ആർദ്രതയുണ്ടാക്കുന്നതിനുള്ള സാമൂഹികപരിശ്രമങ്ങൾ നടക്കണം. ബന്ധങ്ങളിലെ പരസ്പരബഹുമാനം, സ്ത്രീപുരുഷ തുല്യത, ജനാധിപത്യബോധം എന്നിവ കുടുംബാന്തരീക്ഷത്തിൽ നിന്നുതന്നെ പഠിക്കണം. 'നോ' എന്ന വാക്കിനെ സഹിഷ്ണുതയോടെ കേൾക്കണം. മനഃസ്സിനു താങ്ങാൻ കഴിയാത്ത കാര്യങ്ങളുണ്ടാകുമ്പോൾ മനശ്ശാസ്ത്രവിദഗ്ദ്ധരുടെ സേവനം തേടണം. അതിരുകടന്ന വൈകാരികത ഒരു മനോരോഗമാണെന്നു തിരിച്ചറിയുക.

നവമാധ്യമങ്ങളിലൂടെ അപരിചിതരുമായി ബന്ധങ്ങൾ സ്ഥാപിക്കരുത്. ചതിയുടെ ലോകമാണത്. വ്യക്തികളെക്കുറിച്ചു പഠിക്കാതെ സൗഹൃദംപോലും കാണിക്കരുത്. ഭാവിയിൽ ബ്ലാക്ക് മെയിലിങ്ങിനു സാധ്യതയുണ്ടെന്നു കരുതിവേണം ഇടപെടലുകൾ. ഒത്തുപോകാൻ പറ്റാത്ത ബന്ധങ്ങളിൽനിന്ന് സാവധാനത്തിൽ നയപരമായി വേണം പിന്മാറ്റം നടത്തുവാൻ. ബന്ധങ്ങളുടെ അതിർവരമ്പുകൾ നിർണയിക്കുവാൻ പ്രാപ്തരാകുക. മാനസികാരോഗ്യം കൈവരിക്കുക.

■



മിനി സുരേഷ്



# മറവിയുടെ മറുതീരങ്ങളിൽ



**ലോ**കത്തെ വൃദ്ധജനങ്ങളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ. വാർധക്യസംബന്ധമായ രോഗാവസ്ഥകളിൽ ഏറ്റവും പ്രധാനമാണ് മേധാക്ഷയം അഥവാ അൽഷിമേഴ്സ്. മറവിരോഗത്തിന്റെ തീവ്രത അറിയുമ്പോൾ മാത്രമേ ഓർമ എത്ര അനുഗ്രഹമാണെന്ന് നമുക്കു മനസ്സിലാകുകയുള്ളൂ.

1906 ൽ അലോയ് അൽഷിമർ എന്ന ജർമൻ ന്യൂറോളജിസ്റ്റാണ് ഈ രോഗത്തെക്കുറിച്ചുള്ള ശാസ്ത്രീയവിവരങ്ങൾ ആദ്യമായി ലോകത്തിനു നൽകിയത്. തലച്ചോറിലെ നാഡീകോശങ്ങൾ നശിച്ച് മൃതമായി തലച്ചോറു ചുരുങ്ങിവരുന്ന അവസ്ഥയാണ് ഈ രോഗത്തിലുണ്ടാവുന്നത്. മൃതമായ നാഡീകോശങ്ങളെ പുനർജീവിപ്പിക്കുക അസാധ്യമായതിനാൽ ഈ അസുഖത്തിന് ഫലപ്രദമായ പരിഹാരം കണ്ടുപിടിക്കുവാൻ വൈദ്യശാസ്ത്രത്തിന് ഇനിയും കഴിഞ്ഞിട്ടില്ല.

അൽഷിമേഴ്സ്രോഗികൾക്കു രോഗമുണ്ടെന്ന അവസ്ഥ മനസ്സിലാക്കുവാൻപോലും കഴിയാറില്ല. മറവിയെ വാർദ്ധക്യത്തിന്റെ ഭാഗമായി തുടക്കത്തിൽ പഴിചാരുന്നു. ഓർമശക്തി പതുക്കെ കുറഞ്ഞുവന്ന് എല്ലാ ഓർമകളും മായുന്നു. കാലക്രമേണ സ്ഥലകാലബോധം, ദൈനംദിനകാര്യങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ നഷ്ടമാകുന്നു. ഭക്ഷണം കഴിച്ചതുപോലും മറന്നുപോകാറുണ്ട്. രോഗം ഘട്ടംഘട്ടമായി ഗുരുതരാവസ്ഥയിലേക്കു നീങ്ങുമ്പോൾ നിസ്സാരകാര്യങ്ങൾ ചെയ്യുന്നതിനുപോലും സാധിക്കാതെവരുന്നു. ഒടുവിൽ രോഗി പരിപൂർണ പരാശ്രയത്വത്തിലേക്കു മാറുന്നു.

രോഗം മൂർച്ഛിക്കുന്നതിനൊപ്പം പലവിധ പെരുമാറ്റവൈകല്യങ്ങളും മാനസികരോഗ ലക്ഷണങ്ങളും കാണിക്കുവാൻ തുടങ്ങും. ഇതു കുടുംബാംഗങ്ങളുമായുള്ള ബന്ധത്തിൽപ്പോലും ചില വിള്ളലുകൾ സൃഷ്ടിക്കാം. സാധനങ്ങളും വസ്തുവകകളും മോഷ്ടിക്കുന്നുവെന്ന ആരോപണമാണ് ഒന്ന്. ചിലർ സംശയാലുക്കളായിത്തീരുന്നു. ബന്ധുക്കളെ തിരിച്ചറിയാനാവാതെ, തന്നെ ആക്രമിക്കാനും അപായപ്പെടുത്താനും ശ്രമിക്കുന്നവരാണെന്ന മുൻവിധിയോടെ ഇവർ പെരുമാറുന്നു. ലക്ഷ്യബോധമില്ലാതെ വീട്ടിൽ നിന്നിറങ്ങിപ്പോകുകയും പതിവാണ്. രോഗം ഗുരുതരാവസ്ഥയിലേക്കു നീങ്ങുമ്പോൾ തീർത്തും കിടപ്പിലാകുന്നു.

**സെപ്റ്റംബർ 21**
**ലോക അൽഷിമേഴ്സ് ദിനം**

രോഗസാധ്യത പരിഗണിക്കുമ്പോൾ പാരമ്പര്യത്തെയും തള്ളിക്കളയാനാവില്ല. മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവർക്കൊക്കെ രോഗം വന്നിട്ടുണ്ടെങ്കിൽ രോഗസാധ്യത കൂടുതലായിരിക്കും.

അൽഷിമേഴ്സ്രോഗികളെ ശുശ്രൂഷിക്കുക ഏറെ വിഷമകരമാണ്. രോഗികളുടെ പ്രത്യേകതകളും രോഗത്തിന്റെ സ്വഭാവവും ഉൾക്കൊണ്ടു മുന്നോട്ടുപോകണം. രോഗികൾ പ്രകടമാക്കുന്ന വിഷാദം, മാനസികവിഭ്രമങ്ങൾ, ഉറക്കക്കുറവ് തുടങ്ങിയവ മരുന്നുകൾകൊണ്ടു നിയന്ത്രിക്കാവുന്നതാണ്. രോഗിയെ പരിചരിക്കുന്നവരുടെ മാനസികാരോഗ്യവും പ്രധാനമാണ്. നിരാശയിലേക്കു വഴുതിവീഴാതിരിക്കുവാൻ ഇവർക്കും കൗൺസെലിങ് ആവശ്യമാണ്. രോഗിയോടൊപ്പംതന്നെ, പരിചരിക്കുന്നവർക്കും കുടുംബാംഗങ്ങളുടെ പൂർണ പിന്തുണ ആവശ്യമാണ്. അൽഷിമേഴ്സ് രോഗിയായ മാതാവിന്റേയോ പിതാവിന്റേയോ പരിചരണം മക്കൾ കൂട്ടായ ഉത്തരവാദിത്വമായി കരുതേണ്ടതുമാണ്.

അൽഷിമേഴ്സ്രോഗത്തെ പ്രതിരോധിക്കുവാനുള്ള മാർഗങ്ങളൊന്നും കണ്ടുപിടിച്ചിട്ടില്ലെങ്കിലും രക്തസമ്മർദം ശരിയായ അളവിൽ നിലനിർത്തുക, തലയ്ക്കു ക്ഷതം പറ്റാതെ സൂക്ഷിക്കുക എന്നിവ പ്രധാനമാണ്. അൽഷിമേഴ്സ് രോഗികളുടെ നാഡീകോശങ്ങളിൽ അസറ്റെൽകോളിൻ എന്ന രാസവസ്തുവിന്റെ കുറവുള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. തലച്ചോറിൽ അതിന്റെ അളവ് വർദ്ധിപ്പിക്കുന്ന ഔഷധങ്ങളാണ് ഇന്നു ലഭ്യമായിട്ടുള്ളത്. ഇത്തരം മരുന്നുകൾ രോഗം മൂർച്ഛിക്കാതെ ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നു. മദ്യപാനം നിയന്ത്രിക്കുക, ശരിയായ ഭക്ഷണക്രമം, ചിട്ടയായ വ്യായാമം ഇവ വാർദ്ധക്യാവസ്ഥയിൽ ആവശ്യമാണ്. വയസ്സായെന്ന തോന്നലിൽ ഒതുങ്ങിക്കൂടാതെ മാനസികമായും ശാരീരികമായും പ്രവർത്തനനിരതരാകണം. ചില വൃദ്ധജനങ്ങളെ ശ്രദ്ധിച്ചിട്ടില്ലേ? അവരുടെ കൂട്ടുകെട്ട് അധികവും ചെറുപ്പക്കാരുമായിട്ടാവും. മനസ്സിന്റെ സന്തോഷവും ഊർജവും ഏതൊരു രോഗശാന്തിക്കും അത്യന്താപേക്ഷിതമാണല്ലോ.

അൽഷിമേഴ്സ്രോഗികൾക്കും കുടുംബാംഗങ്ങൾക്കും സാന്ത്വനവും സഹായവും നൽകുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് അൽഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോഡേർസ് ഓഫ് ഇന്ത്യ. വിവിധ ജില്ലകളിൽ ഇവരുടെ സേവനങ്ങളും പരിചരണകേന്ദ്രങ്ങളും നിലവിലുണ്ട്.

വാർദ്ധക്യമെന്നത് രണ്ടാം ശൈശവാവസ്ഥയാണ്. നമുക്കു ജന്മം നൽകിയ മാതാപിതാക്കളെ ശിശുവിനെ എന്നപോലെ പരിചരിക്കാൻ കഴിയുന്നത് ഭാഗ്യമായിക്കരുതാനുള്ള മനസ്സ് ഒരുക്കിയെടുക്കുക മാത്രമാണ് പ്രധാനം. ഈ ലോകത്തിൽ നമുക്കു നേടാവുന്ന പുണ്യവും അതുതന്നെയാണ്.

■

ദളം എട്ട്



മോബിൻ മോഹൻ



# എലിക്കുഞ്ഞൻ മാറ്റിയെഴുതിയ ജീവിതം

**പ**തിവുപോലെ, കഥ കേൾക്കാൻ ഉണ്ണീരിയമ്മയ്ക്കു ചുറ്റും കുഞ്ഞുണ്ണിയും അമ്മാളുവും ജോണിക്കുട്ടിയും ഇട്ടിണ്ടാനും ഒത്തുകൂടി.

"ഒരു കഥ പറയാം. ചുറ്റുപാടുകളിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് ജീവിതവിജയം നേടിയ ഒരു മനുഷ്യന്റെ കഥ"

നാൽവർസംഘം ശ്രദ്ധയോടെ കേട്ടിരുന്നു. വർഷങ്ങൾക്കു മുമ്പു നടന്ന കഥയാണ്. അമേരിക്കയിലെ കനാസ് സിറ്റിയിൽ ഒരു പ്രമുഖ പത്രത്തിന്റെ പത്രാധിപർ രോഷാകുലനായി തന്റെ കീഴ്ജീവനക്കാരനെ ക്യാബിനിലേക്കു വിളിപ്പിച്ചു. പത്രസ്ഥാപനത്തിലെ പുതിയ കാർട്ടൂണിസ്റ്റ് പയ്യനായിരുന്നു അത്. ഭയത്തോടെ തന്റെ മുന്നിൽ നിൽക്കുന്ന ചെറുപ്പക്കാരനെ പത്രാധിപർ ശകാരിക്കാൻ തുടങ്ങി:

"താങ്കളുടെ കാർട്ടൂണുകൾ വളരെ നിലവാരം കുറഞ്ഞവയാണ്. ചിന്തിപ്പിക്കാനും ചിരിപ്പിക്കാനും കാർട്ടൂണുകൾക്കു കഴിയണം. വരയ്ക്കുന്ന ആൾക്ക് നല്ല ഭാവന ഉണ്ടെങ്കിലേ അതിനു സാധിക്കൂ. താങ്കൾക്കു തീരെ ഭാവനയില്ല."

പത്രാധിപരുടെ വാക്കുകൾ ആ ചെറുപ്പക്കാരനു വലിയ ആഘാതമായി. പിന്നീട് വരച്ച ഒരു കാർട്ടൂണും മികച്ചതാക്കാൻ അവനു കഴിഞ്ഞില്ല. അങ്ങനെ പത്രത്തിലെ പണി നഷ്ടമായി.

ട്രെയിനിൽ ചായ വിറ്റും ആളുകൾക്കു ചിത്രം വരച്ചു നൽകിയുമാണ് ആ ചെറുപ്പക്കാരൻ പിന്നീട് ജീവിച്ചുപോന്നത്. ഒരിക്കൽ ഒരു പുരോഹിതൻ അവനെ ചിത്രം വരയ്ക്കാനായി പള്ളിമേടയിലേക്കു വിളിച്ചു. മേടയ്ക്കു സമീപമുള്ള ഉപയോഗശൂന്യമായ ഒരു മുറിയാണ് അവനു നൽകിയത്. വൃത്തിഹീനമായ ആ മുറിയിൽ ധാരാളം എലികളുണ്ടായിരുന്നു. ആദ്യം വലിയ ശല്യമായി അവനു തോന്നിയെങ്കിലും എലിയുടെ ചേഷ്ടകൾ അവന്റെ മനസ്സിൽ കയറിക്കൂടി. സവിശേഷമായ ഒരു ചിന്ത അവനിലേക്കു കടന്നുവന്നു. അവൻ സ്വപ്നം കാണാൻ തുടങ്ങി. അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു.

നിസ്സാരനായ ഒരു എലി



അവന്റെ ജീവിതത്തെ ആകമാനം മാറ്റിമറിച്ചു. മിക്കി മൗസ് എന്ന കാർട്ടൂൺ കഥാപാത്രം അവനിലൂടെ ജനിച്ചു. പിൽക്കാലത്ത് ആനിമേഷൻ വ്യവസായത്തിന്റെ തലതൊട്ടപ്പനായി ആ ചെറുപ്പക്കാരൻ മാറി. അത് മറ്റാരുമല്ല, വാൾട്ട് ഡിസ്നിയാണ്. മിക്കി മൗസിനെയും മിന്നി മൗസിനെയും ഡൊണാൾഡ് ഡക്കിനെയും പ്ലൂട്ടോ ഡോഗിനെയുമൊക്കെ നമുക്കു തന്ന സാക്ഷാൽ വാൾട്ട് ഡിസ്നി.

ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും കഴിയാത്ത കാർട്ടൂണുകൾ എന്നു പറഞ്ഞ് അദ്ദേഹത്തെ കളിയാക്കിയവർപോലും പിൽക്കാലത്ത് അദ്ദേഹത്തിന്റെ ആരാധകരായി മാറി. ഒരു ചെറിയ എലിയാണ് അവന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചത്.

മിക്കി മൗസ് ഒരു കാലഘട്ടത്തിന്റെതന്നെ ചിരിയായി മാറി. തന്റെ കാർട്ടൂൺ കഥാപാത്രങ്ങളിലൂടെ വാൾട്ട് ഡിസ്നി ലോകത്തെ കുടുകുടാ ചിരിപ്പിച്ചു.

ഹോളിവുഡിന്റെ ഏറ്റവും വലിയ ആനിമേഷൻ സ്റ്റുഡിയോ വാൾട്ട് ഡിസ്നിയുടേതാണ്. ചരിത്രത്തിൽ ഏറ്റവും കൂടുതൽ തവണ ഓസ്കാർ ലഭിച്ച വ്യക്തിയും വാൾട്ട് ഡിസ്നിയാണ്.

ലോകത്തിന്റെ വിനോദവ്യവസായത്തെ സജീവമാക്കിയതും ഇദ്ദേഹമാണ്.

വാൾട്ട് ഡിസ്നിതന്നെ പറഞ്ഞിട്ടുണ്ട്:

'ആദ്യം ചിന്തിക്കുക, രണ്ടാമതായി സ്വപ്നം കാണുക മൂന്നാമതായി വിശ്വസിക്കുക, ഏറ്റവും അവസാനം ധൈര്യപ്പെടുക.'

ഇതാണ് എല്ലാ വിജയത്തിലേക്കുമുള്ള വഴി.

"കഥ ഇഷ്ടമായോ കുട്ട്യോളേ"

ഉണ്ണീരിയമ്മ ചോദിച്ചു.

എല്ലാവരും സന്തോഷത്തോടെ തലയാട്ടി.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം.

മത്തായി 7:14

**എഡിറ്റോറിയൽ**

# കടബാധ്യതയും തൊഴിലില്ലായ്മയും

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടബാധ്യത മലയാളിക്കാണെന്നും ഗ്രാമീണമേഖലയിലെ കൃഷിക്കാരും സ്വയം തൊഴിലുകാരുമാണ് അതിൽ മുന്നിട്ടു നില്ക്കുന്നതെന്നും റിപ്പോർട്ടുകൾ പുറത്തുവന്നിരിക്കുന്നു. അതേസമയം, ആസ്തിമൂല്യത്തിൽ കേരളം മൂന്നാമതും എത്തിനില്ക്കുന്നു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് കഴിഞ്ഞ ദിവസമാണ് സംസ്ഥാനത്തെ കടബാധ്യതയുടെ സർവേഫലം കണക്കുകൾസഹിതം വെളിപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിൽ ഗ്രാമീണമേഖലയിൽ 2.41 ലക്ഷം രൂപയും നഗരപ്രദേശങ്ങളിൽ 2.33 ലക്ഷം രൂപയുമാണ് കുടുംബത്തിന്റെ ശരാശരി കടം. അതേസമയം, ഗ്രാമീണകുടുംബത്തിന്റെ ശരാശരി ആസ്തിമൂല്യം 24.78 ലക്ഷം രൂപയും നഗരകുടുംബത്തിന്റേത് 32.12 ലക്ഷം രൂപയുമാണ്. ആസ്തിമൂല്യത്തിൽ പഞ്ചാബിനും ഹരിയാനയ്ക്കും പിന്നിൽ മൂന്നാമതാണു കേരളം.

കേരളത്തിൽ കടബാധ്യത കൂടുതലുള്ളത് കൃഷിക്കാർക്കും സംരംഭകർക്കുമാണ്. ഏതെങ്കിലും രീതിയിലുള്ള സ്വയംതൊഴിലെടുത്തു ജീവിക്കുന്നവരാണ് സംരംഭകർ. ഗ്രാമീണമേഖലയിലെ കർഷകകുടുംബങ്ങളിൽ 57.7 ശതമാനവും കടത്തിലാണ്. 2,60,000 രൂപയാണ് സംസ്ഥാനത്തെ കർഷകകുടുംബത്തിന്റെ ശരാശരി കടമെന്നു (ആസ്തിയുടെ 7.4 ശതമാനം) സർവേ വെളിപ്പെടുത്തി. കാർഷികേതരകുടുംബങ്ങളിൽ 54.5 ശതമാനമാണ് കടബാധ്യതയിൽ കഴിയുന്നത്. ഈ കുടുംബങ്ങളുടെ ശരാശരി കടം 2,17,000 രൂപയാണ് (ആസ്തിയുടെ 18.3 ശതമാനം). രാജ്യത്തെ ഗ്രാമീണകുടുംബങ്ങളിൽ 35 ശതമാനവും നഗരകുടുംബങ്ങളിൽ 22 ശതമാനവും കടബാധ്യതയിലാണെന്നും സർവേ ചൂണ്ടിക്കാട്ടുന്നു.

കടമെടുത്തു ധൂർത്തടിച്ചതുകൊണ്ടല്ല, ആസ്തിയുണ്ടാക്കിയതുകൊണ്ടാണ് കേരളം കടബാധ്യതയിൽ മുന്നിട്ടുനില്ക്കുന്നതെന്നുകൂടി മനസിലാക്കണം. കേരളത്തിൽ പ്രത്യേകിച്ചും ഗ്രാമീണപശ്ചാത്തലത്തിൽ വ്യക്തിഗതകടബാധ്യതയുടെ ഗ്രാഫ് ഉയർന്നുനില്ക്കുന്നത്, തൊണ്ണൂറു ശതമാനത്തിലേറെപ്പേർക്കും വാസയോഗ്യമായ വീടും അനുബന്ധസൗകര്യങ്ങളുമുണ്ട് എന്നതിനാലാണ്. അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപഭോഗത്തിലും മലയാളി ഒട്ടും പിറകിലല്ല. ഒരു കുടുംബത്തിന്റെ സാമ്പത്തികമൂല്യം എത്രയുണ്ടോ അതെല്ലാം ആസ്തിയുടെ പരിധിയിൽപ്പെടും. സ്ഥലം, വീട്, കെട്ടിടങ്ങൾ, വാഹനങ്ങൾ, കാർഷികോപകരണങ്ങൾ, കാർഷികേതരസാമഗ്രികൾ, ബാങ്ക് നിക്ഷേപങ്ങൾ, ഓഹരികൾ തുടങ്ങിയവയെല്ലാം കുടുംബത്തിന്റെ ആസ്തിയാണ്. കാർഷികവിഭവങ്ങൾ ഇതിൽപ്പെടുന്നില്ല. കുടുംബബാധ്യതയുടെ നിർവചനത്തിൽ തിരിച്ചടയ്ക്കാനുള്ള പണവും വസ്തുക്കളും ഉൾപ്പെടുമെങ്കിലും, സർവേയ്ക്കാധാരമായത് തിരിച്ചുനൽകാനുള്ള പണം മാത്രമാണ്.

കേരളത്തിൽ വ്യക്തിഗതകടബാധ്യതയ്ക്കൊപ്പം തൊഴിലില്ലായ്മ പെരുകുന്നുവെന്ന യാഥാർത്ഥ്യവും നിസാരമായി തള്ളാനാവില്ല. കൊവിഡ് വ്യാപനത്തോടെയാണ് സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിലില്ലായ്മ കുതിച്ചുയർന്നത്. യുവാക്കൾ മാത്രമെടുത്താലും, എല്ലാ പ്രായവിഭാഗവും ഒന്നിച്ചെടുത്താലും തൊഴിലില്ലായ്മയിൽ രാജ്യത്ത് രണ്ടാംസ്ഥാനത്താണു കേരളം. ജമ്മു കാശ്മീരാണ് രണ്ടിനത്തിലും ഏറ്റവും മുന്നിലുള്ളത്.

വ്യക്തിഗതവായ്പയിലെ വർദ്ധനയ്ക്ക് തൊഴിൽനഷ്ടം മുഖ്യകാരണങ്ങളിലൊന്നാണ്. കൊവിഡ്കാലത്ത് നഗരങ്ങളിലേതിനെക്കാൾ ഗ്രാമീണമേഖലയിലാണ് തൊഴിൽ നഷ്ടപ്പെട്ട അവസ്ഥ രൂക്ഷമായത്. തൊഴിൽരഹിതരായവരിൽ കൂടുതലും സ്ത്രീകളുമത്രേ. ഇത് സാമ്പത്തികഭദ്രതയോടൊപ്പംതന്നെ കുടുംബഭദ്രതയെയും സാരമായി ബാധിച്ചു. വായ്പയെടുത്ത് സമയത്ത് തിരിച്ചടയ്ക്കാൻ പറ്റാതെ കടക്കെണിയിലേക്കു വീണു വീർപ്പുമുട്ടുന്ന അനേകരുണ്ടു കേരളത്തിൽ. മാനസികമായി തകർന്ന് ആത്മഹത്യയിൽ അഭയം തേടിയവരുടെ എണ്ണവും വിരളമല്ല.

കേരളത്തിലെ യുവാക്കളുടെ തൊഴിലില്ലായ്മപ്രശ്നം അതിരൂക്ഷമായത് കൊവിഡ് മൂലം വിദേശവാതിലുകൾ അടഞ്ഞുപോയതിനാലാണ്. മഹാമാരിമൂലം നാട്ടിലെത്തിയ പ്രവാസിമലയാളികൾക്ക് വിദേശത്ത് വീണ്ടും ഭദ്രമായ തൊഴിലിടങ്ങൾ ഉറപ്പിക്കാനാവുന്നില്ല എന്നതും കേരളത്തിലെ സമ്പദ്ഘടനയെ വരുംനാളുകളിൽ ദോഷകരമായി ബാധിക്കുമെന്നുറപ്പാണ്.

കേരളത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ കർമപദ്ധതികൾ സർക്കാർ വിഭാവനം ചെയ്യണം. വ്യവസായികളും നിക്ഷേപകരും സംസ്ഥാനവും രാജ്യവും വിട്ടുപോകുന്നത് സർക്കാർ സഗൗരവം പരിഗണിക്കുകയും ആവശ്യമായ സമവായചർച്ചകൾ നടത്തി പ്രതിവിധികളുണ്ടാക്കുകയും വേണം. വ്യവസായസൗഹൃദസംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാനുള്ള തീവ്രപദ്ധതികൾ സർക്കാർ അടിയന്തരമായി ആസൂത്രണം ചെയ്യുന്നപക്ഷം തൊഴിലില്ലായ്മയും കടക്കെണിയുംമൂലം വീർപ്പുമുട്ടുന്ന അനേകർക്ക് അതൊരത്താണിയായിത്തീരും. ■

# സമാധാനം അന്വേഷിക്കുന്നവർക്ക് ഉത്തരം ദിവ്യകാരുണ്യം

## മാർ ജോസഫ് പാംപ്ലാനി

സമാധാനം തേടിയലയുന്ന ലോകത്തിന് ദൈവം നല്കിയിരിക്കുന്ന നിത്യമായ ഉത്തരമാണ് വിശുദ്ധ കുർബാനയെന്ന് തലശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി. ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ 'ദിവ്യകാരുണ്യം പ്രത്യാശയുടെ ഉറവിടം' എന്ന വിഷയത്തെ ആധാരമാക്കി പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുനാഥനെ നേരിൽക്കാണുന്നതുവരെ തോമ്മാശ്ലീഹാ അനുഭവിച്ച അസ്വസ്ഥത ഈ കാലഘട്ടത്തിന്റെ മുഴുവൻ ദുഃഖത്തെ സൂചിപ്പിക്കുന്നു. ഈശോയെ കണ്ടെത്തിയ തോമ്മാശ്ലീഹായ്ക്കു ലഭിച്ച ദൈവാനുഭവം ദിവ്യകാരുണ്യംതന്നെയാണ്. കർത്താവിനെ കണ്ടെത്തിയതോടെ തോമ്മാശ്ലീഹായുടെ എല്ലാ കലഹങ്ങളും സംശയങ്ങളും അവസാനിക്കുന്നു. ദൈവത്തെ കണ്ടെത്തുന്നതിൽ കുറഞ്ഞ ഒരു നേട്ടവും മനുഷ്യനെ തൃപ്തനാക്കുന്നില്ല എന്ന സത്യമാണ് ഇതിലൂടെ വെളിവാകുന്നത് - ബിഷപ് പറഞ്ഞു.

ചരിത്രത്തിലെ ഏറ്റവും നിരാശ നിറഞ്ഞ രാത്രിയിലാണ് വിശുദ്ധ കുർബാന സ്ഥാപിക്കപ്പെട്ടത്. ഒറ്റിക്കൊടുക്കലിന്റെയും തള്ളിപ്പറയലിന്റെയും വഴിയിൽ ഒറ്റപ്പെട്ടുപോയവന്റെ ദിവ്യദാനമാണത്. നന്മയുടെമേൽ തിന്മയും ദൈവ



ത്തിന്റെമേൽ സാത്താനും വെളിച്ചത്തിന്റെമേൽ ഇരുളും വിജയംനേടുമെന്നു കരുതിയ ആ ഭയാനകരാത്രിയിലാണ് വിശുദ്ധ കുർബാന സ്ഥാപിക്കപ്പെട്ടത്. അതിനാൽത്തന്നെ പരിഹരിക്കാനാവാത്ത നിരാശയൊന്നും ലോകത്തിൽ അവശേഷിച്ചിട്ടില്ലായെന്ന് അവിടുന്നു നമ്മെ പഠിപ്പിക്കുന്നു.

ദിവ്യകാരുണ്യം നമുക്കു നല്കുന്ന പ്രത്യാശയുടെ സന്ദേശത്തെ ആഴത്തിൽ അടയാളപ്പെടുത്തുന്ന ആരാധനക്രമം പൗരസ്ത്യസുറിയാനി സഭയുടേതാണെന്ന് ബിഷപ് പാംപ്ലാനി സമർത്ഥിച്ചു. ഈ ആരാധനക്രമത്തിന്റെ ആദ്യരൂപത്തിനു സുവിശേഷങ്ങളോളം പഴക്കമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഏറ്റവും പൗരാണികമായ ആരാധനക്രമമെന്നു വിശ്വസിച്ചുപോരുന്ന അദ്ദായി-മാറി അനാഫൊറായിലെ ഓരോ പ്രതീകവും മനുഷ്യവർഗത്തിനു നല്കിയിരിക്കുന്ന പ്രത്യാശയുടെ ആഘോഷമാണ്.

ആയിരക്കണക്കിനു വിശ്വാസികൾ പങ്കെടുക്കുന്ന ദിവ്യബലിയും പഠനശിബിരവും ഓരോ ദിവസവും ദിവ്യകാരുണ്യകോൺഗ്രസിന്റെ ഭാഗമായി നടന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ക്രൈസ്തവപീഡനങ്ങൾക്കിരയായിട്ടുള്ളവരുടെ അനുഭവസാക്ഷ്യങ്ങൾ ദിവ്യകാരുണ്യകോൺഗ്രസിൽ പങ്കെടുത്തവരുടെ വിശ്വാസത്തെ ജ്വലിപ്പിച്ചു.

ഹംഗറിയിലെ സർക്കാരിന്റെ പൂർണപങ്കാളിത്തത്തിലും ആതിഥേയത്വത്തിലുമാണ് ദിവ്യകാരുണ്യകോൺഗ്രസ് നടന്നത്. ബുഡാപെസ്റ്റിലെ ഹീറോ സ്ക്വയറിൽ പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പാ മുഖ്യകാർമികത്വം വഹിച്ച ദിവ്യബലിയോടെ ദിവ്യകാരുണ്യകോൺഗ്രസ് സെപ്റ്റംബർ 12 നു സമാപിച്ചു. നൂറിലേറെ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ദിവ്യകാരുണ്യകോൺഗ്രസിൽ പങ്കെടുത്തു.

# അയൽവാസി

കഥ
ജോർജ് നെയ്യശ്ശേരി

**വ**ലിയ മതിൽക്കെട്ടിനുള്ളിലായിരുന്നു അയാളുടെ വീട്. അയാളുടെ വീടിനോടു ചേർന്നായിരുന്നു എന്റെ വീട്.

അയാളുടേതു വീടല്ല. കൊട്ടാരമാണ്. അരയേക്കർ ഭൂമിയിൽ പടുകൂറ്റൻ ബംഗ്ലാവ്.

മുമ്പ് അയാളുടെ വീടിരുന്ന സ്ഥലത്ത് ഒരു ചെറിയ വീടായിരുന്നു.

ആ അരയേക്കറിൽ നിറയെ തെങ്ങും പ്ലാവും മാവുമായിരുന്നു. പിന്നെ പേരയും ചാമ്പയും. വീടിനോടുചേർന്ന് ചേമ്പും ചേനയും പച്ചക്കറിത്തോട്ടവും.

കിടാക്കളും ആട്ടിൻകുഞ്ഞുങ്ങളും കോഴികളും സന്തോഷത്തോടെ പാർത്തിരുന്ന ഇടം.

അന്ന് എന്റെ അയൽവാസിയായിരുന്ന ആൾ നല്ലവനായിരുന്നു. ഞങ്ങൾക്കിടയിൽ ചെറിയൊരു വേലിപോലുമില്ലായിരുന്നു.

പാട്ടത്തിനു ഭൂമിയെടുത്ത് കൃഷി ചെയ്ത് കുത്തുപാളയെടുത്തവനായിരുന്നു ആ അയൽവാസി. ബാങ്കുകാർ ഈ അരയേക്കറും വീടും ജപ്തിക്കു വച്ചപ്പോൾ എവിടെനിന്നോ പൊട്ടിമുളച്ച ഒരാൾ അതു കൈക്കലാക്കി.

വീടൊഴിഞ്ഞുപോകാൻ നേരത്ത് അയാളുടെ പശുക്കളെയും ആടുകളെയും കോഴികളെയും എനിക്കു തന്നു. അതിനയാൾ വിലയൊന്നും പറഞ്ഞില്ല. എല്ലാംകൂടി വഹിക്കാനുള്ള ശേഷിയൊന്നും എനിക്കില്ലായിരുന്നു. എങ്കിലും അയാളുടെ അപ്പോഴത്തെ അവസ്ഥ അറിയാമായിരുന്നു ഞാൻ ഭാര്യയുടെ സ്വർണം പണയപ്പെടുത്തി പണം നൽകി.

അയാളുടെ കുഞ്ഞുങ്ങൾക്ക് ആട്ടിൻകുഞ്ഞുങ്ങളെ ജീവനായിരുന്നു. പോകാൻ നേരത്ത് അവർ ആട്ടിൻകുഞ്ഞുങ്ങളെ കെട്ടിപ്പിടിച്ചു കരയുന്നതുകണ്ട് എന്റെ കണ്ണുകളും നിറഞ്ഞു.

"ബേബിച്ചാ, ഈ കുഞ്ഞുങ്ങൾക്കുവേണ്ടി നീ ആട്ടിൻകുഞ്ഞുങ്ങളെ കൊണ്ടുപൊയ്ക്കോ."

"വേണ്ട ചേട്ടാ, ആട്ടിൻകുഞ്ഞുങ്ങൾ അവരുടെ തള്ളയുടെകൂടെ കഴിയട്ടെ."

നല്ലൊരു അയൽവാസിയെ എനിക്കു നഷ്ടപ്പെടുത്തിയത് ആരാണ്? അയാൾ തന്നെയോ, ബാങ്കുകാരോ അതോ പുതിയ അയൽക്കാരനോ?

എന്തായാലും പുതിയ അയൽക്കാരനോടു മാനസികമായി ഒരടുപ്പവും തോന്നിയില്ല.

പുതിയ അയൽക്കാരൻ വന്നതേ ചുറ്റും വലിയ മതിൽ തീർക്കുകയാണ് ആദ്യം ചെയ്തത്.

പിന്നീട് വൃക്ഷങ്ങളെല്ലാം തടിക്കച്ചവടക്കാർക്കു നൽകി ഭൂമിയെ വെറും മണ്ണുമാത്രമാക്കി.

എന്റെ പറമ്പിലെ പ്ലാവിന്റെയും ആഞ്ഞിലിയുടെയും റബറിന്റെയും ശിഖരങ്ങൾ അയാളുടെ ഭൂമിയിലേക്കു കടന്നിരുന്നു. അയൽവാസിയുടെ സ്വഭാവത്തിന് അനുസരണമായല്ലല്ലോ വൃക്ഷങ്ങളുടെ വളർച്ച. സൂര്യപ്രകാശമുള്ളിടത്തേക്ക് അവർ തല നീട്ടും.

ഉടനടി വൃക്ഷങ്ങളുടെ ശിഖരങ്ങളെല്ലാം മുറിച്ചുനീക്കാൻ അയാൾ ഉത്തരവിട്ടു. അങ്ങനെ ചെയ്തില്ലെങ്കിൽ അയാൾ നിയമനടപടി സ്വീകരിക്കുമെന്ന അറിയിപ്പും നൽകി.

ഞാൻ തടിവെട്ടുകാരെ വിളിച്ച് അയാളുടെ പറമ്പിലേക്കു തല നീട്ടി നിന്ന ശിഖരങ്ങളെല്ലാം മുറിച്ചു മാറ്റി. ചിലതു ചുവടെ മുറിച്ചു നീക്കി.

''നിങ്ങളുടെ കോഴികളും എന്റെ പ്രൊപ്പർട്ടിയിലേക്കു നുഴഞ്ഞു കയറുന്നുണ്ട്. അതൊന്നും പാടില്ല.'' എന്റെ കോഴികൾ ഏതു വഴിയിലൂടെയാണ് അയാളുടെ വസ്തുവിൽ പ്രവേശിക്കുന്നതെന്ന് എനിക്കോ അയാൾക്കോ അറിവില്ലായിരുന്നു. അതുകൊണ്ട് പ്രവേശനകവാടത്തെയോർത്ത് ഞാൻ തല പുണ്ണാക്കിയില്ല.



അയാളുടെ ഭാര്യ മരിച്ചിട്ട് അഞ്ചെട്ടുവർഷമായെന്നും അയാൾ സർക്കാരിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നെന്നും രണ്ട് ആൺമക്കൾ ഉള്ളതു കാനഡയിലാണെന്നും എന്റെ ഭാര്യ പറഞ്ഞു ഞാനറിഞ്ഞു.

എന്റെ വിശ്രമവേളകളിൽ ചിലപ്പോൾ ഞാൻ ആ വീട്ടിലേക്കു നോക്കും. പടുകൂറ്റൻ മതിലുകാരണം വീടിന്റെ മേൽക്കൂരയല്ലാതെ മറ്റൊന്നും ദൃഷ്ടിയിൽപ്പെടുകയില്ല.

അവിടെനിന്ന് ഒച്ചയനക്കമൊന്നും കേൾക്കാറില്ല. അദ്ദേഹം തനിയെയാണ് അവിടെ താമസിക്കുന്നതെന്നു തോന്നുന്നു.

വീടിന്റെ വലിയ ഗേറ്റ് എപ്പോഴും അടഞ്ഞുകിടക്കുകയാണ്. പകലോ രാത്രിയോ ആ വീട്ടിലേക്ക് ആരും വരുന്നതു കാണാറില്ല.

ജോലിക്കാരിയാണെന്നു തോന്നുന്നു, ഒരു യുവതി രാവിലെ എട്ടുമണിക്കു കൈനറ്റിക് ഹോണ്ടയിൽ ആ വീട്ടിലേക്കു പോകുന്നതുകാണാം. അഞ്ചുമണിക്ക് അവർ തിരിച്ചുപോകും. അവൾ വരാനും പോകാനും ഗേറ്റു തുറക്കുന്നത് അയാളാണ്.

അയാളുടെ യാത്ര രാവിലെ പത്തു മണിക്കുശേഷമാണ്. കറുത്തനിറത്തിലുള്ള വിലകൂടി കാർ അയാൾതന്നെയാണ് ഡ്രൈവ് ചെയ്തുപോകുക. ഉച്ചയാകുമ്പോൾ അയാൾ തിരിച്ചെത്തും. ഷോപ്പിങ്ങെല്ലാം അയാൾ തനിയെയാണെന്നു തോന്നുന്നു.

ഞാൻ പാലും പച്ചക്കറികളും കൊടുക്കുന്ന സൂപ്പർമാർക്കറ്റിൽ ഒരു ദിവസം അയാളെ കണ്ടു. പച്ചക്കറികളും പലവ്യഞ്ജനങ്ങളും അയാൾ ട്രോളി ബാസ്കറ്റിൽ നിറയ്ക്കുകയായിരുന്നു.

പരിചയഭാവത്തിൽ ഞാനൊന്നു ചിരിക്കാൻ ശ്രമിച്ചെങ്കിലും അയാൾ മുഖം തിരിച്ചുകളഞ്ഞു.

സൂപ്പർമാർക്കറ്റുകാർ നല്ല മാർജിനിലാണ് സാധനങ്ങൾ വിൽക്കുന്നത്. അയാൾക്ക് ആവശ്യമുള്ള പാലും പച്ചക്കറികളും ഇവിടുത്തേതിലും വിലകുറച്ച് എനിക്ക് അയാളുടെ വീട്ടിൽ നൽകാൻ സാധിക്കും. അതേക്കുറിച്ച് അയാളോട് സംസാരിക്കണമെന്നുണ്ട്. പക്ഷേ, അമ്പിനും വില്ലിനും അടുക്കാത്ത അയാളോട് ഞാനെന്തു പറയാനാണ്!

സാമ്പത്തികഭദ്രതയിൽ അടയിരിക്കുന്ന അയാൾക്ക് എന്നെപ്പോലുള്ളവരുടെ സേവനം ആവശ്യമില്ല. തൊട്ടടുത്ത് വിഷമടിക്കാത്ത പച്ചക്കറികളും പാലും ലഭിക്കുമെങ്കിലും വലിയ സൂപ്പർമാർക്കറ്റിൽപ്പോയി ഗുണനിലവാരം കുറഞ്ഞതാണെങ്കിലും ഉത്പന്നങ്ങൾ വാങ്ങുമ്പോൾ ലഭിക്കുന്ന ഉയർന്ന ശ്രേണി വ്യക്തിത്വം കൈവരിക്കാൻ സാധിക്കില്ലല്ലോ.

"നിങ്ങൾ ആ സാറിനെ കണ്ട് ഒന്നു സംസാരിക്ക്. ആവശ്യം നമ്മുടെയല്ലേ. നല്ല പാലും പച്ചക്കറികളും നൽകാമെന്നു പറ." എന്റെ ഭാര്യ പല പ്രാവശ്യം പറഞ്ഞപ്പോൾ രണ്ടും കല്പിച്ചു ഞാൻ പുറപ്പെട്ടു.

ജോലിക്കാരിക്കു പോകാനായി അയാൾ ഗേറ്റു തുറന്ന സമയം –

"സാർ, ഞാൻ സൂപ്പർമാർക്കറ്റിലേക്കഴിഞ്ഞും വിലകുറച്ചു പാലും പച്ചക്കറികളും തരാം."

ഒറ്റശ്വാസത്തിൽ ഞാൻ പറഞ്ഞു.

"അതൊന്നും വേണ്ട."

പറഞ്ഞതും അയാൾ ഗേറ്റടച്ചതും ഒപ്പമായിരുന്നു.

ഞാൻ അന്തിച്ചു കുറച്ചു നേരം അവിടെത്തന്നെ നിന്നു.

"ഇതെന്തു മനുഷ്യൻ."

ഞാൻ സാവധാനം തിരിഞ്ഞുനടന്നു.

"നിങ്ങൾ പോയ കാര്യം നടക്കില്ല ഇല്ലേ. വെറുതെ ഞാൻ പറഞ്ഞയയ്ക്കരുതായിരുന്നു. സാരമില്ല. പോയാൽ ഒരു വാക്ക്." ഭാര്യ എന്നെ സമാശ്വസിപ്പിച്ചു.

"ഓരോ മനുഷ്യർക്കും ഓരോ സ്വഭാവമല്ലേ. അങ്ങേരുടെ സ്ഥാനത്ത് നമ്മളായിരുന്നെങ്കിൽ ചിലപ്പോൾ അങ്ങേരുടെ സ്വഭാവംതന്നെ ആയിരുന്നിരിക്കും."

ഞാൻ നിസ്സാരതയോടെ പറഞ്ഞ് എന്റെ ജോലികളിലേക്കു പ്രവേശിച്ചു.

ഒരു പണക്കാരൻ അയൽവാസിയായിവരുന്നത് എന്തുകൊണ്ടോ എന്നിൽ ഭീതിയുണർത്തിയിരുന്നു. എങ്കിലും എന്റെ അധ്വാനഫലങ്ങൾ കുറെയൊക്കെ ആ ധനികനു വിറ്റ് എന്റെ ബാങ്കിലെ ബാധ്യതകൾ കുറയ്ക്കാമെന്നു ഞാൻ സ്വപ്നം കണ്ടിരുന്നു.

കൊവിഡ് 19 ന്റെ കടന്നാക്രമണത്തിൽ എല്ലാവരും അടച്ചുപൂട്ടലിലായ സമയം.

ഒരു ദിവസം നേരം പുലർന്നതേയുള്ളൂ.

ഞാൻ തൊഴുത്തിൽ പശുവിനെ കറക്കുകയായിരുന്നു. ഒരു പോലീസ് ജീപ്പ് എന്റെ വീടിനു മുന്നിൽ ബ്രേക്കിട്ടു. എന്താണു കാര്യമെന്നറിയാൻ ഞാൻ കറവ മതിയാക്കി വീടിനു മുൻവശത്തേക്കു ചെന്നു.

''ആ വീട്ടിലെ സാറിനെ അടുത്ത ദിവസമെങ്ങാൻ കണ്ടിരുന്നോ?"

എന്റെ അയൽവാസിയുടെ വീടിനു നേരേ സബ്ഇൻസ്പെക്ടർ വിരൽ ചൂണ്ടി.

"ഇല്ല സാർ. കുറച്ചുദിവസമായി കണ്ടിട്ട്. എന്താ സാർ കാര്യം?"

"ആ സാറിന്റെ മക്കൾ രാത്രിയിൽ എന്നെ വിളിച്ചിരുന്നു. അദ്ദേഹത്തെ ഫോണിൽ വിളിച്ചിട്ടു കിട്ടുന്നില്ലെന്നു പറഞ്ഞു. അവർ തന്ന നമ്പരിലേക്കു ഞാനും പല പ്രാവശ്യം വിളിച്ചു. നിങ്ങൾ അയൽക്കാർ. കുറെക്കൂടി ഇങ്ങനെയുള്ള കാര്യങ്ങളിൽ ജാഗ്രത കാണിക്കണം. മനുഷ്യരല്ലേ, ഒരാൾക്ക് എന്തെല്ലാം അപകടം സംഭവിക്കാം!"

സബ് ഇൻസ്പെക്ടറുടെ ശബ്ദത്തിൽ കുറ്റപ്പെടുത്തലിന്റെ ധ്വനി.

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല.

''വീക്കെന്റിൽ മാത്രമേ മക്കൾ അപ്പനെ വിളിക്കാറുള്ളൂ. അപ്പൻ ഒറ്റയ്ക്കാണല്ലോ എന്നോർത്ത് ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും അവർക്കു വിളിച്ചുകൂടേ. അപ്പനും ചിന്തിക്കാം, താൻ ഒറ്റയ്ക്കാണ് മക്കളെ ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും വിളിക്കണമെന്ന്."

''ആ സാറിന് അയൽക്കാരുമായി അടുപ്പമൊന്നും ഇല്ല സാർ." എന്റെ ഭാര്യ പോലീസിനോടു പറഞ്ഞു.

"അവിടെ ഒരു ജോലിക്കാരി വരുന്നുണ്ടായിരുന്നല്ലോ സാർ.'' ഞാൻ ചോദിച്ചു.

''ജോലിക്കാരി സാറുമായി കശപിശയുണ്ടാക്കി ഒരാഴ്ചയായി ജോലിക്കു വരുന്നില്ല. അതൊക്കെപ്പോട്ടെ. നമുക്കാ വീടൊന്നു പരിശോധിക്കണം. ഇവിടെ ഗോവണിയുണ്ടോ?" സബ് ഇൻസ്പെക്ടർ ചോദിച്ചു.

വീടിന്റെ പിറകുവശത്ത് ചാരി വച്ചിരുന്ന ഗോവണി കൊണ്ടുവന്നു ഞാൻ അയാളുടെ മതിലിൽ ചാരി.

ഒരു പോലീസുകാരൻ ടൂൾ കിറ്റുമായി ഗോവണി കയറി മതിലിനു മുകളിലെത്തി. പിന്നീട് അയാൾ ഗോവണി ഉയർത്തി മറുപുറത്തു ചാരി താഴേക്കിറങ്ങി.

പോലീസുകാരൻ കിറ്റിൽനിന്നു ചുറ്റികയെടുത്ത് ഗേറ്റിന്റെ താഴു തകർത്തു.

പോലീസ് ജീപ്പ് മുറ്റത്തേക്കു കയറി.

ഞാൻ പിന്നാലെ ചെന്നു.

കോളിംഗ് ബെല്ലടിച്ചിട്ടു കാര്യമില്ലെന്നറിയാമായിരുന്നിട്ടും സബ് ഇൻസ്പെക്ടർ രണ്ടുപ്രാവശ്യം കോളിംഗ് ബെൽ മുഴക്കി.

യാതൊരു പ്രതികരണവുമില്ല.

പിന്നീട് പോലീസ് വീടിനു പിന്നിലെത്തി.

അവിടുത്തെ വാതിലിന്റെ ലോക്ക് ഒരു പോലീസുകാരൻ ഏതോ ഉപകരണം ഉപയോഗിച്ചു തുറന്നു.

പോലീസിനു പിന്നാലെ ഞാനും മുറിക്കുള്ളിൽ കയറി. മുറികൾ പിന്നിട്ട് ബെഡ് റൂമിലെത്തി.

അഴുകിത്തുടങ്ങിയ മനുഷ്യശരീരത്തിന്റെ ഗന്ധം ആദ്യമായി ഞാനറിഞ്ഞു.

ഞാൻ മൂക്കുപൊത്തി.

■

കഥ

പീറ്റർ കുരിശിങ്കൽ

# സ്നേഹം കടന്നുവരട്ടെ

ഒരു ദിവസം രാവിലെ, അതിരാവിലെ അല്ല. സൂര്യനുദിച്ച് കുറച്ചേറെ പൊന്തിയിട്ടുണ്ട്. എന്നാൽ ഉച്ചയായിട്ടുമില്ല. ആ നേരത്താണ് കുടുംബനാഥ പൂമുഖത്തേക്ക് ഇറങ്ങിയത്. അപ്പോഴതാ മുറ്റത്തു നില്ക്കുന്നു മൂന്നുപേർ. കുടുംബനാഥയ്ക്ക് ആളുകളെ മനസ്സിലായില്ല. മുൻപൊരിക്കലും കണ്ടിട്ടുള്ളവരല്ല. അതുകൊണ്ട്, അവർ ആരാണ്? എന്താണ്? എന്നൊക്കെ ചോദിക്കുന്നതിനിടെ ആ സ്ത്രീ പറഞ്ഞു.

"നേരം ഉച്ചയായി വരുന്നു. ദൂരെനിന്നല്ലേ വരുന്നത്? ക്ഷീണവും ദാഹവും കാണും. അകത്തേക്കു കയറിവന്നോളൂ. കുറച്ചു തണുത്തതെന്തെങ്കിലും കുടിക്കാം."

അപ്പോഴാണ് അതിലൊരുവന്റെ ചോദ്യം.

"കുടുംബനാഥൻ അകത്തുണ്ടോ?"

"ഇല്ല" കുടുംബനാഥ പറഞ്ഞു.

"എങ്കിൽ ഞങ്ങൾ അകത്തേക്കു കയറുന്നില്ല."

അപരിചിതർ പടികടന്ന് പുറത്തേയ്ക്കു പോയി. കുടുംബനാഥ തന്റെ സാധാരണ ജോലികളിലേക്കും തിരിഞ്ഞു.

നേരം വൈകി. പുറത്തുപോയിരുന്ന ഗൃഹനാഥൻ വന്നെത്തി. മുറ്റത്തുവന്ന അപരിചിതരെക്കുറിച്ചും അവർ പറഞ്ഞതുമെല്ലാം കുടുംബനാഥ കുടുംബനാഥനോടു നേരിട്ടു വിശദമായിത്തന്നെ പറഞ്ഞു.

"എങ്കിലിപ്പോൾ അവരെ ക്ഷണിക്കാം. കുടുംബനാഥനും ഉണ്ടല്ലോ" എന്നു പറഞ്ഞ് പടിവാതിൽക്കലേക്കു നോക്കുമ്പോഴതാനില്ക്കുന്നു അവിടെ മൂന്നുപേർ. ഉടനെ കുടുംബനാഥ അവരെ തന്റെ ഭവനത്തിലേക്കു ക്ഷണിച്ചു, അപ്പോഴല്ലേ മറ്റൊരു പുതുമ! അവരിലൊരാൾ പറഞ്ഞു.

"ഞങ്ങൾ മൂന്നുപേരും ഒരുമിച്ചു ഒരു ഭവനത്തിൽ പ്രവേശിക്കില്ല."

"എന്താണങ്ങനെ?" കുടുംബനാഥ ചോദിച്ചു. അപ്പോളയാൾ പറയുകയാണ്. "ഞാൻ സ്നേഹം! ഇടത്തുനില്ക്കുന്നയാളെ ചൂണ്ടി ഇയാൾ സമ്പത്ത്, വലതുനില്ക്കുന്നയാളെ ചൂണ്ടി ഇയാൾ വിജയം!" ഞങ്ങളിൽ ആരെയാണ് നിങ്ങൾ ക്ഷണിക്കുന്നത്?"



കുടുംബനാഥ ആലോചനയായി. ആരെ ക്ഷണിക്കണം?

"നിനക്ക് സമ്പത്തിനെ ക്ഷണിക്കാമായിരുന്നില്ലേ?"

കുടുംബനാഥയ്ക്ക് സമ്പത്തിനെ ക്ഷണിക്കുന്നതിനോട് താത്പര്യമുണ്ടായിരുന്നില്ല. അവൾക്കു വിജയത്തെ ക്ഷണിക്കാനായിരുന്നു താത്പര്യം. ഈ സംസാരമൊക്കെ കേട്ടുകൊണ്ടിരുന്ന അവരുടെ മകൾ പറഞ്ഞു.

"നമുക്ക് ആ നടുക്കുനില്ക്കുന്ന സ്നേഹത്തെ ക്ഷണിക്കാം. നമ്മുടെ വീടു സ്നേഹനിർഭരമാകട്ടെ."

മകളുടെ നിർദ്ദേശം അവർക്കു സ്വീകാര്യമായി.

"നിങ്ങളല്ലേ സ്നേഹം. നിങ്ങളെ കുടുംബനാഥൻ ക്ഷണിക്കുന്നു. അകത്തേയ്ക്കു വരൂ." കുടുംബനാഥ പറഞ്ഞു.

കുടുംബനാഥ വീടിനകത്തേക്കു തിരിച്ചു നടക്കുന്നതിനിടെ ഒന്നു തിരിഞ്ഞുനോക്കി. അപ്പോഴതാ സ്നേഹത്തോടൊപ്പം സമ്പത്തുമുണ്ട്. വിജയവുമുണ്ട്. ഇതു കണ്ട കുടുംബനാഥ പറഞ്ഞു.

"നില്ല്, നില്ല്, ഞാൻ സ്നേഹത്തെ മാത്രമേ ക്ഷണിച്ചുള്ളൂ."

അതിനവരുടെ മറുപടി ഇങ്ങനെയായിരുന്നു.

"സഹോദരീ, നീ സമ്പത്തിനെയോ വിജയത്തെയോ ആണ് ക്ഷണിച്ചിരുന്നതെങ്കിൽ അവർ ഒറ്റയ്ക്കേ ക്ഷണം സ്വീകരിക്കുമായിരുന്നുള്ളൂ. എന്നാൽ സഹോദരി ക്ഷണിച്ചത് സ്നേഹത്തെയാണ്. സ്നേഹം എവിടെപ്പോകുന്നുവോ അവിടെയെല്ലാം ഞങ്ങളും ഒപ്പം പോകും."

എവിടെ സ്നേഹമുണ്ടോ അവിടെ സമ്പത്തും വിജയവും ഉണ്ടാകും. ■

കേരളത്തിലെ കാട്ടുമൃഗങ്ങൾ

# കീരി

■ മാത്യൂസ് ആർപ്പൂക്കര

ഏഷ്യയിലെ കീരികളിൽ ഏറ്റവും വലുതാണ് ചെങ്കീരി. നീളം 90 സെ. മീ., ഭാരം 3.2 കിലോഗ്രാം. ചെവിമുതൽ കഴുത്തുവരെ ഒരു കറുത്ത വര ഇതിന്റെ പ്രത്യേകതയാണ്. പേരു സൂചിപ്പിക്കുന്നുപോലെ ഇതിനു ചുവന്ന നിറമല്ല. ചുവപ്പു കലർന്ന തവിട്ടുനിറമാണ്. സാധാരണമായി സസ്യഭുക്കാണെങ്കിലും സാഹചര്യത്തിനനുസരിച്ച് എന്തും ആഹാരമാക്കും. എലിയും തേളും തവളയും ഞണ്ടും മത്സ്യവും ഷഡ്പദങ്ങളും മറ്റുമാണ് ആഹാരം. കൂടെ പഴങ്ങളും സസ്യങ്ങളും കിഴങ്ങുകളും ഭക്ഷിക്കും. ഉഗ്രവിഷമുള്ള പാമ്പിനെപ്പോലും ഒറ്റയ്ക്കു കീഴ്പ്പെടുത്താൻ കീരിക്കാവും. പാമ്പിൻവിഷത്തെ കുറച്ചൊക്കെ പ്രതിരോധിക്കാൻ ഇവയ്ക്കാവുന്നുണ്ട്. തന്ത്രം പ്രയോഗിച്ച് കീരികൾ പാമ്പിനെ നേരിട്ട് തലയിൽ പിടിമുറുക്കും. അതിനെ തിന്നുകയും ചെയ്യാറുണ്ട്.



സാധുജീവികളാണെങ്കിലും ചിലപ്പോഴൊക്കെ അപകടകാരികളാകാറുണ്ട്. വളരെ വേഗത്തിൽ യാത്ര ചെയ്യുന്നു. ചെങ്കീരിയുടെ സഞ്ചാരം പകലാണ്. രാത്രിയിൽ പൂർണവിശ്രമം. കൂട്ടത്തോടെയും ഒറ്റയ്ക്കും സഞ്ചരിക്കുന്നു. ജലാശയങ്ങളോടു ചേർന്നുള്ള കുറ്റിക്കാട്, മുളങ്കാടുകൾ, വരണ്ട കാടുകൾ എന്നിവിടങ്ങളിലാണ് കാണപ്പെടുക. മരപ്പൊത്തിലോ മൺമാളങ്ങളിലോ ആവും താമസം. ചെങ്കീരി നമ്മുടെ വനങ്ങളിൽ കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലെ വനങ്ങളിൽ ഇവയെ കാണാം. സിലോണിലും ചെങ്കീരിയെ കാണാറുണ്ട്.

ഒരു പ്രസവത്തിൽ നാലു കുഞ്ഞുങ്ങൾ വരെയുണ്ടാവും. ഗർഭകാലം ഏഴോ എട്ടോ ആഴ്ചകൾ മാത്രം. 15 ദിവസം കഴിഞ്ഞാൽ മാത്രമേ കുഞ്ഞിന്റെ കണ്ണുകൾ തുറക്കൂ. ആയുസ് 10 കൊല്ലമാണ്. ചെങ്കീരിയുടെ ശാസ്ത്രനാമം ഹെപ്പെസ്റ്റസ് വിറ്റികോളിസ് എന്നാണ്.

ചെങ്കീരിക്കു പുറമേ ഇന്ത്യയിൽ മൂന്നിനം കീരികൾകൂടിയുണ്ട്. നാടൻകീരി എന്ന കോമൺ മംഗൂസ്. നീളം 90 സെ. മീ. വാലിന് 45 സെ.മീ. ഒന്നരക്കിലോയോളം ഭാരവും. നീണ്ട മോന്തയും ചാരനിറവും. ഹിമാലയംമുതൽ കന്യാകുമാരിവരെ ഇന്ത്യയിലാകെ ഇവറ്റയെ കാണാം. കൃഷിയിടങ്ങളും ചിലപ്പോൾ വീടുകളുടെ മേൽക്കൂരയും വരെ ഇവ താവളമാക്കുന്നു.

അടുത്തയിനം ചെറുകീരിയാണ്. സ്മോൾ ഇന്ത്യൻ മംഗൂസ്. നീളം 40–45 സെ.മീ. ഒതുങ്ങിയ ശരീരം. നീളം കുറഞ്ഞ വാൽ. സ്വർണനിറമാർന്ന ശരീരം. വടക്കേയിന്ത്യയിലാണ് ഇവറ്റയെ സുലഭമായി കാണുക. മൂന്നാമത്തെയിനം ഞണ്ടുതീനിക്കീരി. വലിപ്പംകൂടി, തവിട്ടും കറുപ്പും നിറമാണിതിനുള്ളത്. ശരീരത്തിന്റെ അടിഭാഗത്തിനു മഞ്ഞ കലർന്ന തവിട്ടുനിറം. ജലാശയങ്ങൾക്കടുത്താണ് ഇവ താമസിക്കുക. ഞണ്ടുകളാണ് ഇഷ്ടഭോജനം. വെള്ളത്തിൽ മുങ്ങി പാറയ്ക്കടിയിലുള്ള ഞണ്ടുകളെ കൈനഖങ്ങൾകൊണ്ട് വലിച്ചെടുത്ത് ഇടിച്ചുപൊടിച്ചു തിന്നുന്ന കാഴ്ച കാണേണ്ടതുതന്നെ. ആസാം, നേപ്പാൾ, മ്യാൻമർ, ചൈന എന്നിവിടങ്ങളിൽ കണ്ടുവരുന്നു. ■

# ശാക്തികചേരിയുടെ നിഴലാട്ടങ്ങൾ

ഒന്നാം പേജ് തുടർച്ച

അഫ്ഗാനിസ്ഥാനിലെ ഭരണം മതമൗലികവാദികളായ ഭീകരസംഘങ്ങളുടെ കൈകളിൽ എത്തിപ്പെട്ടതാണ് ലോകരാജ്യങ്ങളെ അസ്വസ്ഥമാക്കുന്നത്. അഫ്ഗാനിസ്ഥാനിലും പാക്കിസ്ഥാനിലും മറ്റ് അറബ് രാജ്യങ്ങളിലും വേരുകളുറപ്പിച്ച മതതീവ്രവാദികൾക്ക് അത്യന്താധുനികയുദ്ധോപകരണങ്ങൾകൂടി 'സൗജന്യമായി' ലഭിച്ചതോടെ അവർ പൂർവാധികം ശക്തരായി മാറിയതാണ് കൂടുതൽ അപകടകരം. പാശ്ചാത്യരാജ്യങ്ങൾ അഫ്ഗാനിസ്ഥാനിൽനിന്നു സൈന്യത്തെ പിൻവലിച്ചപ്പോൾ യുദ്ധവിമാനങ്ങൾ ഉൾപ്പെടെയാണ് ഉപേക്ഷിച്ചുപോയത്. താലിബാൻപോരാളികൾക്കുമുമ്പിൽ കീഴടങ്ങിയ അഫ്ഗാൻസൈന്യത്തിൽനിന്നു പിടിച്ചെടുത്ത തോക്കുകളും ആയുധപ്പുരകളിൽ സൂക്ഷിച്ചിരുന്ന വെടിക്കോപ്പുകളും കവചിതവാഹനങ്ങളുമടക്കം വൻ ആയുധശേഖരമാണ് തീവ്രവാദികളുടെ കൈകളിലെത്തിയത്. കാബൂൾ പിടിച്ചടക്കാനുള്ള ആവേശകരമായ മുന്നേറ്റത്തിനിടെ കീഴടക്കിയ പട്ടണങ്ങളിലെ ജയിലുകളെല്ലാം തകർത്ത് തീവ്രവാദികളും കൊലപാതകികളും കൊള്ളക്കാരുമായ തടവുകാരെ തുറന്നുവിട്ടതും ആശങ്കയുളവാക്കുന്നുണ്ട്. ചില നാറ്റോ രാജ്യങ്ങളുടെ പക്കലുള്ളതിനെക്കാൾ ആയുധങ്ങളും യുദ്ധവിമാനങ്ങളും താലിബാന്റെ പക്കലുണ്ടെന്ന സിഎൻഎന്നിന്റെ റിപ്പോർട്ട് അടുത്തയിടെ പുറത്തുവന്നിരുന്നു.

ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽനിന്നുള്ള 15,000 രാജ്യാന്തരഭീകരർ അഫ്ഗാനിസ്ഥാനിലുണ്ടെന്നാണ് ഏറ്റവും ഒടുവിലത്തെ വാർത്ത. ഇവരോടൊപ്പം ഒരു ലക്ഷത്തോളം വരുന്ന താലിബാൻ പോരാളികളും ജയിൽമോചിതരായ തീവ്രവാദികളും ഒത്തുചേരുമ്പോഴുള്ള ഭീഷണി വലിയ ദുരന്തത്തിലേക്കാകും ലോകത്തെ നയിക്കുക. ■

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## കയറും പാമ്പും

ഈ ലോകത്ത് ആളുകൾ പലതരം. അതുകൊണ്ട്, എന്തിനെക്കുറിച്ചും ഇവിടെ ഒന്നിലധികം അഭിപ്രായങ്ങൾ കേൾക്കാം. അതിൽ സത്യം ഏകം. അസത്യം അനേകം. വേർതിരിച്ചറിയാനാവാത്തതാണ് പലരുടെയും പ്രതിസന്ധി.

പോംവഴിയുണ്ടെന്ന് ഒരാൾ. വഴിയിൽ കിടക്കുന്ന കയറിനെ ഒന്നുകിൽ കയറായിക്കണ്ട് മുന്നോട്ടു പോകണമത്രേ! അല്ലെങ്കിൽ, പാമ്പാണെന്നു കരുതി വഴിമാറി പോകണംപോലും! അല്ലാതെ, നിശ്ചലം നിന്നാൽ ആരും എവിടെയുമെത്തില്ലെന്ന്!




ബാലകഥ

# കൊച്ചുപാപ്പിയും കൊച്ചുകത്തനാരും



കെ.ടി. മാത്യു

**പ**ണ്ടുപണ്ട് ആനക്കോട്ടയിൽ ആനപ്പാപ്പി എന്നൊരു ആനക്കാരൻ പാർത്തിരുന്നു. ആനപ്പാപ്പിയുടെ ഒരേയൊരു മകനായിരുന്നു കൊച്ചുപാപ്പി.



മരമണ്ടനായ കൊച്ചുപാപ്പിക്ക് കല്യാണം കഴിക്കാൻ ഒരു പെൺകുട്ടിയെത്തേടി ആനപ്പാപ്പി നാടായ നാടൊക്കെ അലഞ്ഞു. ഒടുവിൽ പാപ്പനംകോട്ടെ കൊച്ചാപ്പിയുടെ മകൾ മുത്തുച്ചിപ്പിയെയാണ് കൊച്ചുപാപ്പിക്ക് വധുവായി ലഭിച്ചത്.

കല്യാണം കഴിഞ്ഞ് കൊച്ചുപാപ്പി മുത്തുച്ചിപ്പിയുടെ വീട്ടിലേക്കു പോകുമ്പോൾ ആനപ്പാപ്പി കൊച്ചുപാപ്പിയോടു പറഞ്ഞു:

"കൊച്ചുപാപ്പീ... കൊച്ചുപാപ്പീ... അവിടെച്ചെന്നാൽ ഉയരമുള്ള സ്ഥലങ്ങളിൽ ഇരിക്കണം. കനമുള്ള വാക്കുകൾ പറയണം. ആദ്യം തരുന്നതേ കഴിക്കാവൂ."

കൊച്ചുപാപ്പി അതെല്ലാം തല കുലുക്കി സമ്മതിച്ചു.

മുത്തുച്ചിപ്പിയുടെ വീട്ടിലെത്തിയപ്പോൾ കൊച്ചുപാപ്പി അവിടെക്കണ്ട വൈക്കോൽത്തുറുവിന്റെ മുകളിൽ വലിഞ്ഞുകയറി. എന്നിട്ട് ഉറക്കെ വിളിച്ചുപറഞ്ഞു: "അയ്യായിരം കിലോ... പതിനായിരം കിലോ... പതിനയ്യായിരം കിലോ..."

മുത്തുച്ചിപ്പിക്കും അവളുടെ അപ്പൻ കൊച്ചാപ്പിക്കും പേടിയായി.

അവർ ഒരുവിധത്തിൽ കൊച്ചുപാപ്പിയെ വൈക്കോൽത്തുറുവിന്റെ മുകളിൽനിന്നു പിടിച്ചിറക്കി. അപ്പോൾ കൊച്ചാപ്പി ചോദിച്ചു:

"മകനേ, കൊച്ചുപാപ്പീ... എന്താണിങ്ങനെ ചെയ്യുന്നത്?"

കൊച്ചുപാപ്പി ചിരിച്ചുകൊണ്ടു പറഞ്ഞു:

"വീട്ടിൽനിന്നു പോരുമ്പോൾ അപ്പൻ പറഞ്ഞിരുന്നു. ഉയരമുള്ള സ്ഥലങ്ങളിൽ ഇരിക്കണമെന്നും കനമുള്ള വാക്കുകൾ പറയണമെന്നും. വൈക്കോൽത്തുറുവിന്റെ കനം ഞാൻ പറഞ്ഞത് ശരിയല്ലേ?" അതു കേട്ടപ്പോൾ കൊച്ചാപ്പിക്കും മുത്തുച്ചിപ്പിക്കും വീണ്ടും പേടിയായി. അവർ ഒന്നും മിണ്ടാതെ മുഖത്തോടു മുഖം നോക്കി.

നേരം വെളുത്തപ്പോൾ മുത്തുച്ചിപ്പി കൊച്ചുപാപ്പിക്ക് പല്ലു തേയ്ക്കുവാൻ ഉമിക്കരിയും വെള്ളവും കൊടുത്തു. അപ്പോൾ കൊച്ചുപാപ്പി എന്തു ചെയ്തെന്നോ?

ഉമിക്കരി തിന്ന് വെള്ളം കുടിച്ചു. അതു കണ്ടപ്പോൾ കൊച്ചാപ്പിക്കും മുത്തുച്ചിപ്പിക്കും ദേഷ്യവും സങ്കടവും വന്നു. കൊച്ചാപ്പി ചോദിച്ചു: "മകനേ, കൊച്ചുപാപ്പീ എന്താണിങ്ങനെ ചെയ്യുന്നത്?"

കൊച്ചുപാപ്പി ചിരിച്ചുകൊണ്ടു പറഞ്ഞു:

"വീട്ടിൽനിന്നു പോരുമ്പോൾ അപ്പൻ പറഞ്ഞിരുന്നു, ആദ്യം തരുന്നതേ കഴിക്കാവൂ എന്ന്. ഞാൻ അതനുസരിച്ചതാ. അപ്പോൾ മുത്തുച്ചിപ്പി അലമുറയിട്ടു കരയാൻ തുടങ്ങി.

"അയ്യോ, ദൈവമേ! ഇങ്ങനെയൊരു മരമണ്ടനെയാണല്ലോ എനിക്കു ഭർത്താവായി ലഭിച്ചത്!"

മുത്തുച്ചിപ്പി കരയുന്നതു കണ്ടപ്പോൾ കൊച്ചാപ്പിക്കു കലികയറി. കൊച്ചാപ്പി എന്തു ചെയ്തെന്നോ? ഒരു മുട്ടൻ വടിയെടുത്ത് കൊച്ചുപാപ്പിയെ തലങ്ങും വിലങ്ങും തല്ലി. പാവം, കൊച്ചുപാപ്പി! അവൻ 'ഹയ്യോ ഹമ്മോ!' എന്നു കരഞ്ഞ് ജീവനും കൊണ്ടോടി.

അടിയേറ്റു പുറം പൊളിഞ്ഞ കൊച്ചുപാപ്പിയെക്കണ്ട് ആനപ്പാപ്പിക്കു സങ്കടമായി.

ആനപ്പാപ്പി പറഞ്ഞു: "നിലത്തിരിക്കാതെ കസേരയിൽ ഇരിക്കണമെന്നാ ഉയരമുള്ള സ്ഥലങ്ങളിൽ ഇരിക്കണമെന്നു പറഞ്ഞതിന്റെ അർത്ഥം. ചില നേരത്ത് കൊഞ്ഞപ്പുള്ള രീതിയിൽ നിനക്കൊരു സംസാരമുണ്ട്. അത് ഇല്ലാതാക്കാനാ കനമുള്ള വാക്കുകൾ പറയണമെന്ന് ഉപദേശിച്ചത്. ഭക്ഷണം കഴിക്കുമ്പോൾ നീ വീണ്ടും വീണ്ടും വാങ്ങിത്തിന്നാറുണ്ട്. അത് ഒഴിവാക്കാനാ ആദ്യം തരുന്നതു തിന്നാൽ മതിയെന്നു പറഞ്ഞത്. എല്ലാം കുളമാക്കിയല്ലോ കൊച്ചുപാപ്പീ." കൊച്ചുപാപ്പി കരഞ്ഞതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല.

ഒരുദിവസം ആനപ്പാപ്പി കൊച്ചുപാപ്പിയെ ആനപ്പുറത്തു കയറ്റി മലങ്കാവ് പള്ളിയിലേക്കു കൊണ്ടുപോയി. എന്നിട്ട് മഹാമാന്ത്രികനായ കൊച്ചുകത്തനാരെക്കണ്ട് കാര്യം പറഞ്ഞു. ആനപ്പാപ്പിയുടെയും കൊച്ചുപാപ്പിയുടെയുംകൂടെ വലിയൊരു കൊമ്പനാനയെ കണ്ടപ്പോൾ കൊച്ചുകത്തനാർക്കു സന്തോഷമായി. കൊച്ചുകത്തനാർ ചിരിച്ചുകൊണ്ടു പറഞ്ഞു:

"ആനപ്പാപ്പീ... ആനപ്പാപ്പീ... നിങ്ങൾ ഇങ്ങോട്ടു വരുമെന്ന് എനിക്ക് നേരത്തേ അറിയാമായിരുന്നു. പള്ളിയിലെ പ്രദക്ഷിണത്തിന് ഒരു ദിവസത്തേക്ക് ആനയെ തന്ന് ഞങ്ങളെയൊന്നു സഹായിക്കണം!"

ആനപ്പാപ്പി സമ്മതിച്ചു.

പെരുന്നാൾ കഴിഞ്ഞപ്പോൾ കൊച്ചുകത്തനാർ കൊച്ചുപാപ്പിയുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. അതിശയം! പെട്ടെന്ന് മേഘങ്ങൾ ഇല്ലാത്ത ആകാശം പോലെ കൊച്ചുപാപ്പിയുടെ ബുദ്ധി തെളിഞ്ഞു.

ആനപ്പാപ്പിക്കും കൊച്ചുപാപ്പിക്കും സന്തോഷമായി. അവർ കൊച്ചുകത്തനാരോടു നന്ദി പറഞ്ഞു വീട്ടിലേക്കു മടങ്ങി.

ഒരു ദിവസം കൊച്ചാപ്പിയും മുത്തുച്ചിപ്പിയും ആനപ്പാപ്പിയുടെ വീട്ടിൽ വന്ന് കൊച്ചുപാപ്പിയോടു മാപ്പു ചോദിച്ചു. കൊച്ചുപാപ്പി അവർക്കെല്ലാം മാപ്പു കൊടുത്തു.

പിന്നീട് കൊച്ചുപാപ്പിയും മുത്തുച്ചിപ്പിയും വളരെക്കാലം സന്തോഷമായി ജീവിച്ചു.



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## ഉണ്ണാവ്രതം

വ്ര, വൃ - ഇവ സംയുക്തവ്യഞ്ജനങ്ങളാണെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. വ്രയും വൃവും പലതരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്ര - വ, റ എന്നീ വ്യഞ്ജനങ്ങളുടെ സംയുക്തമാണ്. വ് + റ് + അ = വ്ര. വകാരത്തിന്റെ പിൻനിലയാണ് റകാരം. എന്നാൽ, ലിപിവിന്യാസത്തിൽ മുൻനിലയായി വേണം എഴുതാൻ. വ്ര കൂട്ടക്ഷരമാണ്. വ്യഞ്ജനസ്വരസംഹിതയാണ് വൃ (വ് + ഋ = വൃ). അത് കൂട്ടക്ഷരമല്ല. ഋകാരത്തെ സ്വരങ്ങളുടെ കൂട്ടത്തിലാണ് സംസ്കൃതവ്യാകരണവും മലയാളവ്യാകരണവും ഉൾപ്പെടുത്തിയിരിക്കുന്നത്. സ്വരം ചേർന്നുനിൽക്കുന്ന വ്യഞ്ജനത്തെ കൂട്ടക്ഷരമായി ഗണിക്കാറില്ല. വൃത്തശാസ്ത്രപ്രകാരം വ്രയ്ക്കു മുമ്പുള്ള വ്യഞ്ജനം ഗുരുവും വൃവിനു മുമ്പുള്ള വ്യഞ്ജനം ലഘുവുമാണ്. ഉദാ. പതിവ്രത →തി, ഗുരു; പരിവൃത →രി, ലഘു.*

വ്രതം - വൃതം ഇവ ഒന്നല്ല. വ്രതത്തിന് നോമ്പ് (ഉപവാസം) എന്നും വൃതത്തിന് ചുറ്റപ്പെട്ടത് എന്നുമാണു സാമാന്യമായ അർത്ഥം. വ്രത്യവും വ്രതമാണ്. വ്രതം അനുഷ്ഠിക്കുന്നവൻ വ്രതിയുമാകും. വ്രതം എന്ന അർത്ഥത്തിൽ വൃതം പ്രയോഗിക്കരുത്. ആവരണം ചെയ്യപ്പെട്ടതോ മറയ്ക്കപ്പെട്ടതോ ഉരുണ്ടതോ ഒക്കെയാണ് വൃതം. അതിന് ഉപവാസവുമായി ഒരു ബന്ധവുമില്ല. വൃതിക്ക് തിരഞ്ഞെടുപ്പ്, അന്വേഷണം, മറവ്, വേലി എന്നെല്ലാം വിവക്ഷിതങ്ങളുണ്ട്. പദങ്ങൾ തമ്മിലുള്ള അർത്ഥവ്യത്യാസം ശ്രദ്ധിക്കുക.

ഭക്ഷണം കഴിക്കാതെ ആചരിക്കുന്ന വ്രതമാണ് ഉണ്ണാവ്രതം. ഏതെങ്കിലുമൊരു പ്രവൃത്തിയിലോ ചിന്തയിലോ മുഴുകിയിരിക്കലാണത്. നിരാഹാരവ്രതം എന്നും പറയാം (തമിഴിൽ ഉണ്ണാവിരതം) 'ഉണ്ണാവൃതം' തെറ്റാണ്; പ്രയോഗിക്കരുത്. രാഷ്ട്രീയപ്പാർട്ടികൾക്ക്, ഏതെങ്കിലും ഒരു ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള സമരമാർഗ്ഗമാണ് ഉണ്ണാവ്രതം. അതിനോട് സത്യഗ്രഹം (ഏതെങ്കിലും സത്യം നിറവേറ്റാനായി ചെയ്യുന്ന അഹിംസാപൂർണമായ യത്നം) കൂട്ടിച്ചേർത്ത് 'ഉണ്ണാവ്രതസത്യഗ്രഹം' എന്നൊരു സമസ്തപദം നിർമ്മിക്കേണ്ട ആവശ്യമില്ല. അനാവശ്യമായ ആവർത്തിച്ചു പറയലാണത്. പൗനരുക്ത്യം എന്ന ദോഷം. ഒന്നുകിൽ ഉണ്ണാവ്രതം അല്ലെങ്കിൽ സത്യഗ്രഹം. സത്യാഗ്രഹവും ശരിയാണ്. (സത്യ + ആഗ്രഹം = സത്യാഗ്രഹം).

വാക്കുകളുടെ വിവക്ഷിതങ്ങൾ മനസ്സിലാക്കാതെ പുതുപദനിർമ്മിതിക്ക് ഇറങ്ങിപ്പുറപ്പെട്ടതാണ് ഇവിടെ സംഭവിച്ച സ്ഖലിതത്തിന് ഹേതു. അല്പജ്ഞാനവും ഉദാസീനതയും വികലപദങ്ങളുടെ പിറവിക്കു കാരണമായിത്തീരുന്നു. അച്ചടിവൃത്തിയിലേർപ്പെട്ടിരിക്കുന്നവരുടെ 'ഭാഷാജ്ഞാന'മല്ല നോട്ടീസുകളിലും ഫ്ളക്സ്ബോർഡുകളിലും പ്രതിഫലിക്കേണ്ടത്.

*പ്രബോധചന്ദ്രൻനായർ, വി.ആർ., ഡോ., എഴുത്തു നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം - 101)



## ലൗലോലിക്ക

കാർഷികം

ജോഷി മുഞ്ഞനാട്ട്

ലൗലോലിക്ക അഥവാ ചെമന്ന നെല്ലി പല പ്രദേശത്തും പല പേരുകളിലാണ് അറിയപ്പെടുന്നത്. ഇതിന്റെ പഴുത്തു ചെമന്ന കായ്കൾ ഉപ്പിലിടാനും അച്ചാറിടാനും ഉത്തമമാണ്.

'ഫ്ളക്കോർഷിയേസി' കുടുംബത്തിൽപ്പെടുന്ന ഇതിന്റെ ശാസ്ത്രനാമം 'ഫ്ളക്കോർഷ്യ ഇമെർമിസ്' എന്നാണ്.

കാൽസ്യം, മഗ്നീഷ്യം, ഇരുമ്പ് തുടങ്ങിയവയുടെ കലവറയാണ് ലൗലോലിക്ക. കൂടാതെ, പ്രോട്ടീന്റെ അംശം കൂടുതലായി അടങ്ങിയിരിക്കുന്നു. പഴുത്തു ചെമന്ന ഇതിന്റെ കായ്കൾ ജാം, സിറപ്പ്, വൈൻ എന്നിവയുണ്ടാക്കാനും അച്ചാറിടാനും ഉത്തമമാണ്. ചില ഔഷധാവശ്യങ്ങൾക്കും ഇവ ഉപയോഗിക്കാറുണ്ട്. പോഷകപ്രദമായ ഇതിന്റെ കായ്കൾ ഉപ്പു ചേർത്തു കഴിക്കുന്നതും രുചിപ്രദമാണ്.

നന്നായി പഴുത്ത കായ്കളിൽനിന്നു കുരുവെടുത്തു മുളപ്പിച്ചോ പതിവച്ചെടുത്തോ തൈകൾ ഉല്പാദിപ്പിക്കാം. സൂര്യപ്രകാശമുള്ള സ്ഥലത്ത് അനുയോജ്യമായ കുഴിയെടുത്ത് അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ചേർത്ത് തൈ നടാം.

ജൂൺ-ജൂലൈ, ഒക്ടോബർ-നവംബർ എന്നീ രണ്ടു സീസണുകളിലാണ് ഇവ പൂവിടുന്നത്. കായ്ച്ച് 4-5 മാസത്തിനകം കായ്കൾ നിറംമാറിത്തുടങ്ങും. പൂത്തുനില്ക്കുന്ന ചെറുകായ്മണിളോടുകൂടിയ നെല്ലിമരം വീടിനൊരലങ്കാരംതന്നെ.

# അതിജീവനത്തിന്റെ റാണി





വിജയകുമാരി ചാക്കോ

സുന്ദരമായ ബാല്യം ജീവിതത്തിന്റെ ഏറ്റവും വലിയ സൗഭാഗ്യമാണ്. മാതാപിതാക്കളുടെ കരുതലും സ്നേഹവും ആവോളം ലഭിച്ച്, കൂട്ടുകാരുടെകൂടെ കളിയും ചിരിയും കുസൃതിയുമൊക്കെയായി കടന്നുപോയ കുട്ടിക്കാലം, ഒരു വ്യക്തിയെ ശുഭപ്രതീക്ഷകളോടെ മുന്നോട്ടു നടക്കാൻ പ്രേരിപ്പിച്ചേക്കാം. വിശാലമായ നീലാകാശം നോക്കി കിനാവുകാണാൻ, പ്രകൃതിയുടെ മടിത്തട്ടിൽ പച്ചപ്പിന്റെ ശീതളച്ഛായയിൽ മയങ്ങാൻ ഭാഗ്യമുണ്ടായാൽ അവനു ഭാവനയുടെ ചിറകുകളിൽ പാറിപ്പറക്കാനായേക്കാം. അക്ഷരമുറ്റത്ത് പിച്ചവച്ചെത്തി, ലോകം കരുതിവച്ചിരിക്കുന്ന വിസ്മയങ്ങൾ വായിക്കാനും കാണാനും സാധിക്കുന്നവർക്ക് ജീവിതത്തിന്റെ ഉന്നതശ്രേണികളിലെത്താനായേക്കാം.

എന്നാൽ, ഈ സൗഭാഗ്യങ്ങളിലൊന്നുപോലും കരഗതമാക്കാനാവാതെ, മാതാപിതാക്കളിൽനിന്നു പറിച്ചുമാറ്റപ്പെട്ട ബാല്യങ്ങളുടെ ജീവിതക്കാഴ്ചകൾ ഭയാനകമാണ്. അപകടകരമായ പരിതസ്ഥിതിയിൽ ബാല്യത്തിൽത്തന്നെ ജോലി ചെയ്യേണ്ടിവരുന്നവർ. ചെറിയ പിഴവുകൾക്കുപോലും കഠിനമായ ശിക്ഷയനുഭവിക്കേണ്ടിവരുന്നവർ, കളിപ്പാട്ടവും കളിക്കൂട്ടുകാരും മാത്രമല്ല മരുന്നും ഭക്ഷണവും നിഷേധിക്കപ്പെടുന്നവർ... സ്വയം തിരിച്ചറിയാനാവാതെ ബാല്യത്തിൽത്തന്നെ, അടിമകളായി ഉടമകൾ രചിക്കുന്ന തിരക്കഥയ്ക്കനുസരണം മാത്രം ചലിക്കുന്നവർ. മറ്റുള്ളവരുടെ അഹിതമായ ആഗ്രഹങ്ങൾക്കുപോലും മനസ്സും ശരീരവും വിട്ടുകൊടുക്കേണ്ടിവരുന്നവർ, ഭിക്ഷാടനത്തിനായി അംഗഭംഗം വരുത്തിയും സാമൂഹികതിന്മകൾ പരിശീലിപ്പിച്ചും തെരുവുകളിലേക്കയയ്ക്കപ്പെടുന്നവർ, പലപ്പോഴും അവയവക്കച്ചവടത്തിനു തിരഞ്ഞെടുക്കപ്പെടുന്നവർ... മനുഷ്യക്കടത്തിന് ഇരയാക്കപ്പെടുന്ന ബാല്യങ്ങളുടെ തീരായാതനകളിൽ ചിലതു മാത്രമാണിവ...

വീടാകുന്ന സ്നേഹാവൃതിക്കുള്ളിൽനിന്നു നന്നേ ചെറുപ്പത്തിൽ അടർത്തിയെടുത്ത് പല മേഖലകളിൽ കുട്ടികളെ ചൂഷണത്തിനു വിധേയമാക്കുന്നു, മനുഷ്യക്കടത്തെന്ന തിന്മ. തിരിച്ചറിവില്ലാത്ത പ്രായത്തിലുണ്ടാകുന്ന ഈ ഒറ്റപ്പെടലും ഭീഷണിയും മർദനമുറകളും ശാരീരികമാനസികപീഡനവുമെല്ലാം അവരെ പ്രതികരിക്കാനാവാത്ത, ദുരവസ്ഥയിലെത്തിക്കുന്നു.

ഇന്ത്യയിലെ മനുഷ്യക്കടത്തിന്റെ കണക്കുകൾ, 40000 കുട്ടികളെങ്കിലും ഓരോ വർഷവും വീടിന്റെ തണലിൽനിന്നു തട്ടിയെടുക്കപ്പെടുന്നുവെന്നു നമുക്കു പറഞ്ഞുതരുന്നു. 11000 പേരെയെങ്കിലും കാണാതാകുന്നു. ഇതിൽ വലിയ പങ്ക് ലൈംഗികത്തൊഴിലിലേക്കു തള്ളപ്പെടുന്നു. കേരളത്തിൽ 2019 ൽ ഇത്തരം 180 കേസുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ദാരിദ്ര്യം, മാതാപിതാക്കളുടെ അഭാവം, യുദ്ധം, കലാപം തുടങ്ങിയ പശ്ചാത്തലങ്ങളാണ് കൂടുതലായും ഇത്തരം കടത്തുകൾക്കു സഹായകമാവുന്നത്.

ഈയൊരു പശ്ചാത്തലത്തിലാണ് റാണി ഹോങ്ങിന്റെ ജീവിതം നമ്മെ അതിശയിപ്പിക്കുന്നത്. ആരാണ് ഈ റാണി ഹോങ്? മനുഷ്യക്കടത്തിനെതിരേയുള്ള യു.എൻ. ഉപദേശകസംഘാംഗം... ഈ വിഷയത്തെക്കുറിച്ച് ഏതാണ്ട് ആറിൽപ്പരം തവണ യു.എന്നിൽ സംസാരിക്കാൻ അവസരം ലഭിച്ച വനിത... 2011 ൽ യു.എൻ. ഉപദേഷ്ടാവായി ചുമതലയേറ്റ റാണിയുടെ നിർദേശപ്രകാരമാണ് ജൂലൈ 30 മനുഷ്യക്കടത്തിനെതിരേയുള്ള രാജ്യാന്തര ദിനമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചത്. കമ്പനികളെ ബാലവേലയ്ക്കെതിരേ ബോധവത്കരിക്കാനും അതിനിരയായവരെ ബാലവേലയിൽനിന്നു വിട്ടുനിൽക്കാൻ ഇടം നൽകുന്ന സംവിധാനമായ freedom seal ന് ആരംഭം കുറിക്കാനും അവർക്കു കഴിഞ്ഞു. മനുഷ്യക്കടത്തിനെതിരായി ലോകം ചുറ്റി സഞ്ചരിച്ചു സംസാരിക്കുന്നവൾ, അതിനിരയായവരിൽ ആത്മവിശ്വാസം നിറച്ച്, വിദ്യാഭ്യാസം നൽകി വീണ്ടെടുക്കാൻ സാഹസപ്പെടുന്നവൾ, അതിനായി ഭർത്താവായ ട്രോങ് ഹോങ്ങുമൊത്ത് ട്രോണി ഫൗണ്ടേഷൻ സ്ഥാപിച്ചവൾ – ഇതൊക്കെയാണ് റാണി ആരാണെന്ന ചോദ്യത്തിന്റെ ചില ഉത്തരങ്ങൾ.

മനുഷ്യാവകാശപുരസ്കാരം, ജെഫേഴ്സൻ സമ്മാനം തുടങ്ങിയവ അവർക്കു ലഭിച്ച അംഗീകാരങ്ങളിൽ ചിലതു മാത്രം. 2019 ലെ വനിത വുമൺ ഓഫ് ദ ഇയർ പുരസ്കാരം അവരെ തേടിയെത്തി. അമേരിക്കയിലെ (വാഷിങ്ടൺ) ഒളിമ്പിയായിൽ താമസിക്കുന്ന റാണി കേരളത്തിന്റെ പുത്രിയാണ്. ദരിദ്രമായ ചുറ്റുപാടിൽ ഏഴാമത്തെ വയസ്സിൽ മാതാപിതാക്കളിൽനിന്നു തട്ടിയെടുക്കപ്പെട്ട കുട്ടി... അച്ഛന്റെ രോഗാവസ്ഥയും തൊഴിലില്ലായ്മയും മൂലം വളരെ അരിഷ്ടിച്ചു കഴിഞ്ഞ അവരുടെ ജീവിതത്തിലേക്ക് ഒരു മാലാഖയെപ്പോലെയാണ് അകന്ന ബന്ധുവായ ഒരു സ്ത്രീ സഹായഹസ്തവുമായി കടന്നുചെന്നത്. ഒരു കുട്ടിയെയെങ്കിലും എന്റെ കൂടെയയയ്ക്കൂ ഞാൻ നോക്കിക്കൊള്ളാമെന്ന സുന്ദര വാഗ്ദാനത്തിൽ ആ മാതാപിതാക്കൾ വീണുപോയി. ഒരു കുഞ്ഞെങ്കിലും നല്ല ഭക്ഷണവും വിദ്യാഭ്യാസവും ലഭിച്ച് രക്ഷപ്പെടുമല്ലോ എന്ന ചിന്തയാണ് അപ്പോൾ അവരെ നയിച്ചത്. റാണിക്കാണ് നറുക്കു വീണത്. തങ്ങളുടെ ഭവനത്തിൽനിന്ന് അധികം ദൂരെയല്ലാത്ത ആ സ്ഥലത്തേക്ക് വലിയ ഉത്സാഹത്തോടെ ആ കുരുന്ന് യാത്രയായി. അച്ഛനും അമ്മയും എന്നുമവളെ സന്ദർശിച്ചുവന്നു... പക്ഷേ, കുറച്ചുനാൾ കഴിഞ്ഞപ്പോൾ കുട്ടിയെ കാണാനില്ലെന്നായി. റാണിയെ തങ്ങൾക്കു നഷ്ടമായി എന്നവർ മനസ്സിലാക്കി. ഈ സമയംകൊണ്ട് റാണി തമിഴ്നാട്ടിലെ ഒരനാഥാലയത്തിലെത്തപ്പെട്ടിരുന്നു. തികച്ചും നിയമവിരുദ്ധമായ, മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളാണവിടെ നടന്നിരുന്നത്. റാണിയെന്ന ഏഴു വയസ്സുകാരി നിയോഗിക്കപ്പെട്ടത് ഇഷ്ടികക്കളത്തിലെ ജോലിക്കാണ്. കൊടിയ മർദനവും പട്ടിണിയും ആ കുഞ്ഞിന്റെ ജീവിതത്തെ മരണതുല്യമാക്കി. 'അമ്മാ... അമ്മാ...' എന്ന തന്റെ നിലവിളിക്ക് ഒരുത്തരവും ലഭിക്കില്ലെന്നു തിരിച്ചറിഞ്ഞ ആ കുഞ്ഞിന്റെ കരച്ചിൽ നേർത്തുനേർത്തില്ലാതെയായി. നേരേ നോക്കാൻ ശക്തിയില്ലാത്ത, കണ്ണുകൾ തുറക്കാൻപോലും ശേഷിയില്ലാത്ത ആ കുഞ്ഞിനെ തങ്ങൾക്കു പ്രയോജനപ്പെടില്ല എന്നു മനസ്സിലാക്കി ആ കുഞ്ഞിനെ അനധികൃത ദത്തു നല്കി പണം വാങ്ങുകയാണവർ പിന്നീടു ചെയ്തത്.

ദേഹമാസകലം പരുക്കുകളുള്ള, ശബ്ദിക്കാൻപോലും വയ്യാത്ത ആ കുഞ്ഞിനെ നെൽ എന്ന കനേഡിയൻ സ്ത്രീയാണ് ദത്തെടുത്തത്. അവർ ആ പെൺകുട്ടിയെ സ്നേഹിച്ചു. കരുതലോടെ ശുശ്രൂഷിച്ചു. പ്രത്യേക സ്കൂളിൽവിട്ടു പഠിപ്പിച്ചു. സംസാരിക്കാൻ പരിശീലിപ്പിച്ചു... അങ്ങനെ നെൽ എന്ന പോറ്റമ്മയുടെ കാരുണ്യത്തിൽ അവൾ ജീവിതത്തിലേക്കു തിരിച്ചുവരാൻ തുടങ്ങി. 16 വയസ്സുവരെ ആ അമ്മ അവളെ ചേർത്തുപിടിച്ചു. ജീവിതത്തെ നേരിടാൻ അവൾ ശക്തയായപ്പോഴേക്കും ആ അമ്മ മരണപ്പെട്ടു. സാമ്പത്തികപ്രശ്നങ്ങളുണ്ടായിരുന്നെങ്കിലും റോട്ടറി ക്ലബിന്റെ സഹായത്താൽ വിദ്യാഭ്യാസം പൂർത്തിയാക്കി. ആ കാലയളവിൽ ട്രോങ് ഹോങ്ങിനെ പരിചയപ്പെട്ടു. അദ്ദേഹവും മനുഷ്യക്കടത്തിന്റെ ഇരതന്നെയായിരുന്നു. വിയറ്റ്നാം യുദ്ധകാലത്ത് മനുഷ്യക്കടത്തിലൂടെ കാനഡയിൽ, ബാല്യത്തിൽത്തന്നെ എത്തപ്പെട്ടയാൾ. ആ പരിചയം വിവാഹത്തിലെത്തി.

റാണി ഒരിക്കലും നാടിനെ മറന്നില്ല. അവരുടെ വാക്കുകൾ: "ഈ മണ്ണിൽനിന്നാണ് എന്റെ ഇഷ്ടത്തിനെതിരായി എന്നെ കടത്തിക്കൊണ്ടുപോയത്. മാതൃഭാഷപോലും മറന്നെങ്കിലും എന്റെ നാട് എന്റെ മനസ്സിലുണ്ട്." അവർ വേരുകളന്വേഷിച്ച് 1999 ൽ ഇന്ത്യയിലെത്തി. വലിയ അന്വേഷണങ്ങൾക്കിടയിൽ അമ്മയെയും സഹോദരങ്ങളെയും കണ്ടെത്തി. അപ്പോഴാണ് എന്താണു സംഭവിച്ചതെന്ന് അവർ തിരിച്ചറിയുന്നത്.

ഒരേ തൂവൽപ്പക്ഷികൾ ജീവിതത്തിലൊരുമിച്ചപ്പോൾ തങ്ങളുടെ നരകതുല്യമായ ബാല്യം മറ്റൊരു കുഞ്ഞിനുമുണ്ടാകരുതെന്ന് തീവ്രമായി ആഗ്രഹിച്ചു. അങ്ങനെയാണ് ട്രോണി ഫൗണ്ടേഷൻ എന്ന പ്രസ്ഥാനം രൂപംകൊണ്ടത്. തങ്ങൾ ഒരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത ആ തിക്താനുഭവങ്ങളെ അവർ മറ്റുള്ളവരുടെ മുമ്പിൽ പുനരാവിഷ്കരിച്ചു.

ഇരുട്ടു കണ്ട് ഭയന്നു നിൽക്കുന്നവർ ധാരാളമുണ്ട്. എന്നാൽ സങ്കടങ്ങളുടെ ഇരുട്ടിൽനിന്നു വെളിച്ചം കണ്ടെത്തി പതിനായിരങ്ങളിലേക്കു പകരുന്ന വെളിച്ചത്തിന്റെ റാണിയായി 'റാണി ഹോങ്' ഇന്നു വിശേഷിപ്പിക്കപ്പെടുന്നു.

---

മിനിക്കഥ

## എലിപ്പനി

ജോൺ ജെ. പുതുച്ചിറ

ആ നാട്ടിൻപുറത്തെ ഒന്നാകെ നടുക്കിയ ഒരു വാർത്തയായിരുന്നു അത്.

കൊച്ചുപുരയ്ക്കൽ അന്നാമ്മയെ മകൻ മത്തായിക്കുട്ടി വെടിവച്ചു കൊന്നിരിക്കുന്നു!

മത്തായിക്കുട്ടി ഒരു ജെന്റിൽമാൻ.

വിദേശമലയാളി.

ഒരു മാസത്തെ അവധിക്ക് അമേരിക്കയിൽനിന്ന് നാട്ടിലെത്തിയ ദിവസം തന്നെയാണ് ആ സംഭവം.

സ്വന്തം അമ്മയെ വെടിവച്ചു കൊന്നിരിക്കുന്നു!

എന്തിന്?

അത് എല്ലാവരെയും കുഴക്കിയ ഒരു ചോദ്യചിഹ്നംതന്നെയായിരുന്നു.

സൽസ്വഭാവിയായ ഒരു മധ്യവയസ്കന്റെ ഇമേജായിരുന്നു മത്തായിക്കുട്ടിക്ക് എന്നും നാട്ടിലുണ്ടായിരുന്നത്.

ആളൊരു പൊങ്ങച്ചക്കാരനാണ് എന്നൊരു ചെറിയ കുഴപ്പം മാത്രം. അമേരിക്കയിൽ പോയതിനുശേഷം ആ പുങ്കത്തരം അല്പംകൂടി വർധിച്ചുവെന്നു പറയാം. അവധിക്കു വരുന്ന വേളകളിലെല്ലാം തികഞ്ഞ ജാഡയോടുകൂടിയായിരുന്നു മത്തായിക്കുട്ടിയുടെ ഓരോ പെരുമാറ്റവും.

അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്കും കുടപിടിക്കും എന്ന ചൊല്ല് മത്തായിക്കുട്ടിയെ സംബന്ധിച്ചിടത്തോളം പൂർണമായും ശരിയായിരുന്നു.

ആ മത്തായിക്കുട്ടിയാണ് ഒരു കാരണവുമില്ലാതെ ഇപ്പോൾ അമ്മയെ വെടിവച്ചു കൊന്നത്!

അതും സുഖമില്ലാതെ കിടന്ന അമ്മയെ.

മത്തായിക്കുട്ടി ഒരു ക്രിമിനലല്ല; മനോരോഗിയുമല്ല.

അതിനാൽത്തന്നെ ആ കൊലപാതകത്തിനു പിന്നിൽ മറ്റെന്തെങ്കിലും ഒരു കാരണം ഇല്ലാതെ വരികയില്ലല്ലോ.

ഉണ്ട്; കാരണമുണ്ടായിരുന്നു.

മത്തായിക്കുട്ടി അമേരിക്കയിൽനിന്നു വരുമ്പോൾ അന്നമ്മച്ചേടത്തി രോഗബാധിതയായി അത്യാസന്നനിലയിൽ കഴിയുകയായിരുന്നു.

അസുഖമെന്നു പറഞ്ഞാൽ പനി.

പനിയെന്നു പറഞ്ഞാൽ എലിപ്പനി.



"ഛീ, എലിപ്പനിയോ!" വിവരമറിഞ്ഞതും മത്തായിക്കുട്ടി കലിതുള്ളി: "ഷുഗർ, പ്രഷർ, കാൻസർ എന്നൊക്കെപ്പറഞ്ഞാൽ ഒരു വെയ്റ്റുണ്ട്. ഇത് എലിപ്പനി! പുറത്തു നാലുപേരോടു പറയാൻ പറ്റുന്ന ഒരു രോഗമാണോയിത്! അമേരിക്കയിലെ എന്റെ സ്റ്റാറ്റസ് അനുസരിച്ച് അമ്മ എലിപ്പനി ബാധിച്ചു മരിച്ചെന്ന് എനിക്കു നാലാളോടു പറയാൻ പറ്റുമോ? അതിനാൽ ഞാനവരെ തട്ടും."

തട്ടി. മത്തായിക്കുട്ടി അമ്മയെ വെടിവച്ചു കൊന്നു.

"മറ്റെന്തു രോഗത്തിനും ഒരു അന്തസ്സുണ്ട്. ഇതു സില്ലി റാറ്റ് ഫിവർ. അപമാനകരം. അതുകൊണ്ട് ഞാനവരെ തട്ടി. വെടിയേറ്റു മരിക്കുന്നതിലും ഒരന്തസ്സുണ്ട്."

പൊലീസ് അറസ്റ്റു ചെയ്യാൻ എത്തിയപ്പോഴും മത്തായിക്കുട്ടി അങ്ങനെയാണു പറഞ്ഞുകൊണ്ടിരുന്നത്.

# ‘ഈശോ’ സാന്നിധ്യവും രക്ഷയും



ഫാ. ജോർജ് കാരംവേലി


**പു**നരുത്ഥാനത്തിനുശേഷം ‘ഈശോ’ എന്ന പേരിൽ അന്തർലീനമായിരിക്കുന്ന അദ്ഭുതശക്തി പെട്ടെന്നുതന്നെ പ്രകാശിതമായ തായി നടപടിപ്പുസ്തകത്തിൽ നാം വായിക്കുന്നു. ഈശോയുടെ പേരിൽ പത്രോസ് ചെയ്ത ആദ്യാദ്ഭുതംതന്നെ ഇതു വെളിവാക്കുന്നു. ജന്മനാ വികലാംഗനായി ദൈവാലയകവാടത്തിൽ കിടന്നിരുന്ന യാചകനെ പൊടുന്നനേ പത്രോസ് സുഖമാക്കുന്നു (അപ്പ. പ്രവ. 3). വ്യക്തമായ ഭാഷയിൽ പത്രോസ് ആജ്ഞാപിച്ചു: ‘യേശുക്രിസ്തുവിന്റെ നാമത്തിൽ എണീറ്റു നടക്കുക’ (അപ്പ. പ്രവ. 3: 6). ഉടൻതന്നെ അവൻ സൗഖ്യം നേടി നടക്കുവാൻ തുടങ്ങി. ജന്മനാ വികലാംഗനായിരുന്ന ഈ യാചകന്റെ പെട്ടെന്നുള്ള രോഗശാന്തി ജനങ്ങളുടെ ഇടയിൽ വലിയ പ്രകമ്പനം സൃഷ്ടിച്ചു. കാരണം, ഈ അദ്ഭുതത്തിനു സമൂഹത്തിൽ വളരെയേറെ സാക്ഷികൾ ഉണ്ടായിരുന്നു. തുടർന്നുവരുന്ന സംഭാഷണങ്ങളിൽനിന്ന് മൂന്നു കാര്യങ്ങൾ നമുക്കു മനസ്സിലാക്കാം:

1. ‘ഈശോ’നാമത്തിൽ നിറഞ്ഞുനിന്ന അദ്ഭുതശക്തി.
2. പ്രധാന പുരോഹിതനിലും നേതാക്കന്മാരിലും അതുളവാക്കിയ ഭയം.
3. ‘ഈശോ’ എന്ന നാമം ശിഷ്യന്മാർക്കു നൽകിയ പുതുധൈര്യവും ബലവും.

പ്രധാന പുരോഹിതനും ശ്രേഷ്ഠന്മാരും പത്രോസിനെ ചോദ്യം ചെയ്തു: “എന്ത് അധികാരത്തിലാണ്, ഏതു നാമത്തിലാണ് നിങ്ങൾ ഇത് ചെയ്തത്?” (അപ്പ. പ്രവ.4:7). പത്രോസ് ധൈര്യസമേതം മറുപടി പറഞ്ഞു: “നിങ്ങളും ഇസ്രായേൽജനം മുഴുവനും ഇതറിഞ്ഞിരിക്കട്ടെ. നിങ്ങൾ കുരിശിൽ തറച്ചു കൊല്ലുകയും മരിച്ചവരിൽനിന്നു ദൈവം ഉയിർപ്പിക്കുകയും ചെയ്ത നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ മനുഷ്യൻ സുഖംപ്രാപിച്ച് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്” (അപ്പ. പ്രവ. 4:10).

മഹനീയമായ ഈ അദ്ഭുതവും പത്രോസ് നൽകിയ അതിശയകരമായ മറുപടിയും അവരെ തീർത്തും പരിഭ്രാന്തരാക്കി. പത്രോസും കൂട്ടരും ഈ രീതിയിൽ ഈശോയുടെ നാമത്തിൽ പ്രസംഗം തുടർന്നാൽ എല്ലാവരും പുനരുത്ഥാനത്തിൽ വിശ്വസിക്കും. ആ രോഗശാന്തിതന്നെ ഈശോയുടെ പുനരുത്ഥാനത്തിനു ശക്തമായ ഒരു തെളിവാണ്. കാരണം, മരിച്ച ഒരു മനുഷ്യന്റെ നാമത്തിന് ഇങ്ങനെ ഒരു അദ്ഭുതം പ്രവർത്തിക്കാൻ ശക്തിയില്ലല്ലോ. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവർക്ക് യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കേണ്ടിവന്നു. ഈശോ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നും അവിടുന്ന് ഇപ്പോഴും ജീവിക്കുന്നുവെന്നുമുള്ള യാഥാർത്ഥ്യമായിരുന്നു അത്. ഉടൻതന്നെ അവർ തങ്ങളുടെ ഭാഗം ന്യായീകരിക്കുന്നതിനും തങ്ങളുടെ പ്രവർത്തനങ്ങളെ വെള്ള പൂശുന്നതിനുമുള്ള പരിശ്രമങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കാൻ തുടങ്ങി. സെൻഹെദ്രീൻ സംഘത്തിലെ അംഗങ്ങളും പ്രധാന പുരോഹിതനും പത്രോസിനോടും യോഹന്നാനോടും യേശുവിന്റെ നാമത്തിൽ യാതൊന്നും പ്രവർത്തിക്കരുതെന്ന് ആജ്ഞാപിച്ചു. “അവർ അവരെ വിളിച്ച് യേശുവിന്റെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ അരുത് എന്നു കല്പിച്ചു” (അപ്പ.പ്രവ.4:18). യഥാർത്ഥത്തിൽ അവർ എന്തിനെയാണു ഭയപ്പെട്ടത്? സംശയമില്ല, ‘ഈശോ’യുടെ ശക്തമായ നാമത്തെത്തന്നെ.

യഹൂദ – റോമൻ അധികാരികൾ എന്തുകൊണ്ടാണ് ഈശോനാമത്തെ ഭയപ്പെട്ടത്? എന്തുകൊണ്ടാണ് അവർ ഈശോയുടെ നാമത്തിൽ ഒന്നും ചെയ്യരുതെന്നു ശിഷ്യന്മാരോട് ആജ്ഞാപിച്ചത്? ഈശോയുടെ നാമം ഉച്ചരിക്കുമ്പോൾത്തന്നെ സംഭവിക്കുന്ന അദ്ഭുതങ്ങളും, നിരക്ഷരരും ദുർബലരുമായിരുന്ന ശിഷ്യന്മാർക്കു പൊടുന്നനെ ലഭ്യമായ ധൈര്യവും, ക്രൈസ്തവസഭാസമൂഹത്തിന്റെ വളർച്ചയും ഒരു യാഥാർത്ഥ്യം യഹൂദരെ ബോധ്യപ്പെടുത്തി: ഈശോ ഉയിർത്തെഴുന്നേറ്റുവെന്നും അവിടുന്ന് ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നും അവിടുന്ന് അദ്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും പ്രവർത്തിക്കുന്നുവെന്നുമുള്ള സത്യം. കാരണം, മരണമടഞ്ഞുപോയ ഒരു മനുഷ്യനാമത്തിന് അതിശക്തമായ ഇത്തരം അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയില്ലെന്ന് അവർ തിരിച്ചറിഞ്ഞു. ഈശോയുടെ നാമത്തിൽ ഒന്നും പറയരുത്, പ്രവർത്തിക്കരുത് എന്നു കല്പിച്ച് അപ്പസ്തോലന്മാരെ നിരോധിച്ചാൽ അവരിലൂടെ അദ്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്ന ഉത്ഥിതനായ ഈശോയുടെ ശക്തിയെ തടയാമെന്ന് അവർ കരുതി. എന്നാൽ, അവരുടെ സംഘത്തിലെതന്നെ മുതിർന്നയാൾ, ഗമാലിയേൽ ഈ മനുഷ്യർക്കെതിരായി ഒരു നടപടിയും സ്വീകരിക്കരുതെന്ന് തന്റെ സംഘാംഗങ്ങൾക്കു മുന്നറിയിപ്പു നൽകി: “അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു ഈ ആളുകളിൽനിന്ന് അകന്നുനിൽക്കുക. അവരെ അവരുടെ വഴിക്കു വിട്ടേക്കുക. കാരണം, ഈ ആലോചനയും മനുഷ്യരിൽനിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച്, ദൈവത്തിൽനിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. മാത്രമല്ല ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണപ്പെടുകയും ചെയ്യും” (അപ്പ. പ്രവ. 5:38–39).



ഈശോയെ പടയാളികൾ പിടിച്ചപ്പോൾ പ്രധാന പുരോഹിതന്റെ ദാസിയായ സ്ത്രീയുടെ മുമ്പിൽ പോലും ഈശോയും താനുമായുള്ള ബന്ധത്തിനു സാക്ഷിയാകാൻ ധൈര്യവും ബലവും ഇല്ലാതെപോയ ഭീരുവായിരുന്നു പത്രോസ്. ആ സമയത്ത് വേലക്കാരിയായ ഒരു സ്ത്രീക്കുണ്ടായിരുന്ന ധൈര്യംപോലും പത്രോസിനില്ലായിരുന്നു. എന്നാൽ, പന്തക്കുസ്തയ്ക്കുശേഷം പത്രോസ് ധൈര്യശാലിയായി മാറി. മാത്രവുമല്ല, ആലോചനാസംഘത്തിലെ അംഗങ്ങൾ പോലും ഭയവിഹ്വലരായിത്തീർന്നു! എന്തു മഹത്തരമായ മാറ്റം! ഈശോ എന്ന നാമത്തിൽ അന്തർലീനമായിരുന്ന മഹത്തരവും അദ്ഭുതാവഹവുമായ ശക്തിയെ അറിയാനും അനുഭവിക്കാനും ഉപയോഗിക്കാനും പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരെ പ്രാപ്തരാക്കി. ഇത് തികച്ചും വിസ്മയാവഹമാണ്. പൗലോസ് ശ്ലീഹ ഫിലിപ്പിയർക്ക് എഴുതി: ‘ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കുമുപരിയായ നാമം നൽകുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനുംവേണ്ടിയാണ്’ (ഫിലി. 2:9–11).

പൗലോസ്, പിശാചുക്കളെ ബഹിഷ്കരിക്കുകയും എല്ലാ വിധത്തിലുമുള്ള രോഗങ്ങളിൽനിന്നു സമ്പൂർണ സൗഖ്യം നൽകുകയും ഒട്ടനവധി ശക്തമായ അദ്ഭുതങ്ങൾ ഈശോയുടെ നാമത്തിൽ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചില വ്യാജപിശാചു ബഹിഷ്കർത്താക്കൾ ഈശോയുടെ നാമത്തിലെ അദ്ഭുതശക്തി തിരിച്ചറിഞ്ഞു. പിശാചുബാധിതനായ ഒരു രോഗിയോട് അവർ ആജ്ഞാപിച്ചു: “പൗലോസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ നിന്നോട് ഞാൻ കല്പിക്കുന്നു: “എന്നാൽ, അശുദ്ധാത്മാവ് അവരോട് ഇപ്രകാരം മറുപടി പറഞ്ഞു: യേശുവിനെ എനിക്കറിയാം, പൗലോസിനെയും അറിയാം, എന്നാൽ, നിങ്ങൾ ആരാണ്? (അപ്പ. പ്രവ. 19:13–15).

നമ്മുടെ സ്വപ്നങ്ങളും സങ്കല്പങ്ങളും പദ്ധതികളും ഒരുപക്ഷേ, അർഹിക്കുന്നതും ആഗ്രഹിക്കുന്നതുമായ ഫലങ്ങൾ നേടിത്തന്നില്ലെന്നു വരാം. എന്നാൽ ഗമാലിയേൽ നൽകിയ ഉപദേശംപോലെ അവ എന്റെ നാമത്തിലും ചിന്തയിലുമാണോ അതോ ഈശോയുടെ നാമത്തിലാണോ നിയന്ത്രിക്കപ്പെടുന്നതെന്ന് നമുക്ക് ആത്മശോധന നടത്താം. നമുക്കു വെറും നാമമാത്ര ക്രിസ്ത്യാനികൾ ആകാതിരിക്കാം. നമുക്കു സമർപ്പണവും പ്രതിബദ്ധതയുമുള്ള ക്രിസ്ത്യാനികളാകാം. ഉത്ഥിതനായ ഈശോ നമ്മെ നയിക്കട്ടെ. പരിശുദ്ധാത്മാവ് നമ്മെ ശക്തിപ്പെടുത്തട്ടെ. എളിമയോടും സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടി നമുക്ക് ഉത്ഥിതനായ ഈശോയെ സമീപിക്കാം.

ഈശോ ഒരിക്കൽ ഫരിസേയരോട് അരുൾ ചെയ്തു: “വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റു പറ്റിയിരിക്കുന്നു” (മത്താ. 22:29). ഫരിസേയർ ഈശോയെ ഉപേക്ഷിച്ചതുപോലെ നമുക്കൊരിക്കലും ഈശോയെ ഉപേക്ഷിക്കാതിരിക്കാം. ഈശോയുടെ മഹനീയ നാമത്തിന്റെ ശക്തിയും മഹത്ത്വവും ഗ്രഹിക്കാതെ നാം നമ്മുടെതന്നെ ശക്തിയിലും കഴിവിലും ആശ്രയിച്ച് സ്വാർത്ഥലക്ഷ്യങ്ങൾക്കുവേണ്ടി മാത്രം മുന്നേറിയാൽ അത് ദൈവത്തോടുള്ള നമ്മുടെ മറുതലിപ്പും യുദ്ധവും ആകുമല്ലോ.

വിശുദ്ധ കുരിശിന്റെ അടയാളം രേഖപ്പെടുത്തി നാം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ കുരിശു വരച്ച് പ്രാർത്ഥിക്കുമ്പോൾ ഈ നാമത്തിൽനിന്ന് നമ്മിലേക്കൊഴുകുന്ന അനശ്വര ശക്തിയെ വിശ്വാസംകൊണ്ട് അനുഭവിച്ചറിയാം. ഈശോയിലുള്ള നമ്മുടെ വിശ്വാസം നമ്മെ താങ്ങി നിറുത്തട്ടെ.

നന്മപൂരിതമായി നമ്മുടെ ജീവിതങ്ങളെ മുന്നോട്ടു നയിക്കാൻ ശക്തിയും പ്രേരണയും ലഭിക്കേണ്ടത് കർത്താവിന്റെ നിത്യസാന്നിധ്യം അനുഭവിക്കുന്നതിലൂടെ ആയിരിക്കണം. നമ്മെ വഴി നടത്തേണ്ടത് അവിടുത്തെ പരിശുദ്ധനാമശക്തിയായിരിക്കണം. അവിടുത്തെ പരിശുദ്ധനാമവും തിരുസ്സാന്നിധ്യവും നമ്മുടെ യഥാർത്ഥ ഉത്തരവാദിത്വത്തിലേക്കു നമ്മെ നയിക്കുന്നു. ‘ഞാൻ ആകുന്നു’ (I am) എന്ന വർത്തമാനകാലപ്രയോഗമാണ് അവിടുത്തെ തിരുനാമം. യോഹ. 8:58 ൽ ഈശോ ഫരിസേയരോടു പറഞ്ഞു: “സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്.” ഈ വാക്കുകളിലൂടെ തന്റെ സാന്നിധ്യം സമയത്തിനും കാലത്തിനും അതീതമാണെന്ന് അവിടുന്നു പഠിപ്പിക്കുകയായിരുന്നു; ആദിയും അന്ത്യവും – ആൽഫയും ഒമേഗയും.

ഫറവോയ്ക്കു വ്യക്തമായ മറുപടി കൊടുക്കുവാൻ വേണ്ടി സ്വർഗസ്ഥനായ പിതാവിനോട് അങ്ങയുടെ പേരെന്തെന്ന് മോശ ചോദിച്ചു: ‘ദൈവം മോശയോട് അരുൾ ചെയ്തു: “ഞാൻ ഞാൻതന്നെ. ഇസ്രായേൽ മക്കളോടു നീ പറയുക. ഞാൻ ആകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു” (പുറ.3:14). ‘ഞാൻ ആകുന്നു’ എന്നാണ് അവിടുത്തെ നാമം, എന്നും എല്ലായ്പ്പോഴും നമുക്ക് ലഭിക്കുന്ന അവിടുത്തെ സാന്നിധ്യവും. 72 ശിഷ്യന്മാർ തങ്ങളുടെ പ്രഥമസുവിശേഷപ്രഘോഷണദൗത്യത്തിനായി ഇറങ്ങിത്തിരിച്ചപ്പോൾ ‘ഈശോ’നാമത്തിൽ നിറഞ്ഞുനിന്ന അദ്ഭുതകരമായ ശക്തി അവർ അനുഭവിച്ചിരുന്നു. അവർ തിരികെയെത്തിയപ്പോൾ ഈശോയോടു പറഞ്ഞു: “കർത്താവേ, പിശാചുക്കൾ പോലും നിന്റെ നാമത്തിൽ ഞങ്ങൾക്കു കീഴ്പ്പെട്ടിരിക്കുന്നു.” നാം അവിടുത്തെ പരിശുദ്ധ നാമത്തിലാണു ശുശ്രൂഷകൾ നിറവേറ്റുന്നത്. അവിടുത്തെ തിരുനാമം നമുക്കു നൽകുന്ന ഊർജത്തിനും തീക്ഷ്ണതയ്ക്കും ജ്ഞാനത്തിനും ശക്തിക്കുമായി നമുക്ക് അവിടുത്തെ വാഴ്ത്തി സ്തുതിക്കാം. ശിഷ്യന്മാർ പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം: “കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ,” അതുവഴി ‘ഈശോ’ എന്ന ഏകവും പരിശുദ്ധവുമായ നാമത്തിൽ അടങ്ങിയിരിക്കുന്ന ദിവ്യശക്തി അറിയുകയും അനുഭവിക്കുകയും ചെയ്യാം. വിശ്വാസത്തോടെ അവിടുത്തെ നാമം വിളിച്ച് നമുക്ക് ദൈവത്തെ മഹത്ത്വപ്പെടുത്താം. ■




**വാ**തിലിനു കുറുകെയുള്ള സീനയുടെ കൈയിലേക്കും അവിടെനിന്ന് സീനയുടെ മുഖത്തേക്കും രോഷ്നി നോക്കി. പിന്നെ ചിരിച്ചുകൊണ്ട് ചോദിച്ചു:

''ഇതെന്താ ചേച്ചീ ഒരു തടസ്സം?''

''നീയെവിടെ പോയതാ?'' സീനയുടെ മുഖത്ത് ചിരിയൊന്നും വന്നില്ല.

"ഞാൻ സനുച്ചേട്ടന്റെ വീട്ടില്." ഗൗരവം ഒട്ടും കലർത്താതെയായിരുന്നു മറുപടി.

"അതു മനസ്സിലായി. എന്തിനാ പോയതെന്ന്..."

"അതു ചേച്ചിക്കറിയില്ലേ. ഭക്ഷണം കൊടുക്കാൻ. ബ്രേക്ക്ഫാസ്റ്റ്."

"നിനക്കിത് എന്തിന്റെ സൂക്കേടാ?" സീനയുടെ സ്വരം പെട്ടെന്ന് ഉയർന്നു

"ഒരു ദിവസമോ രണ്ടു ദിവസമോ ആണോ. ഈ പരിപാടി തുടങ്ങീട്ട് നാളെത്രയായി.. ഇവിടെയെന്താ വല്ല ലോട്ടറീം അടിച്ചോ. ഒരൊറ്റ ആള് കൊണ്ടുവരുന്ന കാശുകൊണ്ടു വേണം ഇവിടെയെല്ലാം നടക്കാൻ. അതിന്റെ എടേലാ നിന്റെ അയൽവക്കസ്നേഹം." സീനയുടെ വാക്കുകൾക്കു മുമ്പിൽ രോഷ്നി തകർന്നുപോയി. സീന ഒരിക്കലും ഇങ്ങനെ പ്രതികരിക്കുമെന്ന് അവൾ കരുതിയിരുന്നില്ല.

"ചേച്ചീ." രോഷ്നി അമ്പരപ്പോടെ വിളിച്ചു. അവൾ വെറുതെ പിറകിലേക്ക് ശിരസ്സു തിരിച്ചുനോക്കുകയും ചെയ്തു. അന്നാമ്മച്ചിയെങ്ങാനും കേട്ടുകാണുമോയെന്ന്. പിന്നെ അവൾ ആശ്വസിച്ചു, രണ്ടു വീടുകളും തമ്മിൽ ഇത്തിരി അകലമുള്ളതിനാലും കേൾവിക്കുറവുള്ളതിനാലും അന്നാമ്മച്ചി അത് കേട്ടുകാണില്ല. എങ്കിലും, 'ഒന്നു പതുക്കെ പറയെന്റെ ചേച്ചീ' യെന്ന് അവൾ അടക്കം പറഞ്ഞു.

''ഇല്ലാത്തതൊന്നുമല്ലല്ലോ ഞാൻ പറഞ്ഞത്." സീന തന്റെ നിലപാടിൽ ഉറച്ചുനിന്നു.

"എന്താ ഇവിടെ?'' രാവിലെ ഡ്രൈവിങ്ങിനു പോകാനുള്ള ഒരുക്കത്തിലായിരുന്ന റോയി ഷർട്ടിന്റെ കൈ തെറുത്തുകൊണ്ട് അവിടേക്കു വന്നു.

"ഇവള് കാണിച്ചതു കണ്ടില്ലേ." സീന റോയിയുടെ അടുക്കലേക്കു ചെന്നു.

"ഇവിടെയുണ്ടാക്കുന്നതു മുഴുവൻ അവൾ ആ സനുവിന്റെ വീട്ടിൽ കൊണ്ടുപോയി കൊടുക്കുവാ."

"ഓ അതാണോ." റോയ് അതിനെ അത്ര ഗൗരവത്തിലെടുത്തില്ല.

"സ്മിതച്ചേച്ചി പോയതോണ്ടല്ലേ. സനുസാറിനാണെങ്കിൽ അടുക്കളപ്പണി വശോമില്ല."

"അതു ശരി, അപ്പോ ആങ്ങളേം പെങ്ങളുംകൂടി ഒത്തോണ്ടാ? എന്നാപ്പിന്നെ എന്നതാന്നുവച്ചാ ആയിക്കോട്ടെ. നാളെമുതൽ നാട്ടുകാർക്കു മുഴുവൻ അന്നദാനം നടത്തിക്കോ."

സീന ദേഷ്യപ്പെട്ട് പുറംതിരിഞ്ഞു നടന്നുപോയി.

രോഷ്നി കരയാൻ വിതുമ്പി നില്ക്കുകയായിരുന്നു.

''എന്നതാടീ മോളേ ഇത്.'' റോഷ്നിയുടെ തോളത്ത് റോയി കൈവച്ചു. അപ്പോഴേക്കും റോഷ്നിക്ക് കരച്ചിൽ പൊട്ടി.

"ചേട്ടായീ..." അവൾ അയാളെ കെട്ടിപ്പിടിച്ചു.

"സാരമില്ല." അയാൾ ശബ്ദം താഴ്ത്തി അവളുടെ ചെവിയിൽ തുടർന്നുപറഞ്ഞു:

"ഒന്നും പോകരുത്, എല്ലാം ഇങ്ങോട്ടു വേണം. അങ്ങനെയൊരു വിചാരമാ അവളുടേത്. പോട്ടെ. നീ ക്ലാസിൽ പോകാൻ നോക്ക്."

രോഷ്നി കണ്ണുതുടച്ചുകൊണ്ട് ബാത്ത്റൂമിലേക്ക് പോയി.

ബസ് സ്റ്റോപ്പിലേക്കു നടക്കുമ്പോഴും പക്ഷേ, അവളുടെ മനസ്സിൽ സീനയുടെ വാക്കുകളായിരുന്നു. ശരിയാണ്, സ്മിതയുടെ മരണം കഴിഞ്ഞ നാൾമുതൽ



താനാണ് അവിടെ ഭക്ഷണമെത്തിക്കുന്നത്. അത് തന്റെ കടമയായിട്ടാണു തോന്നിയതും. നല്ലൊരു അയൽവക്കബന്ധം ഇരുവീട്ടുകാരും തമ്മിലുണ്ടായിരുന്നു. എത്രയോ തവണ തങ്ങൾ ആ വീട്ടിൽനിന്നു ഭക്ഷണം കഴിച്ചിരിക്കുന്നു. ജോസഫേട്ടനും അന്നാമ്മച്ചിയും പണക്കാരായിരുന്നതുകൊണ്ടായിരുന്നോ അത്. ഒരിക്കലുമല്ല. ഇങ്ങനെ ചിലരുള്ളതുകൊണ്ടാണ് അയൽവക്കബന്ധങ്ങൾക്ക് ഇഴയടുപ്പം ഉണ്ടാകുന്നത്. സീനയെപ്പോലെയുള്ളവർ വീടുകളിലേക്കു കയറിവരുമ്പോഴാണ് ചില ബന്ധങ്ങൾ തകരുന്നത്. ഉള്ളിലെ സ്വാർത്ഥത കൊണ്ട് അവർ തങ്ങളുടെ മാത്രമല്ല മറ്റുള്ളവരുടെ ജീവിതങ്ങളിലെയും വെളിച്ചം ഊതിക്കെടുത്തുന്നു. പരദൂഷണം, സ്വാർത്ഥത, ഇല്ലാക്കഥകൾ. വിദ്വേഷം. എങ്ങനെയെല്ലാമാണ് ബന്ധങ്ങൾ തകർന്നുകൊണ്ടിരിക്കുന്നത്!

പെട്ടെന്നാണ് പിറകിൽനിന്ന് ഒരു ബൈക്ക് രോഷ്നിയുടെ സമീപത്തുവന്നു സ്ലോയായത്. രോഷ്നി ഞെട്ടലോടെ തിരിഞ്ഞുനോക്കി.

സുമൻ ആയിരുന്നു അത്. അയാൾ അവളെ നോക്കി ചിരിച്ചു. ചിരിച്ചുവെന്നു വരുത്തിക്കൊണ്ട് രോഷ്നി മുന്നോട്ടുനടന്നു. അയൽവക്കമാണെങ്കിലും ആ കുടുംബത്തോട് അവൾക്ക് അടുപ്പം തോന്നിയിരുന്നില്ല. സ്വാർത്ഥരായ മനുഷ്യർ എന്നായിരുന്നു അവരെക്കുറിച്ചു പൊതുവേ നാട്ടിൽ പറയാറുണ്ടായിരുന്നത്. അതുമാത്രമായിരുന്നുവെങ്കിൽ സാരമില്ലായിരുന്നു. അയൽക്കാരുടെ സ്വത്തുകൂടി കൈയേറാനുള്ള പ്രവണതയും അവർക്കുണ്ടായിരുന്നു.

"ഇന്നും ക്ലാസ് ഉണ്ടോ?"

സുമൻ അവൾക്കൊപ്പം ബൈക്ക് ഉരുട്ടി.

"ഉം."

"ബാങ്ക് കോച്ചിങ്ങിനു നല്ല സ്കോപ്പാ. അതു നോക്കാൻ മേലായിരുന്നോ?"

കോ- ഓപ്പറേറ്റീവ് ബാങ്കിലെ ഉദ്യോഗസ്ഥനാണ് സുമൻ.

"എനിക്കു കണക്കും കാര്യങ്ങളും തീരെ ഇഷ്ടമില്ല." രോഷ്നി പറഞ്ഞു.

"ഉടനെയെങ്ങാനും പിഎസ്സി വിളിച്ചിട്ടുണ്ടോ?''

"അറിയില്ല."

സംസാരം നീട്ടിക്കൊണ്ടു പോകാൻ താത്പര്യമില്ലാത്തതുപോലെ രോഷ്നി പറഞ്ഞു.

"ഇതെന്താ രോഷ്നി ഇങ്ങനെ? ഞാനെന്തു ചോദിച്ചാലും രോഷ്നീടെ മറുപടി ഇല്ല, ഉണ്ട്, ഇല്ല ഉണ്ട്. ഇതിൽക്കൂടുതൽ എന്നോടു സംസാരിക്കില്ല എന്ന് വാശിയിലാണോ?"

''വാശിയോ, എന്തിന്?'' രോഷ്നി ചോദിച്ചു.

"നിങ്ങളുടെ മറുപടി അതെയെന്നോ അല്ലായെന്നോ ആയിരിക്കട്ടെ എന്നല്ലേ ബൈബിൾ പറയുന്നത്?"

"ആണോ. എനിക്കത് അത്ര പരിചയമില്ലാത്ത ബുക്കാ.'' സുമൻ സമ്മതിച്ചു.

"എങ്കിൽ അങ്ങനെയാണ്. അതുകൊണ്ട് സുമൻ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം എന്റെ മറുപടി അങ്ങനെയായിരിക്കും."

"ഇതുമതി ഇതുമതി." സുമൻ ചിരിച്ചു.

''രോഷ്നി ഇത്രയും പറഞ്ഞാൽ മതി. എനിക്കു സന്തോഷമായി. നമ്മൾ തൊട്ടടുത്ത അയൽക്കാരായിട്ടും രോഷ്നി ഇത്രയും എന്നോടു സംസാരിച്ചിട്ടേയില്ല. എനിക്കു സന്തോഷമായി."

സുമൻ ചിരി തുടർന്നു. അപ്പോഴാണ് തനിക്ക് അബദ്ധം പറ്റിയതായി രോഷ്നിക്കു തോന്നിയത്. സുമനോട് യാതൊരു തരത്തിലുള്ള അടുപ്പവും രോഷ്നിക്കു തോന്നിയിരുന്നില്ല. എന്നാൽ, സുമന് തന്നോടുള്ള ഇഷ്ടത്തെക്കുറിച്ച് അവൾക്കു വ്യക്തമായ ധാരണയുമുണ്ടായിരുന്നു. പക്ഷേ, അതൊരിക്കലും പ്രോത്സാഹിപ്പിക്കാൻ അവൾ തയ്യാറായിരുന്നില്ല. മാത്രവുമല്ല സുമനിൽനിന്നു പരമാവധി ഒഴിഞ്ഞുനില്ക്കാനാണ് അവൾ ശ്രമിച്ചിരുന്നതും. അവൾ അകന്നുപോകാൻ ശ്രമിക്കുമ്പോൾ അവളോട് കൂടുതൽ ചേർന്നുനില്ക്കാനാണ് സുമൻ ശ്രമിച്ചിരുന്നത്.

"എനിക്കു വീട്ടിൽ കല്യാണാലോചനകൾ തുടങ്ങിയിട്ടുണ്ട്."

സുമൻ അറിയിച്ചു.

"ഉം." രോഷ്നി വീണ്ടും പഴയതുപോലെയായി.

"ഞാൻ റോയിച്ചനോട് നമ്മുടെ കാര്യം പറയട്ടെ."

നമ്മുടെ കാര്യമോ, എന്തു കാര്യം?

''വിവാഹക്കാര്യം.'' സുമൻ പറഞ്ഞു. രോഷ്നി ഞെട്ടിയില്ല. അവൾ അങ്ങനെയൊരു പ്രതികരണം അയാളിൽനിന്നു പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

"എനിക്ക് രോഷ്നിയെ ഇഷ്ടമാണ്. പണ്ടു സ്കൂളിൽ പഠിക്കുന്ന കാലം തൊട്ടുതന്നെ. എന്നെ കല്യാണം കഴിക്കുവാണേൽ രോഷ്നിക്ക് ഈ നാടും വീടും വിട്ടു പോകേണ്ട കാര്യോം വരുന്നില്ല. എന്താ രോഷ്നിക്ക് ഇഷ്ടമല്ലേ എന്നെ കല്യാണം കഴിക്കാൻ?"

"ഒരു കാര്യം. രോഷ്നി സുമനു നേരേ ചൂണ്ടുവിരലുയർത്തി.

*ശേഷം 13-ാം പേജിൽ*

# വാസവദത്തമാർ ജനിക്കുന്നത്

പ്രണയപാഠാവലി



96

ഡോ. ആന്റണി ജോസ്

പ്രണയത്തിലൂടെ രതിയിലെത്താനുള്ള സ്ത്രീമനസ്സിന്റെ ആവേഗത്തെക്കുറിച്ച് മുമ്പ് കാണുകയുണ്ടായി. റോസ് മേരി ബാസൺ അവതരിപ്പിച്ച 'വൈകാരിക അടുപ്പ്'ത്തിന്റെ മോഡൽ ഇതു കൃത്യമായി ശരിവയ്ക്കുന്നു. ആൺ-പെൺ ലൈംഗികതയിൽ ഇത്തരമൊരു വൈധർമ്മ്യം ഉണ്ടെങ്കിലും, അതിനെ കണ്ണടച്ചിരുട്ടാക്കാനാണ് അവനു താത്പര്യം. തന്റെ ഏകാധിപത്യ-ഏകപക്ഷീയ-സ്വാർത്ഥപ്രേരിത-ബാധ്യതാരഹിത-നൈമിഷികബോധത്തിന്റെ ഓട്ടയിൽക്കൂടി, ചിലതൊക്കെ കണ്ടെത്തി വിളംബരം നടത്തുവാൻ എത്രയധികം ഉത്സാഹിക്കുന്നു? വിഷയലമ്പടത്വമുള്ള പെണ്ണുങ്ങളുടെ ഒരു രജിസ്ട്രിതന്നെ അവൻ സൂക്ഷിക്കുന്നുണ്ട്! ചരിത്രത്തിലും സാഹിത്യത്തിലും പ്രിന്റ് ഇലക്ട്രോണിക് ആനുകാലികങ്ങളിലും, എന്തിന് താമസിക്കുന്ന പുരയിടത്തിലെ ഇടവഴികളിൽക്കൂടി അവന്റെ ജിജ്ഞാസ മണം പിടിക്കുന്നു.

ഇവിടെ കുമാരനാശാന്റെ കരുണയിലെ വാസവദത്ത ഒരു വാർപ്പുമാതൃകയാകുന്നു. വാരസ്ത്രീയാണവൾ. ജനിമൃതികൾക്കിടയിൽ തന്റെ സ്വത്വത്തെ എപ്രകാരം അവൾ അടയാളപ്പെടുത്തുന്നുവെന്ന് പഠിക്കേണ്ടതാണ്. തൊഴിലാളിപ്രമാണിയായ പുരുഷനെ നിഗ്രഹിച്ച്, വിത്തപ്രതാപവാനായ വർത്തകനെ വരിക്കുന്നു. കാമഭ്രാന്ത് പിടിച്ചവളുടെ കിരാതപ്രവൃത്തി; അങ്ങനെ തന്നെ വിളിക്കാമോ? അപ്പോൾ ബുദ്ധശിഷ്യനായ ഉപഗുപ്തന്റെ കാര്യമോ? അയാളിൽ ഭ്രമിച്ച വാസവദത്ത തന്റെ ഇംഗിതമറിയിക്കാൻ ദൂതുകൊടുത്തു വിടുന്നുമുണ്ട്. പക്ഷേ, ഉപഗുപ്തൻ ആ ക്ഷണം നിരാകരിച്ചു. വാസവദത്ത ദുഃഖിതയായി.

"ഗുണബുദ്ധിയാൽ ഞാൻ തോഴീ,കൊതിപ്പതക്കോമളന്റെ
പ്രണയം മാത്രമാണെന്നു പറഞ്ഞില്ലേ നീ?"

അവൾ തോഴിയോടു ചോദിക്കുകയാണ്. വെളിച്ചമെത്താത്ത പുരുഷന്റെ ബോധഗഹ്വരങ്ങളിൽ തടിത്പ്രഭപോലെ പ്രകാശമേകുന്ന ദർശനം...

ഗണികയ്ക്ക് അനുരാഗം ഉണ്ടാകുമത്രേ! ഒരു വാസവദത്ത ജനിക്കുന്നത് തൊഴിൽപരമായ തിരഞ്ഞെടുപ്പിലൂടെയാകാം. എന്നാൽ, അതിനവൾക്ക് ദിശാബോധം നൽകുന്ന പരിസരങ്ങൾ, 'മേനിസുഖ'മെന്ന പരികല്പനയിൽ ഒതുങ്ങുന്നതല്ല.

അമ്മ, ഭാര്യ, മകൾ, സഹോദരി, സുഹൃത്ത് - ഇതൊക്കെ പ്രകൃതി അവൾക്കു കനിഞ്ഞേകിയ വരദാനഭൂമികകളാണ്. ഇവ തിരിച്ചറിയുംമുമ്പേ ജീവിതത്തിന്റെ ചുവന്ന ഇടനാഴികളിലേക്കു വലിച്ചെറിയപ്പെട്ടാലോ? അവളുടെ ലോകം അവിടംകൊണ്ടവസാനിക്കും. വഞ്ചിക്കപ്പെട്ടും നിർബന്ധിക്കപ്പെട്ടും എത്തിയവരാണധികവും. മാതാപിതാക്കളുൾപ്പെടെ അഭ്യുദയകാംക്ഷികളുടെ രൂപത്തിലെത്തിയ പലരും അതിന് വഴിയൊരുക്കിയിട്ടുണ്ടാകാം. ദാരിദ്ര്യം, ഭരണകൂട അരക്ഷിതാവസ്ഥ, വിദ്യാഭ്യാസമില്ലായ്മ, സ്നേഹരാഹിത്യം, അവഗണന, അന്ധവിശ്വാസം ഇതെല്ലാം അവളുടെ വഴികളിൽ ഇടിമണൽ തീർക്കുന്നു. അപമാനവീകരിക്കപ്പെട്ട സാഹചര്യങ്ങളിൽപ്പെട്ടുപോകുകയും പിന്നീട് കരകയറാനുള്ള സാഹചര്യങ്ങൾ അന്യമാകുകയും ചെയ്യുന്ന വ്യക്തിക്ക് കുറ്റബോധമോ, സാംസ്കാരിക ജീർണ്ണതയുടെ മനംപിരട്ടലോ ഉണ്ടാകണമെന്നില്ല. വരുമാനം, ഡിമാന്റ് ഇവ അവരുടെ സ്വപ്ന ലോകത്തിലെ അവശേഷിക്കുന്ന മുത്തുച്ചിപ്പികളായി മാറുന്നു. വൈകാരികഅടുപ്പമില്ലെങ്കിലും ശാരീരികസന്തോഷത്തിൽ തൃപ്തി കണ്ടെത്തുകയും ചെയ്യുന്നു.

ചില വ്യക്തിത്വവൈകല്യങ്ങളും മനോരോഗങ്ങളും അപഥസഞ്ചാരത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കാം. അഡ്രിനൽ ഗ്രന്ഥിയുടെ തകരാറുകൾ, ക്രോമസോം വൈകല്യങ്ങൾ, മാനിയ , മിഥ്യാബോധം, ബോർഡർലൈൻ പേഴ്സണാലിറ്റി - തുടങ്ങിയവയൊക്കെ ഇക്കൂട്ടത്തിൽപ്പെടുന്നു. ഹിസ്ട്രിയോണിക് വ്യക്തിത്വവൈകല്യമുള്ളവർ, രതിഭാവുകത്വമുള്ള പ്രലോഭകരായി (Seductive and flirtatious) അവതരിച്ചെന്നിരിക്കും. ഇത്തരക്കാർ ദുരുപയോഗിക്കപ്പെടാനുള്ള സാധ്യത ഏറെയാണ്. എങ്കിലും മതസാംസ്കാരികാവബോധങ്ങൾ തീർക്കുന്ന മൂല്യബോധത്തിന്റെ മാർച്ചട്ട അവർക്കു കരുതലേകാതിരിക്കില്ല.

ഇനിയൊരുകൂട്ടം വാസവദത്തമാർ പിറക്കുന്നത്, തങ്ങളുടെ ചാരിത്ര്യത്തെ നിർമ്മലമായി കാത്തു എന്ന ഒറ്റക്കാരണംകൊണ്ടാണ്. പലപ്പോഴും വൈധവ്യത്തിന്റെ നെഞ്ചിലേൽക്കുന്ന തിരുമുറിവാണിത്. ഇവരെക്കുറിച്ചു ഭാരപ്പെടുന്ന ചില പുരുഷന്മാരുണ്ട്.

പുരുഷസംസർഗ്ഗമില്ലാതെ വശംകെടുന്നല്ലോ എന്നാണ് ഈ കർദ്ദമശിരസ്സുകൾക്ക് വേവലാതി. അവർ സന്നദ്ധസേവകരായി ഇറങ്ങിത്തിരിക്കുന്നു. പാദത്രപ്രഹരംകൊണ്ട് ചെകിടുപുകയുകയോ വാഗസ്ത്രമേറ്റ് ഡംഭം പിളരുകയോ ആണ് അനന്തരഫലം. മുറിവേറ്റ ഈ സർപ്പങ്ങൾ, പിന്നീട് വിഷക്കഥകൾ പ്രചരിപ്പിച്ച് അവരുടെ മാനം നശിപ്പിക്കുന്നു. പ്രണയസാക്ഷരത തൊട്ടുതീണ്ടിയിട്ടില്ലാത്ത മറ്റനേകം പുരുഷന്മാരും അതേറ്റുപിടിക്കുന്നു. അങ്ങനെയുമുണ്ടാകുന്നുണ്ട് വാസവദത്തന്മാരും മറിയകളും.


പിഴച്ചവൾ എന്നതിനെക്കാൾ പിഴയ്ക്കപ്പെട്ടവൾ എന്ന ചിത്രമായിരിക്കണം മറിയത്തെക്കുറിച്ച് യേശുവിനുണ്ടായത്. ആൺകോയ്മയുടെ അധിനിവേശ - ചൂഷണരീതിശാസ്ത്രത്തിനു നേർക്ക് ചീറിപ്പാഞ്ഞ ഉളിമുനയായി ആശാരിച്ചെറുക്കന്റെ മറുചോദ്യം: "നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെ." ആത്മനിർമ്മിതിയുടെ വാസ്തുവിദ്യയറിഞ്ഞവൻ, പുരുഷലൈംഗികതയിലടിഞ്ഞുകൂടിയ ഭോഷ്ക്കുകൾക്ക് ചിന്തേരിടാൻ കൂടി നിശ്ചയിച്ചിരുന്നു. വേറൊരിക്കൽ അവൻ കൊടുവടി വീശിയപ്പോൾ പലരും വിറച്ചു: "സ്ത്രീയെ ആസക്തിയോടെ നോക്കുന്നവൻ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു..." പ്രണയരഹിതമായ ആസക്തി അറുത്തുമാറ്റിക്കൊള്ളാൻ താക്കീതു നൽകി. ആസക്തിയോടെ പുരുഷനെ നോക്കുന്നവളെക്കുറിച്ച് എന്തുകൊണ്ട് മിണ്ടാട്ടം നടത്തിയില്ല എന്ന വിഡ്ഢിച്ചോദ്യത്തിന് അന്ത്യമായി.



നമ്മുടെ തീവണ്ടികളിലെ ശുചിമുറികളിൽ കാണുന്ന ആഭാസസാഹിത്യം എത്ര ജുഗുപ്സാവഹമാണെന്നു പറയാതെ വയ്യ. അതേറ്റവും കൂടുതൽ അസ്തപ്രജ്ഞതയുണ്ടാക്കുക സ്ത്രീകളിൽത്തന്നെയായിരിക്കും. ചില കോൺടാക്റ്റ് നമ്പരുകളും എഴുതിക്കാണാറുണ്ട്. ഇതു കാണുന്ന ശരാശരി പ്രണയസാക്ഷരതയില്ലാത്ത ചിലരെങ്കിലും ഒന്നു മൊബൈലെടുത്താലോ എന്നാലോചിക്കാം. ദയവായി വേണ്ടാത്ത പൊല്ലാപ്പിനൊന്നും പോകേണ്ട. സ്ത്രീത്വത്തെ അറിയാത്തവന്റെ ദമിതകാമനകളുടെ ഒരു ചോർന്നൊലിക്കലായി മാത്രം അതിനെ കാണുക.

ജീവിതം ആനന്ദിച്ചർമ്മാദിക്കണമെന്നു പറയുന്ന വ്യക്തികൾ രതിസാക്ഷാത്കാരമാർഗങ്ങൾ ഒഴിവാക്കുമെന്നു പ്രതീക്ഷിക്കാനാവില്ല. നിങ്ങൾക്കുമുമ്പിൽ ആയിരം വാസവദത്തമാരും മറിയമാരും വരാം. അതിൽ ആരാണ് നിങ്ങളെ പ്രണയിച്ചത്? ഇനി നിങ്ങളെ പ്രണയിച്ച വ്യക്തിയുണ്ടെന്നിരിക്കട്ടെ. അവൾ നിങ്ങൾക്കായി മറിയമാരെ കൊണ്ടുവന്നു തരുമോ? സ്വപ്നത്തിൽ വിചാരിക്കേണ്ട. ചുരുക്കിപ്പറഞ്ഞാൽ, സ്ത്രീസ്വത്വത്തിന്റെ പൂർണാനുമതിയിലും അംഗീകാരത്തിലുമൊന്നുമല്ല കാസനോവമാർ തഴച്ചുവളരുക. അവിടെ വഞ്ചനയും സ്ത്രീസ്വത്വനിരാസവുമൊക്കെ നടക്കുന്നുണ്ട്.

## മൃതിയുടെ മധുവിധു



കവിത

നിഷ

മൃതിയുടെ അണുക്കൾ
പൂക്കളമിട്ട് നരന്റെ ജീവിതം
പാതാളപ്പെട്ടിയിലാണ്ട കാലത്താണ്
എന്റെ മധുവിധുകാലമായെന്നു പറഞ്ഞ്
പൂവിന്റെയാത്മാവ്
ഉയിർത്തെഴുന്നേറ്റത്.

തൊടിയിലേക്കിറങ്ങി, നോക്ക്യപ്പോ
മഞ്ഞും, സ്വർണപ്രഭയും
തൊട്ടുണർത്തിയ പൂക്കൾ,
മനുഷ്യരറിയാതെ പതിവിലേറെ
പൂത്തുലഞ്ഞിരിക്കുന്നു.
ഇത്രയും പൂത്തിട്ടും
ഗന്ധമറിയാത്തൊരെൻ മൂക്കിനെ
പ്രാക്യപ്പോ, പുത്തനുടുപ്പ്
മൂക്കിൻമേലിരുന്നു ചിരിച്ചു.

വെഞ്ചരിപ്പിന്റെ വെള്ളം
നെറുകയിൽ വീണവളാണെങ്കിലും,
ചന്ദനം തൊട്ടൊരമ്മമ്മ വിളമ്പിത്തന്ന
നെയ്പ്പായസത്തിന്നോർമയിൽ
ഞാൻ പൂക്കളെത്തൊട്ടു.
സമാധാനപ്പറവയായ് ചിരിക്കുന്ന
നറുംവെള്ളത്തുമ്പയെ
നുള്ളിയെടുക്കുംമുമ്പേതന്നെ
ഭ്രാന്തമായ് ചിരിച്ചലറി
ചുവന്ന ചെമ്പരത്തിപ്പൂങ്കുടുന്നകൾ

അടുത്തൊരോണപ്പൂ, നുള്ളാൻ
വരില്ല നീയെന്ന പുച്ഛഭാവം
പൂക്കൾതൻ പീലിയിൽ
കണ്ടീടവേ, ഞാനറിഞ്ഞൂ...
നാൽച്ചുവരിനുള്ളിലെ
തളപ്പിട്ട വായുവിൽ
ഞാനും എന്നോണവും വിയർക്കുന്നത്.

# ഏനേക്കാട്ടെ സുവിശേഷഭാഗ്യങ്ങൾ






**ആഷ്‌ലി ടെസ് ജോൺ**

“പ്രസവം എനിക്കു പേടിയായിരുന്നു. വീർത്തു വരുന്ന വയറ് കാണുമ്പോഴേ എനിക്കു നെഞ്ചിടിപ്പേറും.” ‘സാറാസ്’ സിനിമയിലെ സാറയെ ഓർമപ്പെടുത്തിക്കൊണ്ട് ഡോ. ബ്രിജിറ്റ് പറഞ്ഞു തുടങ്ങിയപ്പോൾ എനിക്കു ചിരി വന്നു. അഞ്ചു കുഞ്ഞിപ്പൈതങ്ങളെ ‘പെടെപേടേന്ന്’ പ്രസവിച്ച ഡോക്ടറാണ് ‘റ്റോക്കോഫോബിയ’യെപ്പറ്റി പറയുന്നത്.

“ഓരോ ദിവസവും ഉണരുന്നതുതന്നെ ‘ദൈവമേ, ഈ കുഞ്ഞെങ്ങനെ പുറത്തുവരും?’ എന്നു വെപ്രാളപ്പെട്ടാണ്. ലേബർ റൂമിലെ നിലവിളികളും വേദനകളും കണ്ടതുകൊണ്ടാകാം, ആദ്യത്തെ പ്രസവം കഴിയും വരെ ആ ‘ഫോബിയ’ എന്റെ കൂടെയുണ്ടായിരുന്നു.” വേദനയോടെ പ്രസവിക്കുന്ന സ്ത്രീ പിന്നീടത് മറന്നുപോകുന്ന പടച്ചവന്റെ മായാജാലത്തിന് മനസ്സിൽ ഞാൻ നന്ദി പറഞ്ഞു.

ഇത് ഡോ. ബ്രിജിറ്റ്. കോട്ടയം ജനറൽ ഹോസ്പിറ്റലിൽ ബ്ളഡ് ബാങ്കിന്റെ ചാർജുള്ള ഡോക്ടർ. പാലാ, മരിയൻ സെന്ററിലെ അനസ്തെറ്റിസ്റ്റ് ഡോ. സുദീപ് തോമസിന്റെ ഭാര്യ. പത്തുവയസ്സിൽ താഴെയുള്ള അഞ്ചു കൺമണികളുടെ അമ്മ. കരിയറിനു തടസ്സമാകുന്ന കുഞ്ഞുങ്ങളെ അബോർഷനിലൂടെ ഇല്ലാതാക്കുന്ന ഈ കാലത്ത്, നിലനിൽക്കുന്നതേതാണ്, കടന്നുപോകുന്നതേതാണ് എന്ന തിരിച്ചറിവ് യൗവനത്തിലെ സ്വന്തമാക്കിയവൾ. രണ്ടാം വർഷ എം.ബി.ബി.എസിനു പഠിക്കുമ്പോൾത്തന്നെ ഞാൻ ‘പ്രീമാര്യേജ് കോഴ്സി’ൽ കൃത്രിമഗർഭനിരോധനമാർഗങ്ങൾക്കെതിരേ ക്ലാസെടുത്തിരുന്നു. അന്നു പറഞ്ഞു പഠിപ്പിച്ച കാര്യങ്ങളിൽനിന്ന് അണുവിട പിന്നോട്ടു മാറിയിട്ടില്ല. ഒരിക്കൽപ്പോലും ഉദരത്തിൽ ഉരുവായ കുഞ്ഞുങ്ങളെ, ഒഴിവാക്കണമെന്നു തോന്നിയിട്ടുമില്ല. എം.ഡി.ക്കു പഠിക്കുന്ന സമയത്തായിരുന്നു ആദ്യത്തെ പ്രഗ്നൻസി. പ്രസവം കഴിഞ്ഞാണ് എം.ഡി. കംപ്ലീറ്റു ചെയ്തത്.” സ്ത്രീയുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാവാൻ ഗർഭവും കുട്ടികളും തടസ്സമാണെന്ന തെറ്റായ പ്രചാരണത്തിനൊരു മറുപടിയാണ് ഈ ഡോക്ടർ.



*കാഞ്ഞിരപ്പള്ളി ഏനേക്കാട്ട് ഡോ. സുദീപും ഡോ. ബ്രിജിറ്റും മക്കളോടൊപ്പം*

“എങ്ങനെ മാനേജു ചെയ്യുന്നു, ഈ കുട്ടിക്കൂട്ടത്തെ?” എന്റെ ചോദ്യത്തിനുള്ള ഉത്തരം പെട്ടെന്നു വന്നു: “അയ്യോ, അതിന്റെ ക്രെഡിറ്റ് എനിക്കുള്ളതല്ല, ഡോ. സുദീപിന്റെ മാതാപിതാക്കൾക്കുള്ളതാണ്. തോമസ് ഏനേക്കാട്ടും മേരിക്കുട്ടി തോമസും. അവരുടെ ചിട്ടയോടെയുള്ള കരുതലും പരിചരണവും കൊണ്ടാണ് എന്റെ കുടുംബവും കുഞ്ഞുങ്ങളും ഇങ്ങനെ ഭംഗിയായി മുന്നോട്ടു പോകുന്നത്. കാഞ്ഞിരപ്പള്ളിയിലെ വീടൊക്കെ വിട്ട്, ഈ ചെറിയ ക്വാർട്ടേഴ്സിൽ വന്നു താമസിക്കുകയാണ് ഞങ്ങൾക്കും മക്കൾക്കും കൂട്ടായി.” ഡോക്ടർ ബ്രിജിറ്റിന്റെ വാക്കുകളിൽ നന്ദിയുടെ തിരയിളകി.

“കഴിവും ക്ഷമയും കുറവുള്ള ഞങ്ങൾക്ക്, ദൈവം അഞ്ചു മക്കളെ തന്നപ്പോ കൂടെ കഴിവും ക്ഷമയുമുള്ള ഡാഡിയേം മമ്മിയേംകൂടി തന്നു. അവരെയാണു നമിക്കേണ്ടത്. എല്ലായ്പ്പോഴും ജീവിതത്തോട് ‘യേസ്’ എന്നു പറയാൻ പഠിപ്പിച്ചതവരാണ്.” ഡോ. സുദീപ് പറഞ്ഞുതുടങ്ങി. ബാംഗ്ലൂർ സെന്റ് ജോൺസിൽ എം.ഡി. ചെയ്യുമ്പോൾ അബോർഷനെതിരേ ക്ലാസ്സുകൾ എടുത്തിരുന്നു. അതിപ്പോഴും തുടരുന്നുണ്ട്. പ്രാർത്ഥനയിലുറച്ച കുടുംബത്തിൽ ജനിച്ചതു ഭാഗ്യമായി കരുതുന്നു. എന്റെ കുഞ്ഞുങ്ങളെ ദൈവവിശ്വാസത്തിൽ ഉറപ്പിക്കാനും ഡാഡിയും മമ്മിയും മുന്നിലുണ്ട്. ഡാഡി മൈക്കിളിനെ സങ്കീർത്തനങ്ങൾ പഠിപ്പിക്കും. തെരേസയും ആ കൂടെ വചനങ്ങൾ മനഃപാഠമാക്കും. അവരുടെകൂടെ കുട്ടികൾ കുർബാനയ്ക്കു പോകും. സന്ധ്യാപ്രാർത്ഥനനേരം ശാസിച്ച് എല്ലാവരെയും ഒന്നിച്ചിരുത്തി പ്രാർത്ഥിപ്പിക്കും. ഊണുമേശയിലും എല്ലാവരും ഒരുമിച്ചുണ്ടാവും.”

കുഞ്ഞുങ്ങൾ അല്പം ഭക്ഷണം കുറച്ചു കഴിക്കുന്നതൊക്കെ ‘മുട്ടക്കാട്ടൻ’ പ്രശ്നങ്ങളാക്കുന്ന കുടുംബങ്ങളുടെ ഈ കാലത്ത് ഏനക്കാട്ടെ ഭക്ഷണമേശയിൽ, കുഞ്ഞുങ്ങൾ നിർബന്ധബുദ്ധിയില്ലാതെ ഭക്ഷണം കഴിക്കുന്നുണ്ട്. വല്യപ്പച്ചൻ പറയുന്ന വിശുദ്ധരുടെ കഥകൾ ആകൂടെ അവർ ആസ്വദിക്കുന്നുമുണ്ട്. വാർദ്ധക്യമിവിടെ വിരസതയറിയുന്നില്ല. പറയാനും കേൾക്കാനും പരസ്പരം ഊന്നുവടികളാകുന്നവർ. ചില വീട്ടകങ്ങൾ വിസ്മയം തീർക്കുന്നത് അവയുടെ വലിപ്പം കൊണ്ടല്ല, ഇതുപോലുള്ള ചെറിയ ചില വണക്കങ്ങൾകൊണ്ടാണ്, അല്ലേ?

“ഡോ. സുദീപിന് ഹോസ്പിറ്റലിൽ തിരക്കുണ്ട്. എങ്കിലും, സമയം കിട്ടുമ്പോഴൊക്കെ കുട്ടികളെ കുളിപ്പിക്കാനും, ഭക്ഷണം കൊടുക്കാനും കൂടെക്കൂടും. നല്ല ഡോക്ടറാണ്’’ ഡോ. ബ്രിജിറ്റ് പറഞ്ഞുനിർത്തിയപ്പോൾ ചിരിയോടൊപ്പം സ്നേഹത്തിന്റെ സുഗന്ധവും പരന്നു.

‘‘കരിയറും കുടുംബവും ബാലൻസ്ഡ് ആയി കൊണ്ടുപോകാൻ പറ്റും. ഏതിനാണ് കൂടുതൽ പ്രയോരിറ്റി വേണ്ടതെന്ന് നമ്മളാണു തീരുമാനിക്കേണ്ടത്. ചില മുള്ളുവേലികളും മുറിവുകളും ജീവിതം തരാതിരിക്കില്ല. സന്തോഷത്തോടെ ‘ആമേൻ’ പറഞ്ഞ് അതു സ്വീകരിച്ചാൽ ജീവിതം കൂടുതൽ സുന്ദരമാകും.” കണ്ണു തുറപ്പിക്കുന്ന കാഴ്ചപ്പാടുകളാണ് ഡോ. സുദീപിന്റേത്.

“മക്കൾ കൂടുന്തോറും ഞങ്ങളുടെ ദാമ്പത്യത്തിന്റെ ഇഴയടുപ്പവും കൂടി. കോമൺ ഫാക്ടേഴ്സായി ഞങ്ങൾക്കിടയിൽ മൈക്കിളും തെരേസയും മരിയയും ആൻറോസും, ക്ലെയറുമുണ്ടല്ലോ, ചിരിക്കാനും ചിന്തിപ്പിക്കാനും.”

യേശുവാകുന്ന മഹാവൈദ്യനിൽനിന്ന് ദക്ഷിണവച്ച് അഭ്യസിച്ചതുകൊണ്ട് ഈ വൈദ്യന്മാരുടെ ഔഷധങ്ങൾക്കെല്ലാം ജീവൻ പകരുകതന്നെ ചെയ്യും.

■

---




*11-ാം പേജ് തുടർച്ച*

“സുമൻ മേലിൽ എന്നോട് ഇക്കാര്യം സംസാരിക്കരുത്. സുമന്റെ പെരുമാറ്റത്തിൽനിന്ന് എനിക്കു പലപ്പോഴും ഇങ്ങനെയൊരു സംശയം തോന്നിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാനൊരിക്കലും സംസാരിച്ചു നീട്ടി അതിനെ പ്രോത്സാഹിപ്പിക്കാതിരുന്നത്.”

“രോഷ്നിക്ക് എന്നെ ഇഷ്ടമില്ലേ?” സുമൻ സംശയിച്ചു. അവഗണിക്കപ്പെട്ടു പോകുന്ന സ്നേഹത്തിന്റെ വേദന അയാളുടെ സ്വരത്തിലുണ്ടായിരുന്നു.

“സുമൻ ആഗ്രഹിക്കുന്നതുപോലെയുള്ള ഇഷ്ടം എനിക്കൊരിക്കലും തോന്നിയിട്ടില്ല.”

‘‘രോഷ്നിക്കെന്താ എന്നെ ഇഷ്ടപ്പെട്ടാൽ.’’ സുമന്റെ സ്വരം ഉയർന്നു.

ഇപ്പോൾ രോഷ്നിയുടെ മുഖത്ത് ചിരി പരന്നു.

അങ്ങനെ ചോദിക്കുന്നതുതന്നെ ബാലിശമല്ലേ? ഒരാൾക്കു വേറൊരാളോട് ഇഷ്ടം തോന്നുന്നതൊക്കെ ആരെങ്കിലും പറഞ്ഞിട്ടോ ബലം പിടിച്ചിട്ടോ ആണോ? അത് സ്വാഭാവികമായി സംഭവിക്കുന്നതല്ലേ? എന്തായാലും എനിക്കു സുമനോട് ഒരിക്കലും അങ്ങനെയൊരു ഇഷ്ടം തോന്നില്ല.”

“എനിക്കെന്താ ഒരു കുറവ്.. ആരോഗ്യമില്ലേ, സൗന്ദര്യമില്ലേ , സാമ്പത്തികമില്ലേ, ജോലിയില്ലേ. സുമൻ ചോദിച്ചു. അയാളുടെ ഗുണഗണങ്ങളെക്കുറിച്ച് താൻ എന്തിന് അനുകൂലിക്കുകയോ എതിർക്കുകയോ ചെയ്യണം എന്ന് രോഷ്നിക്കു തോന്നി. അല്ലെങ്കിലും സൗന്ദര്യമെന്നത് വ്യക്തിപരമല്ലേ? കാണുന്നവന്റെ കണ്ണിലാണല്ലോ സൗന്ദര്യം.

“പ്ലീസ്, മേലിൽ ഇക്കാര്യം സംസാരിച്ചുകൊണ്ട് എന്റെ പുറകേ വരരുത്.”

രോഷ്നി അങ്ങനെ പറഞ്ഞിട്ട് മുന്നോട്ടുനടന്നു.

പെട്ടെന്ന് പിറകിൽനിന്ന് സുമൻ വിളിച്ചുപറഞ്ഞു:

“എനിക്കറിയാമെടീ, നിന്റെ മനസ്സിൽ മറ്റവനാണെന്ന്.” മുറിവേറ്റവന്റെ സ്വരമായിരുന്നു അത്. അതിൽ പകയും വെറുപ്പും വിദ്വേഷവും ഉണ്ടായിരുന്നു.

മുന്നോട്ടുപോയ രോഷ്നിയുടെ കാലുകൾ നിശ്ചലമായി. അവൾ വലതുചുമലിലൂടെ ശിരസ്സുതിരിച്ചു ചോദ്യഭാവത്തിൽ അയാളെ നോക്കി.

“ആ തൈക്കിളവൻ. പണ്ടുമുതലേ അവനുമായി നീ ലോഹ്യത്തിലല്ലായിരുന്നോടീ. ഇപ്പോ കെട്ട്യോളുംകൂടി ഇല്ലാത്തപ്പോ രണ്ടുപേർക്കും കൂടുതൽ സൗകര്യമായി. ഞാനിതൊക്കെ എത്ര നാളായി കാണാൻ തുടങ്ങീട്ട്. ഒരു സനുച്ചേട്ടൻ. ത്ഫൂ...”

സുമൻ ബൈക്ക് സ്റ്റാർട്ടാക്കി അവളെ പകയോടെ നോക്കി കടന്നുപോയി. മാലിന്യം ദേഹത്തേക്ക് അപ്രതീക്ഷിതമായി തെറിച്ച ഭാവത്തിൽ വഴിയരികിൽ രോഷ്നി ഒറ്റയ്ക്കു നിന്നു.

ഈ സമയം സനൽ ക്ലാസെടുക്കാനായി പ്രവേശിക്കുകയായിരുന്നു.

“ഗുഡ് മോണിങ് സർ.” കുട്ടികൾ ഒന്നടങ്കം എണീറ്റ് അയാളെ അഭിവാദ്യം ചെയ്തു.

“ഗുഡ് മോണിങ്” അയാൾ പ്രത്യഭിവാദ്യം ചെയ്തു. കുട്ടികളെ നോക്കി നിന്നപ്പോൾ സനലിനു വല്ലാത്തൊരു തളർച്ച അനുഭവപ്പെട്ടു. തന്നെ ആകാംക്ഷയോടെ നോക്കിയിരിക്കുന്ന കുട്ടികൾ. എന്താണ് അവരോടു സംസാരിക്കേണ്ടത്? എന്താണ് താൻ അവരെ പഠിപ്പിച്ചുകൊണ്ടിരുന്നത്? സനലിന് ഒന്നും ഓർമിച്ചെടുക്കാൻ കഴിഞ്ഞില്ല. തലയ്ക്കുള്ളിൽ ഒരു ശൂന്യത വന്നു നിറയുന്നതുപോലെ. എന്നിട്ടും അയാൾ ടെക്സ്റ്റ് കൈയിലെടുത്തു. ഏതോ ഒരു പാഠഭാഗം നിവർത്തി. പക്ഷേ, ഒരു അക്ഷരവും അയാൾക്കു മുമ്പിൽ തെളിഞ്ഞുവന്നില്ല. സനൽ നിസ്സഹായനായി പാഠപുസ്തകം മടക്കി. പിന്നെ യുദ്ധക്കളത്തിൽ പോരാടാൻ കരുത്തില്ലാതെ പിന്മാറുന്ന ഒരു ഭടനെപ്പോലെ അയാൾ ക്ലാസിനു പുറത്തേക്കു നടന്നു. സനലിന്റെ ക്ലാസ് നിരീക്ഷിക്കാൻ വരാന്തയിൽ നില്ക്കുകയായിരുന്ന ഫാ. സെബാസ്റ്റ്യൻ അതു കണ്ടു.

ഈ മനുഷ്യന്റെ ഉള്ളിലെ സങ്കടത്തിന് എങ്ങനെയാണെന്റെ കർത്താവേ, അവസാനമുണ്ടാവുകയെന്ന് അച്ചൻ ഉള്ളിൽ നെടുവീർപ്പിട്ടു.


*(തുടരും)*




**സെപ്റ്റംബർ 26**
**ഏലിയ സ്ലീവാ മൂശ**
**അഞ്ചാം ഞായർ**

നിയ 9:1–6;2
ഏശ 25:1–8;3
ഫിലി 3:1–11
മത്താ 17:14–21

# വിജയിക്കുന്ന വിശ്വാസം





ഫാ. തോമസ്
പാട്ടത്തിൽച്ചിറ CMF

**കാ**ലം കണ്ട വിജയത്തിന്റെ ഏറ്റവും വിശിഷ്ടമായ അടയാളമാണ് കാൽവരിയിലെ കർത്താവിന്റെ കുരിശ്. ക്രൂശിതനിലും അവന്റെ കുരിശിലും ക്രിസ്തുശിഷ്യർ അർപ്പിക്കുന്ന വിശ്വാസവും ശരണവും വ്യർത്ഥമല്ല. ആകയാൽ, നസ്രായന്റെ കുരിശിനെ നമ്മുടെ ജീവിതത്തോടു കൂടുതൽ ചേർത്തുപിടിക്കാനുള്ള പ്രചോദനം വചനഭാഗങ്ങൾ പ്രദാനം ചെയ്യുന്നു.

ഒന്നാം വായനയിലെ ചിന്തകൾ വിജയത്തെക്കുറിച്ചുള്ള ചില അടിസ്ഥാനവിലയിരുത്തലുകളാണ്. ജയിച്ചവരെ പുകഴ്ത്തുകയും തോറ്റവരെ ഇകഴ്ത്തുകയും ചെയ്യുന്ന കാലമാണിത്. ജയിക്കുന്നവർക്കാണ് ബഹുമാനവും ബഹുമതിപത്രവുമൊക്കെ. അതുകൊണ്ടുതന്നെ നേട്ടങ്ങൾക്കായുള്ള നെട്ടോട്ടത്തിന്റെ ജനനപ്പേരല്ലേ ജീവിതം? ജീവിതത്തിൽ പലയിടങ്ങളിൽ 'വിജയം വരിച്ചു' എന്നു വമ്പു പറയുന്നവരാണ് നാം. പലതും 'നേടി' എന്ന് നാം അവകാശപ്പെടാറുമുണ്ട്. എന്നാൽ, നേട്ടങ്ങളൊക്കെയും ദൈവദാനങ്ങളും അവയ്ക്കു നിദാനം ദൈവകരുണയുമാണെന്ന ഒന്നാംപാഠം നാം ഓതിപ്പഠിക്കണം. നേടിയവയിലുള്ള അഹങ്കാരമല്ല, നല്കിയവനിലുള്ള അഭയമാണ് നിലനില്പിനാവശ്യം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത്തരം ബോധ്യങ്ങൾ സമ്മാനിക്കുന്നത് ശാശ്വതമായ വിജയമാണ്.

രണ്ടാം വായനയിലെ ചിന്തകൾ സുനിശ്ചിതമായ സങ്കേതവും കോട്ടയുമായി നിന്നുകൊണ്ട് വിജയം തരുന്ന കർത്താവിനോടുള്ള കൃതജ്ഞതാകീർത്തനമാക്കി ക്രൈസ്തവജീവിതത്തെ മാറ്റേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ളവയാണ്. കോട്ടയായ കർത്താവിനെ കൂട്ടുപിടിക്കുന്നവർക്ക് യാതൊരു കോട്ടവും തട്ടുകയില്ല. നമ്മുടെ ജീവിതക്കൊട്ടാരങ്ങൾക്കു ചുറ്റും കെട്ടിപ്പൊക്കിയിട്ടുള്ള കുട്ടിക്കോട്ടകൾ തട്ടിത്തകർക്കണമെന്ന വലിയൊരു അവബോധമാണിത്. സ്വർഗത്തിന്റെ സുരക്ഷിതത്വം നമുക്കില്ലെങ്കിൽ അരക്ഷിതത്വവും അനിശ്ചിതത്വവുമായിരിക്കും ആയുസ്സിൽ അധികവും. മലയാളത്തിലെ മനുഷ്യപ്പറ്റുള്ള നാമങ്ങളിലൊന്നാണ് നന്ദി. മിഴി നനയ്ക്കുന്ന മനോഭാവമാണ്. എഴുതുമ്പോഴുള്ള അശ്രദ്ധ 'നന്ദി'യെ 'നിന്ദ'യാക്കുന്നതുപോലെ നന്ദി പ്രദർശിപ്പിക്കുന്നതിലുള്ള അലസത നിന്ദയായി ഭവിക്കും. നേട്ടങ്ങൾ നല്കുന്ന നല്ല തമ്പുരാനു നന്ദി ചൊല്ലാനാവുന്നില്ലെങ്കിൽ നമ്മുടെ നാളുകൾക്കു മിച്ചമായി എന്തു നന്മയാണുള്ളത്?

മൂന്നാം വായനയിലെ ചിന്തകൾ തന്റെ ലൗകികനേട്ടങ്ങളെല്ലാം നസ്രായനെപ്രതി നഷ്ടങ്ങളാക്കി, ഭൗമികദൃഷ്ടിയിൽ 'ഭോഷൻ' ആയ ഒരു മനുഷ്യനെക്കുറിച്ചുള്ളവയാണ്. വാരിക്കൂട്ടിയവയൊക്കെയും വലിച്ചെറിഞ്ഞവൻ. ജഡികേഷ്ടങ്ങളെ ഉച്ഛിഷ്ടങ്ങളായി കരുതിയവൻ. താൻ നേടിയെടുത്ത ക്രിസ്തു എന്ന നിധിക്കുവേണ്ടി നിന്ദനങ്ങളും പ്രഹരങ്ങളുമേറ്റവൻ. മർദിതനായി മാറിയ മർദകൻ. പ്രതിസന്ധികളുടെ അലമാലകൾക്കിടയിലും വിശ്വാസത്തിന്റെ പലകത്തുമ്പിൽ പിടിച്ചുകിടന്നവൻ. അവന്റെ കണക്കുപുസ്തകത്തിൽ നഷ്ടങ്ങളുടെ നീണ്ട പട്ടികയുടെ ആകത്തുകയായി നസ്രായൻ എന്ന നേട്ടം മാത്രം. നാളിതുവരെ ക്രിസ്തുവിനെ നേടാൻ കഴിഞ്ഞിട്ടുണ്ടോ എന്നതാണ് അടിസ്ഥാനചോദ്യം. പണം, പേര്, പ്രശസ്തി മുതലായ ലൗകികസമ്പാദ്യങ്ങൾക്കുവേണ്ടി തലമുറകളായി കൈമാറിക്കിട്ടിയ വിശ്വാസപ്രമാണങ്ങളെ പരസ്യമായി പരിഹാസവിഷയങ്ങളാക്കുന്നവർ സ്വയം നിന്ദാപാത്രങ്ങളായി മാറുകയാണെന്നു മറക്കരുത്.

സുവിശേഷത്തിലെ ചിന്തകൾ കേവലമൊരു കടുകുമണിയെ ചുറ്റിപ്പറ്റിയുള്ളവയാണ്. കേടില്ലാത്ത വിശ്വാസത്തിന്റെ പ്രതീകമാണ് കടുകുമണി. 'കേടായ കടുക്' എന്നൊരു പ്രയോഗം സാധാരണമല്ല. ക്രിസ്തുവിലുള്ള വിശ്വാസം വിനാശത്തെ അതിജീവിക്കുന്നതാണ്. അതുകൊണ്ടുതന്നെ അവനിൽ അഭയം സമർപ്പിക്കുന്നവർ സന്ദേഹിക്കേണ്ടതില്ല. വിശ്വാസത്തിന്റെ വശ്യത അതിന്റെ അന്ധത തന്നെയാണ്. പൂർണവിശ്വാസത്തിനു പൂർണവിജയമാണ് പ്രതിഫലം. മനുഷ്യന്റെ സാധ്യതകൾ തീരുന്നിടത്തുനിന്നാണ് ദൈവത്തിന്റെ സാധ്യതകൾ തുടങ്ങുന്നതും തുടരുന്നതും. ക്രിസ്ത്യാനിയുടെ വിശ്വാസപ്രമാണങ്ങൾ കാലപ്പഴക്കത്തിൽ പൂത്തുപോകുന്നവയല്ല, കാലാന്ത്യത്തോളം പൂത്തുപരിലസിച്ചു നില്ക്കുന്നവയാണ്. ക്രൈസ്തവവിശ്വാസത്തെ പരാജയപ്പെടുത്താനുള്ള പാഴ്ശ്രമങ്ങളാണ് പല മേഖലകളിലും നടക്കുന്നത്. കൊവിഡ് മഹാമാരി കൂടെക്കൊണ്ടുവന്ന മാനദണ്ഡങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി മതഭേദമെന്യേ വിശ്വാസികളുടെ ജീവിതത്തെ അവിശ്വാസത്തിന്റെ 'മാസ്ക്' അണിയിക്കാൻ ദൈവദ്വേഷികളും വിശ്വാസവിരോധികളുമായവർ കരുക്കൾ നീക്കുന്നുണ്ടോയെന്ന സംശയത്തിൽ അതിശയമുണ്ടോ? ആരാധനാലയങ്ങളും ആത്മീയാഭ്യാസങ്ങളും കൂദാശകളും കൂട്ടായ്മകളുമൊന്നും ഇല്ലെങ്കിലും കുഴപ്പമൊന്നുമില്ല എന്ന തെറ്റുധാരണ ചുരുക്കം ചിലരിലെങ്കിലും ഉളവാക്കാൻ ലോക്ഡൗൺ കാലത്തെ ആരാധനാലയസംബന്ധമായ നിബന്ധനകൾ കാരണമായിട്ടുണ്ട്. ഒപ്പം, ക്രിസ്തീയവിശ്വാസത്തെ ഉന്മൂലനം ചെയ്യാൻ ചില മതഭ്രാന്തർ ആഗോളതലത്തിൽ ആസൂത്രണം ചെയ്തു വരുന്ന ആക്രമണപരമ്പരയും.

മനുഷ്യമനീഷയ്ക്ക് അഗ്രാഹ്യങ്ങളാണ് ക്രൈസ്തവവിശ്വാസസത്യങ്ങളും അവയുടെ വിവിധ തലങ്ങളും. കന്യകയിൽ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥൻ, ക്രൂശിക്കപ്പെട്ട ദൈവം, തിരിച്ചുവന്ന മരിച്ചവൻ, അവന്റെ ശരീരരക്തങ്ങളായി മാറുന്ന അപ്പവും വീഞ്ഞും, കുമ്പസാരത്തിലൂടെയുള്ള പാപപ്പൊറുതി എന്നിവയൊക്കെ ഉൾക്കൊള്ളാനാവാത്തവർക്ക് ചില സമൂഹമാധ്യമങ്ങളുടെയും ചന്തച്ചാനലുകളുടെയും മഞ്ഞച്ചില്ലകളിലിരുന്നു ചുമ്മാ കൊഞ്ഞനം കുത്താനേ കഴിയൂ. അത്തരം കപിക്രിയകൾക്കു കഫവിലപോലും കല്പിക്കേണ്ടതില്ല. എന്നാൽ, കടൽപ്പരപ്പുകളിലൂടെ കാലടികളൂന്നി, കല്ലറയും കടന്നുപോയവനിലുള്ള 'കട്ട' വിശ്വാസം ഓരോ ക്രിസ്ത്യാനിയുടെയും വിശുദ്ധ ശ്വാസമാണ്. അസാധ്യതകളെ കാൽക്കീഴിലാക്കി നടക്കാൻ കഴിവുള്ള കർത്താവിനെ വിശ്വാസത്തിന്റെ വിരലുകൾകൊണ്ട് മുറുകെപ്പിടിച്ചു നമുക്കു മുന്നേറാം. കാവൽമാലാഖമാർ കണിശമായും കൂട്ടിനുണ്ടാകും. നമ്മുടേതായ ജീവിതത്തുറകളിൽ തലയുയർത്തി നില്ക്കുന്ന വിജയിക്കുന്ന വിശ്വാസത്തിന്റെ വിളക്കുമരങ്ങളാകാം. ഓർക്കണം, 'വിശ്വാസം അതല്ലേ എല്ലാം?' എന്ന 'ചോദ്യ'മല്ല, 'വിശ്വാസം, അതാണ് എല്ലാം' എന്ന 'ബോധ്യ'മാണ് പ്രസക്തവും പ്രധാനവും.


■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ജസിമോൾ തോമസ്**
**വടക്കേമുറിയിൽ**
**തിടനാട്**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ജസിമോൾ തോമസ്**
**വടക്കേമുറിയിൽ**
**തിടനാട്**

17
പ്രകൃതിക്കൊരു പുനർവായന

# ഇതു പാടമല്ല എന്റെ ഹൃദയമാണ്





മാത്യു എം. കുര്യാക്കോസ്

ഒരു ആറ്റുതീരമോ, ഒരു വയൽക്കരയോ എന്നതായിരുന്നു വീട് എന്നത് ഒരു സ്വപ്നമായി മനസ്സിൽ ഉറച്ചപ്പോൾ എടുത്ത ആദ്യതീരുമാനം. ദൈവാനുഗ്രഹംകൊണ്ട് വയൽക്കരയിൽത്തന്നെ വീടു കെട്ടാനുള്ള ഭാഗ്യമുണ്ടായി. വീടിന്റെ ഉമ്മറത്തിരുന്ന് ഇന്നു വയലിലേക്കു നോക്കുമ്പോൾ 'വയലും വീടും' എന്ന ആകാശവാണി പ്രോഗ്രാമിന്റെ അർത്ഥതലങ്ങൾ മനസ്സിലായിത്തുടങ്ങി. വീടിന്റെ നിലനില്പുതന്നെ വയലുമായുള്ള ഒരു ബന്ധത്തിലാണ്. സമ്പന്നമായ ഒരു സംസ്കാരത്തിന്റെ ഈറ്റില്ലംതന്നെയാണത്. വയൽ പങ്കുവയ്ക്കുന്നത് സാഹോദര്യമാണ്, ഭക്ഷണമാണ്, ജലമാണ്, നല്ല വായുവാണ്, നല്ല നല്ല കാഴ്ചകളാണ്...

നിലം ഉഴുന്ന കാഴ്ച, വിത്തെറിയുന്ന കാഴ്ച, കള പറിക്കുന്ന കാഴ്ച, കതിരണിയുന്ന കാഴ്ച, കൊയ്യുന്ന കാഴ്ച, മെതിക്കുന്ന കാഴ്ച... ഞൗണിക്കയും തവളയും തുമ്പിയും ചിത്രശലഭങ്ങളും! പാറിപ്പറക്കുന്ന എത്രയോതരം പക്ഷികൾ; ഇവിടെങ്ങുമില്ലാത്ത, കണ്ണിനു കൗതുകമുള്ള കിളിക്കൂട്ടങ്ങൾ. ദേശാടനപ്പക്ഷികൾ!... കാഴ്ചകൾക്കൊപ്പം പല തരത്തിലുള്ള ഈണങ്ങളും... വിതപ്പാട്ടായും കൊയ്ത്തുപാട്ടായും കാതിലെത്തുന്നു. ഇക്കാലം കഴിഞ്ഞാലോ? വയലുനിറയെ പശുക്കളും കിടാങ്ങളും... അവയ്ക്കിടയിലൂടെ പന്തുരുട്ടി നീങ്ങുന്ന കരുമാടിക്കുട്ടന്മാർ. ഇത്തരം കുതൂഹലങ്ങൾക്കിടയിൽ വീടും ഉണരുകയായി... പത്തായം നിറയുകയായി... പുന്നെല്ലിന്റെ മണമുള്ള ദിനങ്ങൾ. വൈക്കോൽ തുറു വണ്ണം വച്ചു തുടങ്ങും. പശുവിന്നകിട്ടിലെ പാലിനും കനംവയ്ക്കും. കർഷകന്റെ സ്വപ്നങ്ങൾ ചിറകടിച്ചുയരും. വീട്ടിലെത്തുന്നവർക്കെല്ലാം ആതിഥ്യത്തിന്റെ ആഹ്ലാദങ്ങൾ അനുഭവമാകും. ഇടവേളയിൽ പയറിട്ട് വീണ്ടും വയൽ സജീവമാകും. വീടിനടുക്കളയിൽ ശുദ്ധമായ പയറുകറിയുടെ ഗന്ധം... ചാത്തനും ചോതിയും മത്തായിയും റോസിയും അഹമ്മദും ഖദീജയും; പേരിന്റെ വൈവിധ്യങ്ങൾക്കപ്പുറം ഒന്നുപോലെ അധ്വാനിക്കുന്ന – ജീവിക്കുന്ന ഇടം. മനുഷ്യാധ്വാനത്തിന്റെയും പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും ഒരു മാനവസംസ്കാരം ഓരോ വയലും അടയാളപ്പെടുത്തുന്നുണ്ട്. മതിലുകളേതുമില്ലാതെ ഇത്രമേൽ ജീവിതവൈവിധ്യത്തെ സമ്പന്നതയോടെ ഉൾക്കൊള്ളുന്ന മറ്റേത് കരഭൂമിയുണ്ട് നമുക്കീ ലോകത്ത്? ഒരു പൊതുഇടം എന്നു വിശേഷിപ്പിക്കാവുന്ന രീതിയിൽ സ്വാതന്ത്ര്യത്തോടെ സഞ്ചരിക്കാവുന്ന മറ്റേത് സ്വകാര്യഭൂമിയുണ്ട് കേരളത്തിൽ വയലുകളല്ലാതെ!! വയൽ ഒരു കൃഷിസ്ഥലം എന്നതിനുമപ്പുറം ഒരു പ്രദേശത്തെ ജലത്തിന്റെ അക്ഷയസ്രോതസുകളാണെന്നറിയണം. പരിസ്ഥിതിയെ സംബന്ധിച്ച് നിതാന്തജാഗ്രതയോടെ സംരക്ഷിക്കപ്പെടേണ്ട 'ഹോട്ട് സ്പോട്ട്!'

വയലുകളെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവയ്ക്കാം. 1970–71 കാലഘട്ടത്തിൽ 8.76 ലക്ഷം ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്തിരുന്ന കേരളമിന്ന് വെറും രണ്ടു ലക്ഷം ഹെക്ടറിലേക്കു ചുരുങ്ങിപ്പോയതിനു കാരണം മാറി മാറി വന്ന സർക്കാരുകളുടെ വിവേചനരഹിതമായ നയങ്ങളാണ് എന്ന വിദഗ്ധരുടെ വിമർശനം നമ്മുടെ മുമ്പിലുണ്ട്. നിലനില്ക്കുന്ന നെൽപ്പാടങ്ങളെയെങ്കിലും സംരക്ഷിക്കുവാൻ, അച്യുതാനന്ദൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾക്ക് തുടർച്ച നൽകുവാൻ പിന്നീട് മാറി മാറി വന്ന ഗവൺമെന്റുകൾക്കു കഴിഞ്ഞില്ല. എന്തൊക്കെ ന്യായീകരണങ്ങൾ നടത്തിയാലും അപകടത്തിലായത് കേരളസമൂഹത്തിന്റെ ഭക്ഷ്യസുരക്ഷ മാത്രമല്ല, പാരിസ്ഥിതികസുരക്ഷയും കൂടിയാണെന്നോർമ്മിക്കുക. ഓഖി ചുഴലിക്കാറ്റും, തുടർച്ചയായി വന്ന വെള്ളപ്പൊക്കക്കെടുതികളും, കാലാവസ്ഥാവ്യതിയാനവുമൊക്കെയായി പൊതുവെ നിലവിൽ കൃഷിക്കനുകൂലമല്ലാത്ത ഒരു സാഹചര്യമുണ്ട്. അതിനൊപ്പം, 2018 ൽ ഭേദഗതി ചെയ്ത കേരളനെൽവയൽ നീർത്തടസംരക്ഷണനിയമത്തിലെ പല അനുച്ഛേദങ്ങളും നെൽവയൽസംരക്ഷണനിയമത്തെ നെൽവയൽസംഹാരനിയമമാക്കിത്തീർത്തു എന്ന ആക്ഷേപവും കൂടിയാകുമ്പോൾ–വരും നാളുകളിൽ കേരളം അന്നത്തിനും വെള്ളത്തിനുംവേണ്ടി മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടുന്ന ഗതികേടിലെത്തും. ഇപ്പോൾത്തന്നെ അന്നന്നത്തെ അന്നത്തിനുവേണ്ടി ആന്ധ്രാപ്രദേശ്, തമിഴ്നാട്, ബീഹാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. ഒരു വർഷം 40 ലക്ഷം ടൺ അരി നമുക്കാവശ്യമുള്ളപ്പോൾ തദ്ദേശീയമായി ഉത്പാദിപ്പിക്കാനാകുന്നത് വെറും 8 ലക്ഷം ടൺ അരി മാത്രമാണ്.

ആശങ്കകൾക്കു നടുവിലും ചില പച്ചത്തുരുത്തുകൾ ആശ്വാസമേകുന്നു. 'കുടുംബശ്രീ' പദ്ധതികൾവഴി നെൽകൃഷി വ്യാപകമാക്കാനുള്ള ശ്രമങ്ങളാണത്. ജലരേഖയായി മാറാതിരിക്കാനുള്ള ജാഗ്രത ഉണ്ടാകണമെന്നു മാത്രം. എക്സ്പ്രസ് ഹൈവേയ്ക്കുവേണ്ടി നഷ്ടപ്പെടുന്ന 250 ഏക്കറോളം നെൽപ്പാടങ്ങളെ എങ്ങനെ പുനർനിർമ്മിക്കാം എന്നുള്ള ചിന്തയും ആവശ്യമാണ്. ഭക്ഷ്യപ്രതിസന്ധിയെ മാത്രമല്ല ആരോഗ്യപ്രതിസന്ധിയെപ്പോലും മറികടക്കാനാകുന്നവിധം പാലക്കാട് ജില്ലയിൽ 80 ഏക്കർ സ്ഥലത്ത് പൂർണമായും ജൈവരീതിയിൽ നെൽകൃഷി ചെയ്ത് നാടൻ അരിവിഭവങ്ങൾ 'നാച്ചുറൽ എഡിബിൾസ്' എന്ന പേരിൽ മാർക്കറ്റു ചെയ്യുന്ന ബിജി അബുബേക്കർ എന്ന യുവസംരംഭക ഈ തലമുറയ്ക്കു മാതൃകയാണ്. താരപരിവേഷമുള്ള മമ്മൂട്ടിയും ശ്രീനിവാസനുമൊക്കെ കാണിക്കുന്ന നെൽകൃഷിയോടുള്ള ആഭിമുഖ്യവും യുവജനങ്ങൾക്കു പ്രചോദനാത്മകമാണ്. സുഭാഷ് പലേക്കറുടെ സീറോ ബജറ്റ് കൃഷിരീതിയും ഹിലാലിന്റെ നെൽകൃഷിസമ്പ്രദായങ്ങളും മനസ്സിലാക്കാനുള്ള അവസരങ്ങൾ ധാരാളമുണ്ടിന്ന്. ഉച്ചയ്ക്കു കൈയും കഴുകി ചോറിനു മുന്നിലിരുന്ന് സ്വാദോടെ ഭക്ഷണം കഴിക്കുന്ന മലയാളിയായി മാത്രം മാറാതെ മറ്റുള്ളവർക്ക് ആരോഗ്യമുള്ള ഭക്ഷണം കൊടുക്കുന്ന അധ്വാനികളുംകൂടിയാകാൻ നാം ശ്രമിക്കണം. വർഷങ്ങൾക്കുമുമ്പ്, പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറിയിലെ ചുണക്കുട്ടന്മാർ 'നെല്ലറിവ് നല്ലറിവ്' എന്ന പദ്ധതിയിലൂടെ പാടത്തിറങ്ങി നിലമുഴുത് വരമ്പുവച്ച്, വിത്തിട്ട്, കളപറിച്ച്, ചാരം വിതറി, കൊയ്തെടുത്ത നെല്ലിന്റെ ഗന്ധവും കുട്ടികളുടെ വിയർപ്പും മനസ്സിൽ ഇന്നും പച്ചപിടിച്ചു നിൽക്കുന്നു.

മണ്ണിനോടും മനുഷ്യനോടുമുള്ള പ്രണയംകൊണ്ട് നെൽപ്പാടങ്ങളിൽ വീണ്ടും വീണ്ടും കൃഷി ചെയ്ത് കടംകേറി രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബദ്ധപ്പെടുന്ന സാധാരണകർഷകന്റെ നിലവിളികൾക്ക് ഉത്തരം ലഭിക്കണം. സബ്സിഡിയും ഇൻസന്റീവും നൽകി സംരക്ഷിക്കണം വംശനാശഭീഷണി നേരിടുന്ന ഈ കർഷകജനുസുകളെ. അല്ലെങ്കിൽ ഒരു മഹാസംസ്കാരത്തിന് ചരമഗീതം എഴുതേണ്ടിവരും. പിന്നാമ്പുറങ്ങളിലെവിടെയോ ഒരു വിലാപം കേൾക്കുന്നു:

"ഇതു പാടമല്ലെന്റെ ഹൃദയമാണ്..."

■

# ഇടയനോടൊപ്പം



ജോയ് കെ. മാത്യു

പലസ്തീനായിലെ ഇടയന്മാർ ആടുകളോടൊപ്പം യാത്രയിലാണ്. ഒരു സ്ഥലത്തുനിന്ന് അടുത്ത സ്ഥലത്തേക്ക് നല്ല മേച്ചിൽപ്പുറങ്ങൾ തേടിയുള്ള യാത്ര. ഈ യാത്രയിൽ അവർ മാസങ്ങളോളം മരുഭൂമിയുടെ വന്യതയിൽ സമയം ചെലവഴിക്കേണ്ടിവരും. അത്തരം യാത്രയുടെ രാത്രികാലങ്ങളിൽ അവർ ആടുകളെ ഗുഹയ്ക്കുള്ളിലാക്കിയിട്ട് അടയ്ക്കാൻ സാധിക്കാത്ത ഗുഹാകവാടത്തിൽ കിടന്നുറങ്ങും. ആടുകൾക്കു പുറത്തുപോവണമെങ്കിലും ചെന്നായ് ഉൾപ്പെടെയുള്ള വന്യജീവികൾക്ക് അകത്തുകടന്ന് ആടുകളെ ഇരയാക്കണമെങ്കിലും ഇത്തരം കാവൽക്കാരായ ഇടയന്മാരെ കടന്നുവേണം പോകുവാൻ. ഗുഹയ്ക്കുള്ളിൽ സുരക്ഷിതത്വത്തിൽ കഴിയുന്ന ആടുകൾക്കും ഗുഹയ്ക്കു വെളിയിലെ വന്യതയ്ക്കും ഇടയിലെ വാതിലും കാവലുമാണ് ഇത്തരം ഇടയന്മാർ. ഗുഹയ്ക്കു കുറുകെ കിടക്കുന്ന വാതിൽ. സ്നേഹത്തിന്റെയും കരുതലിന്റെയും കാവലിന്റെയും പ്രതിരൂപമായ ഇടയൻ. എപ്പോൾ ഇടയൻ ഉറങ്ങുന്നുവോ ആലസ്യത്തിലാകുന്നുവോ അത്തരം സന്ദർഭങ്ങളിൽ ഗുഹയിലെ സുരക്ഷിതത്വത്തിൽനിന്നു പുറത്തെ വന്യതയുടെ ചതിക്കുഴികൾ അറിയാതെ ഇടയനെ ഒളിച്ചു പുറത്തു കടക്കുന്ന ആട് വന്യതയിലെ ക്രൂരതയ്ക്കിരയാകും. അതിനാൽ, വാതിലിനു കുറുകെ കിടക്കുന്ന ഇടയൻ ആടിന്റെ കാവൽക്കാരനും സംരക്ഷകനുമാണ്.

നമ്മുടെയൊക്കെ ഭവനങ്ങളിൽ ഇത്തരത്തിൽ സംരക്ഷണം നൽകുന്ന, സ്നേഹം പകരുന്ന, കാവലാകുന്ന ഇടയന്മാരുണ്ട്. നമ്മുടെ മക്കൾക്ക്, സഹോദരങ്ങൾക്ക്, മറ്റു പ്രിയപ്പെട്ടവർക്ക് കാവലായും കരുതലായും നിലകൊള്ളുന്ന സ്നേഹത്തിന്റെ കാവൽഭടന്മാർ. ഇത്തരം ഇടയന്മാർ ഉള്ളയിടങ്ങളിൽനിന്നു പുറത്തെ മായക്കാഴ്ചകളിലേക്കും ഭ്രമിപ്പിക്കുന്ന അന്തരീക്ഷങ്ങളിലേക്കും നമ്മുടെ പ്രിയപ്പെട്ടവർ വഴിമാറിപ്പോവില്ല. കുടുംബങ്ങളിലെ അഭയം നൽകുന്ന, സ്നേഹം പ്രസരിപ്പിക്കുന്ന ഇടയന്മാരായി ഓരോരുത്തരും മാറണം.

നൂറ് ആടുകളിൽ ഒന്നിനെപ്പോലും നഷ്ടമാകാൻ ആഗ്രഹിക്കാത്ത, ഒരു വലിയ ഇടയസങ്കല്പവും ബൈബിളിലുണ്ട്. കൂട്ടത്തിൽനിന്നു വഴിതെറ്റി മറ്റു ജീവികൾക്ക് ഇരയാവാൻ സാധ്യതയുള്ള ആടിനെ തേടിപ്പിടിക്കുന്ന ഇടയനും ബൈബിളിൽ നമുക്കു സുപരിചിതമാണ്.

പാലാ രൂപതയുടെ വലിയ ഇടയൻ തന്റെ അജപാലനകർമത്തിന് ഏല്പിച്ചുകിട്ടിയ ആടുകളുടെ നന്മയും സുരക്ഷിതത്വവും ആഗ്രഹിച്ചുവെങ്കിൽ, അവരെ തന്റെ സംരക്ഷണത്തിനുപുറത്തുള്ള മായക്കാഴ്ചകളും ഭ്രമിപ്പിക്കുന്ന വന്യതയും ഓർമിപ്പിക്കുന്നുവെങ്കിൽ, അതിനെതിരേ ജാഗരൂകരാകണമെന്ന് ഉദ്ബോധിപ്പിക്കുന്നുവെങ്കിൽ മറ്റുള്ളവർ എന്തിന് അതിനെക്കുറിച്ചു വേവലാതിപ്പെടണം?

മലർക്കെത്തുറന്നിട്ട് കാക്കാൻ കാവലില്ലെങ്കിൽ അതൊരു സാധ്യതയാണ്, പുറമേനിന്നു കയറിവരുന്നതിനും പുറത്തെ മായക്കാഴ്ചകളിലേക്ക് ഇറങ്ങിപ്പോകുന്നതിനും. തന്റെ ആടുകളെ ആരും കയറി ആക്രമിക്കാതിരിക്കാനും ഒന്നുപോലും നഷ്ടമാവാതിരിക്കുന്നതിനുമായി ഇടയൻ ചില കാര്യങ്ങൾ ആടുകളെ ബോധ്യപ്പെടുത്തുന്നത് മറ്റുള്ളവർക്ക് അലോസരമായെങ്കിൽ, ആർക്കെങ്കിലുമൊക്കെ അവരുടെ സാധ്യതകൾ അടയുന്നുണ്ട് എന്നു തോന്നിയെങ്കിൽ അവിടെ എന്തോ തകരാറുണ്ട്. ഇടയൻ ആടുകളുമായി പങ്കുവയ്ക്കുന്ന സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ പുറത്തുള്ള ശത്രുക്കൾക്ക് ഇഷ്ടമാകാനല്ലല്ലോ പറയുന്നത്.

പാലാ രൂപതയുടെ നല്ല ഇടയൻ ആടുകളുടെ നന്മയ്ക്കായി, കരുതലിനായി, കാവലിനായി, അവരോടു മാത്രമായി സ്നേഹപൂർവം പറഞ്ഞ കാര്യങ്ങളോടൊപ്പം ആടുകൾ ഒന്നടങ്കം ഉണ്ടായിരിക്കും.

*(ലേഖകൻ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത വൈസ് പ്രസിഡന്റാണ്)*

Deepanalam Weekly
RNI No : 16998/68
Vol. 54 No. 25 Date of Publication 16 Sept 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

എല്ലാവിധ ആയുർവ്വേദഔഷധങ്ങൾക്കും ചികിത്സയ്ക്കും
കുറിച്ചിത്താനം ആയുർവ്വേദ വൈദ്യശാല
കുരിശുപള്ളിക്കവല, പാലാ Ph: 04822-211679, 9447571650
വെരിക്കോസ് വെയിൻ, വെരിക്കോസ് അൾസർ എന്നിവയ്ക്ക് ചികിത്സ ലഭ്യമാണ്
ധന്വന്തരി വൈദ്യശാല (തൊടുപുഴ)യുടെ പാലായിലെ അംഗീകൃതഏജൻസി

Thanks to the whole -hearted support and co-operation for the past few years
SURYA DRUGS
Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)
WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!
മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ, Phone: 212498 , 211028
സഹോദരസ്ഥാപനം: മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2008 Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

HOT WHEELS
BICYCLES, E-BIKES, TYRES, SPARES, ACCESSORIES
Kattakayam Building, Kattakayam Road, Palai
+(91) 7025603991
hwpalai@gmail.com

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org